ബൈബിൾ തീർത്ഥാടനം 6

# ലേവ്യർ



ഡോ. മൈക്കിൾ കാരിമറ്റം

MAR LOUIS PUBLICATIONS



ഡോ. മൈക്കിൾ
കാരിമറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

# ലേവ്യർ

സർവ്വസൃഷ്ടികൾക്കും അതീതനും അവയിൽ നിന്നെല്ലാം വ്യത്യസ്തനും എന്നാൽ, എല്ലാറ്റിനും അസ്തിത്വവും ജീവനും നൽകുന്നവനുമാണ് ദൈവം. പരിശുദ്ധൻ എന്ന വിശേഷണം ഇതാണ് അർത്ഥമാക്കുക. ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള ആഴമേറിയ അവബോധം വിശ്വാസികളിൽ ഉളവാക്കുകയാണ് ലേവ്യപുസ്തകത്തിന്റെ ഒരു ലക്ഷ്യം. പരിശുദ്ധനായ ദൈവത്തോടു രമ്യതയിലെത്താൻ പാപിയായ മനുഷ്യനെ സഹായിക്കുകയാണ് ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന നിയമങ്ങളുടെ മുഖ്യമായ ഉദ്ദേശ്യം."നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5, 48) എന്ന യേശുവിന്റെ വാക്കുകളിൽ ലേവ്യപുസ്തകത്തിന്റെ മുഴുവൻ സന്ദേശവും പ്രസക്തിയും സംഗ്രഹിച്ചിരിക്കുന്നു.

ISBN 978-81-945351-1-9

9 788194 535119

Mar Louis Publications
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
e-mail:mlpekam@gmail.com

ബൈബിൾ തീർത്ഥാടനം - 7

# ലേവ്യർ

മൈക്കിൾ കാരിമറ്റം

Bible Pilgrimage 7

Leviticus

(Malayalam)

Michael Karimattam

Published by

Divine Retreat Centre

Muringoor, Chalakudy.

Printed at:

Divine Printers & Publishers Muringoor Chalakudy

First Published: January 1995

All Rights Reserved with the author

No part of this book may be reproduced in any manner

without the written permission of the author

Price Rs. 10.00

# ഉള്ളടക്കം

**ആമുഖം**

പേര് - ഗ്രന്ഥകർത്താവ് - കാലം

പ്രാധാന്യവും പ്രസക്തിയും - ഘടന

**1. ബലിയർപ്പണം (അധ്യായം 1-7)**

1. ദഹനബലി
2. ധാന്യബലി
3. സമാധാനബലി
4. പാപപരിഹാരബലി
5. പ്രായശ്ചിത്തബലി

**2. പൗരോഹിത്യം (8-10)**

1. അഭിഷേകം
2. പുരോഹിത ശുശ്രൂഷ
3. പുരോഹിതരുടെ പാപം

**3. ശുദ്ധിയും ശുദ്ധീകരണവു (11-15)**

1. ആഹാരശുദ്ധി
2. ലൈംഗികശുദ്ധി
3. ത്വക്രോഗങ്ങളും ശുദ്ധീകരണവും

**4. പാപപരിഹാരദിന (16)**

തിരുന്നാളിന്റെ ഉത്ഭവം - കർമ്മാനുഷ്ഠാനങ്ങൽ

**5. വിശുദ്ധിയുടെ നിയമങ്ങൾ (17-27)**

1. ബലിയും രക്തവും
2. ലൈംഗികതയുടെ വിശുദ്ധി

3. സാമൂഹ്യനീതി

4. വിവിധ ശിക്ഷകൾ

5. പുരോഹിത വിശുദ്ധി

6. തിരുനാളുകൾ

7. ചില നിയമങ്ങൾ

8. വിശുദ്ധ വത്സരങ്ങൾ

9. അനുഗ്രഹങ്ങളും ശിക്ഷകളും

# ലേവ്യർ

# ആമുഖം

## 1. പേര്

ബൈബിളിലെ മൂന്നാമത്തെ പുസ്തകം ലേവ്യർ എന്ന പേരിൽ അറിയപ്പെടുന്നു. ലേവീഗോത്രജരായ പുരോഹിതന്മാർ അറിഞ്ഞിരിക്കേണ്ടതു അനുഷ്ഠിക്കേണ്ടതുമായ നിയമങ്ങളും ആചാരക്രമങ്ങളും അവതരിപ്പിക്കുന്നതിനാൽ പുസ്തകത്തിന്റെ ഉള്ളടക്കക്കെ സൂചിപ്പിക്കാൻ ഈ പേരു സഹായിക്കും. പഴയ നിയമം ഗ്രീക്കു ഭാഷയിലേക്കു വിവർത്തനം ചെയ്തവർ 'ലേവ്യരെ സംബന്ധിക്കുന്നവ' എന്ന്ർത്ഥമുള്ള ലെവിത്തിക്കോൺ (Leviticon) എന്ന പേരു നൽകി. ലത്തീനിൽ ഇതിനെ ലെവിത്തിക്കൂസ്(Leviticus) എന്നു വിവർത്തനം ചെയ്തു. ഇംഗ്ലീഷിലും ഇതേ പേരു തന്നെ ഉപയോഗിക്കുന്നു. എന്നാൽ മൂലഭാഷയായ ഹീബ്രുവിൽ പുസ്തകത്തിന്റെ ആദ്യവാക്കായ 'വയ്യിഖ്റാ' എന്ന പദം പുസ്തകത്തിന്റെ പേരായി ഉപയോഗിക്കുന്നു. 'അവൻ വിളിച്ചു' എന്നാണ് ഇതിന്റെ അർത്ഥം. വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണ് തങ്ങൾ എന്ന് അനുസ്മരിപ്പിക്കാനും, ഗ്രന്ഥത്തിൽ വിവരിക്കുന്ന നിയമങ്ങൾ അനുസരിച്ചുകൊണ്ട് വിശുദ്ധരായി ജീവിക്കാൻ പ്രേരിപ്പിക്കാനും ഈ പേര് കൂടുതൽ പര്യാപ്തമാണ്.

## 2. ഗ്രന്ഥ കർത്താവ് – കാലം

സീനായ് മലയുടെ അടിവാരത്തു സ്ഥാപിച്ച സാക്ഷ്യകൂടാരത്തിൽ വച്ച് ദൈവം മോശയ്ക്ക് ഈ നിയമങ്ങൾ മുഴുവൻ വെളിപ്പെടുത്തി എന്ന പ്രതീതി ജനപിര്രിക്കുന്ന വിധത്തിലാണ് പുസ്തകം രചിച്ചിരിക്കുന്നത്. ''കർത്താവ് മോശയോട് അരുളിച്ചെയ്തു" എന്ന പ്രസ്താവന ഒരു പല്ലവി പോലെ ഓരോ അധ്യായത്തിന്റെയും ആരംഭത്തിൽ ആവർത്തിക്കുന്നുണ്ട്. ഇസ്രായേലിന്റെ നിയമം മുഴുവൻ മോശ വഴി ദൈവം നൽകിയതാണ് എന്ന വിശ്വാസം ഈ പദപ്രയോഗത്തിൽ പ്രതിഫലിക്കുന്നു. എന്നാൽ, ലേവ്യ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നിയമങ്ങളെല്ലാം അതേ പടി മോശ തന്നെ എഴുതിയതിയാതാണ് എന്ന്

ഇത് അർത്ഥമാക്കുന്നില്ല. പുറപ്പാടു പുസ്തകത്തിൽ ഉടമ്പടിയുടെ നിയമങ്ങളെക്കുറിച്ചു കണ്ട കാര്യങ്ങൾ ഇവിടെയും പ്രസക്തമാണ്.

പഞ്ചഗ്രന്ഥത്തിന്റെ പിന്നിലുള്ള നാലു പാരമ്പര്യങ്ങളിൽ ഒന്നായ പുരോഹിതപാരമ്പര്യത്തിൽപ്പെട്ടതാണ് ലേവ്യപുസ്തകം. ബി.സി. അഞ്ചാം നൂറ്റാണ്ടിലാണ് ഇതിന്റെ രചന പൂർത്തിയായത് എന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അനേകം നിയമസംഹിതകളുടെ ഒരു സമാഹാരമാണ് ഈ പുസ്തകം. നൂറ്റാണ്ടുകളിലൂടെ, വ്യത്യസ്ത സാഹചര്യങ്ങളിൽ രൂപപ്പെട്ട നിയമങ്ങൾ ഇവിടെ ഒരുമിച്ചു ചേർത്തിരിക്കുന്നു.

മരുഭൂമിയിലെ കൂടാരം, സോളമന്റെ ദേവാലയം, ജോസിയാ രാജാവിന്റെ മതനവീകരണം, ബാബിലോൺ പ്രവാസം, പുതിയ ദേവാലയത്തിലെ ശുശ്രൂഷകൾ എന്നിവയുടെയെല്ലാം സ്വാധീനം ഈ നിയമസംഹിതകളിൽ കാണാം. പ്രവാസികളോടു പ്രസംഗിച്ച പുരോഹിതനും പ്രവാചകനുമായ എസെക്കിയേലും, പ്രവാസത്തിനുശേഷം ഇസ്രായേലിൽ മതനവീകരണത്തിനു നേതൃത്വം നൽകിയ എസ്രാ, നെഹമിയാ മുതലായവരും അവരുടെ ശിഷ്യഗണവും വേല്യപുസ്തകത്തിന്റെ രചനയിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

## 3. പ്രാധാന്യവും പ്രസക്തിയും

നിയമം, പ്രവാചകന്മാർ, ലിഖിതങ്ങൾ എന്നിങ്ങനെ യഹൂദർ ബൈബിളിനെ മൂന്നു ഭാഗങ്ങളായി തിരിക്കുന്നു. ഇതിൽ നിയമം അഥവാ "തോറാ" എന്നു വിളിക്കുന്ന പഞ്ചഗ്രന്ഥത്തിനാണ് അവർ ഏറ്റം കൂടുതൽ പ്രാധാന്യം നലൽകുന്നത്. പഞ്ചഗ്രന്ഥത്തിന്റെ കേന്ദ്രമാണ് നിയമപുസ്തകമായ ലേവ്യർ. അതിനാൽ ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ട പുസ്തകമായി ലേവ്യപുസ്തകം കരുതപ്പെടുന്നു. ദൈവം തങ്ങൾക്കു നൽകിയ ഏറ്റം വലിയ ദാനമായിട്ടാണ് യഹൂദർ നിയമത്തെ പരിഗണിക്കുന്നത്. ദൈവകൃപയാൽ നിലനിൽക്കാനും അവിടുത്തെ പ്രീതിക്കർഹരാകാനും എന്തു ചെയ്യണമെന്ന് നിയമം പഠിപ്പിക്കുന്നു. "ഞാൻ

ഇന്നു നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന നിയമസംഹിതയിലേതു പോലെ നീതിയുക്തമായ നിയമങ്ങളും ചട്ടങ്ങളും മറ്റേത് ശ്രേഷ്ഠ ജനതയ്ക്കാണുള്ളത്? (നിയ 4,8) എന്ന മോശയുടെ ചോദ്യം നിയമത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. "കർത്താവ് ഇസ്രായേൽ ജനവുമായി മോശ വഴി ഉറപ്പിച്ച ഉടമ്പടിയുടെ നിയമങ്ങളും ചട്ടങ്ങളും പ്രമാണങ്ങളും" (ലേവ്യ 26, 46) എന്ന ഉപസംഹാരം ലേവ്യ പുസ്തകത്തിന്റെ സ്വഭാവവും പ്രാധാന്യവും എടുത്തുകാട്ടുന്നു.

യഹൂദർക്ക് ഏറ്റം പ്രധാനപ്പെട്ടതാണ് ലേവ്യ പുസ്തകമെങ്കിലും പുതിയ നിയമത്തിൽ അതിന് എന്തു പ്രസക്തിയുണ്ട് എന്നു ചോദിച്ചേക്കാം. ബലിയർപ്പണത്തെയും പൗരോഹിത്യത്തെയും സംബന്ധിച്ച നിയമങ്ങൾ വരാനിരുന്നവയുടെ പ്രതീകങ്ങളായിരുന്നു എന്ന് ഹെബ്രായർക്കുള്ള ലേഖനം പഠിപ്പിക്കുന്നു (ഹെബ്രാ 9). വി. പൗലോസ് നിയമത്തെയും കൃപയെയും രണ്ടു തട്ടുകളിൽ വച്ചു വിശകലനം ചെയ്തതിനുശേഷം നിയമാനുഷ്ഠാനം വഴിയല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി കൃപയാലാണ് രക്ഷ ലഭിക്കുന്നത് എന്ന് സ്ഥാപിക്കുന്നു (എഫേ 2,8-9). റോമാക്കാർക്കും ഗലാത്തിയാക്കാർക്കും എഴുതിയ ലേഖനങ്ങളിൽ നിയമാനുഷ്ഠാനത്തിലുള്ള അതിരുകടന്ന ആത്മാഭിമാനത്തിനെതിരേ ശക്തമായ താക്കീതുകൾ നൽകുന്നുണ്ട്. ലേവ്യപുസ്തകവും അതിലെ നിയമങ്ങളും കാലഹരണപ്പെട്ടുപോയി എന്ന് ഇതിൽ നിന്നെല്ലാം അനുമാനിക്കാൻ സാധിക്കുമോ?

"നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നത്" (മത്താ 5,17) എന്ന യേശുവിന്റെ പ്രഖ്യാപനം ലേവ്യപുസ്തകത്തെ സംബന്ധിച്ചു പ്രസക്തമാണ്. ആ പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിയമങ്ങൾ യേശുവും ശിഷ്യന്മാരും അനുസരിക്കുകയും ചെയ്തിരുന്നു (ലൂക്കാ 2,4. 21-24)ച മർക്കോ 1,44; യോഹ.2,13ച 7, 10; 12, 1; അപ്പ 21, 16).

യേശുവിന്റെയും അപ്പസ്തോലന്മാരുടെയും ജീവിതത്തിൽ

മാത്രമല്ല, ക്രിസ്തുസഭയുടെ വിശ്വാസത്തിലും ജീവിതവീക്ഷണ ത്തിലും ആചാരങ്ങളിലും ലേവ്യപുസ്തകത്തിന്റെ സ്വാധീനം നിർണ്ണായകമാണ്. അനുഷ്ഠാന വിധികളുടെ വിശദാംശങ്ങളിൽ തങ്ങിനിൽക്കാതെ, പുസ്തകത്തിന്റെ പൊതുവായ ചൈതന്യവും ലക്ഷ്യവും ഗ്രഹിക്കാൻ ശ്രമിച്ചാലേ ഈ സ്വാധീനം നിർണ്ണായക മാണ്. അനുഷ്ഠാനവിധീകളുടെ വിശദാംശങ്ങളിൽ തങ്ങി നിൽക്കാതെ, പുസ്തകത്തിൻരെ പൊതുവായ ചൈതന്യവും ലക്ഷ്യവും ഗ്രഹിക്കാൻ ശ്രമിച്ചാലേ ഈ സ്വാധീനം കണ്ടെത്താനാ കഴിയൂ. "വിശുദ്ധരായിരിക്കുവിൻ" എന്ന് അനേകം തവണ ആവർത്തിക്കപ്പെടുന്ന ആഹ്വാനം എന്നും എല്ലാവർക്കും ്പരസ്ക തമാണ്. വിശുദ്ധിയിലേക്കുള്ള വിളിയാണ് ലേവ്യപുസ്തകത്തിന്റെ മുഖ്യ സന്ദേശം. ഭക്ഷണം, വസ്ത്രധാരണം, ശാരീരികശുദ്ധി മുതലായ ബാഹ്യകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുമ്പോഴും ദൈവ ത്തോടും സഹജീവികളോടുമുള്ള ബാന്ധത്തിൽ അവശ്യം പാലി ക്കേണ്ട മനോഭാവത്തിന് ലേവ്യപുസ്തകം ഊന്നൽ നൽകുന്നു ണ്ട്.

ദൈവാരാധനയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ദൈവജനമാണ് സഭ എന്ന കാഴ്ചപ്പാടിലും സഭയുടെ ആരാധനക്രമം, കൂദാശ കൾ, തിരുനാളുകൾ, വിവിധ ജീവിതാന്തസ്സുകൾ തുടങ്ങി എല്ലാ മേഖലകളിലും ലേവ്യപുസ്തകത്തിലെ നിയമങ്ങളുടെ സ്വാധീനം അന്തലീനമായിരിക്കുന്നു. "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (മത്താ 22, 39) എന്ന കല്പന ഉദ്ധരിച്ചുകൊണ്ട് (ലേവ്യ 19, 18) യേശുനാഥൻ തന്നെ ഈ പുസ്ത കത്തിന്റെ സനാതന പ്രാധാന്യം എടുത്തുകാട്ടുന്നു.

ബലിയർപ്പണം, ഭക്ഷണം, ശാരീരികശുദ്ധി തുടങ്ങിയവയെ സംബന്ധിക്കുന്ന പല നിയമങ്ങൾക്കും ഇന്ന പ്രസക്തി നഷ്ടപ്പെ ട്ടിട്ടുണ്ട്. എന്നാൽ അവ ലക്ഷ്യം വയ്ക്കുന്ന ദൈവാരാധനയും ജീവിതവിശുദ്ധിയും ഒരിക്കലും അപ്രസക്തമായിത്തീരുന്നില്ല. വിശുദ്ധനായ ദൈവത്തെ ആരാധിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ജനം വിശുദ്ധരായിരിക്കണം എന്ന ലേവ്യപുസ്തകത്തിൻരെ മുഖ്യപ്ര മേയത്തിന് എന്നും വലിയ പ്രസക്തയുണ്ട്. ബാഹ്യമായ ആചാ

രങ്ങളെയും അനുഷ്ഠാനങ്ങളെയും സംബന്ധിച്ച വിശദമായ നിമയങ്ങൾ ജീവിതവിശുദ്ധിയുടെയെആവശ്യകതയെയാണ് ഊന്നിപ്പറയുന്നത്. എന്നാൽ ഈ നിയമങ്ങൾ പലപ്പോഴും ബാഹ്യമാത്രവും അനുഷ്ഠാനപ്രധാനവുമായ മതജീവിതത്തിന് പ്രേരകമായിത്തീർന്നിട്ടുണ്ട്. അതിനാൽത്തന്നെ പ്രവാചകന്മാരുടം (ഏശ 1, 11 –20; ജറെ 7,21–23; ആമോ 5,21–24; ഹോസി 6,6) യേശുവും (മത്താ 12, 7; 23, 23-–26) ഇപ്രകാരമുള്ള നിയമവ്യാഖ്യാനത്തിനെതിരെ ശക്തമായ താക്കീതുകൾ നൽകിയിട്ടുണ്ട്. പക്ഷെ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു എന്നത് യഥാർത്ഥനിയമത്തിന്റെ സാധുതയെ ഇല്ലാതാക്കുന്നില്ലല്ലോ.

സർവ്വസൃഷ്ടികൾക്കും അതീതനും അവയിൽ നിന്നെല്ലാം വ്യത്യസ്തനും എന്നാൽ, എല്ലാറ്റിനും അസ്തിത്വവും ജീവനും നൽകുന്നവനുമാണ് ദൈവം. പരിശുദ്ധൻ എന്ന വിശേഷണം കൊണ്ട് ഇതാണ് അർത്ഥമാക്കുക. ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള ആഴമേറിയ അവബോധം വിശ്വാസികളിൽ ഉളവാക്കുകയാണ് ലേവ്യപുസ്തകത്തിന്റെ ഒരു ലക്ഷ്യം. പരിശുദ്ധനായ ദൈവത്തോടു രമ്യതയിലത്താൻ പാപിയായ മനുഷ്യനെ സഹായിക്കുകയാണ് ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന നിയമങ്ങളുടെ മുഖ്യമായ ഉദ്ദേശ്യം. ബലിയർപ്പണങ്ങളും ശുദ്ധീകരണകർമ്മങ്ങളും എല്ലാം ഈ ലക്ഷ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. അറിവില്ലായ്മയും അശ്രദ്ധയും മൂലം ഉണ്ടാകുന്ന വീഴ്ചകൾക്കാണ് ഇവടെ ബലിയർപ്പണങ്ങളും നേർക്കാഴ്ചകളും വഴി പരിഹാരം അനുഷ്ഠിക്കാൻ നിർദ്ദേശിക്കുന്നത്. ഉടമ്പടിയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹതത്തിനു വിരുദ്ധമായി മനഃപൂർവ്വം ചെയ്യുന്ന പാപങ്ങൾക്ക് ഇവ പരിഹാരമാവുകയില്ല.

ലേവ്യപുസ്തകത്തിലെ ബലിയർപ്പണങ്ങളും പരിഹാരക്കാഴ്ചകളും എല്ലാം യേശുവൽ പൂർത്തിയാകാനിരുന്ന ഏകബലിയുടെ മുന്നോടികളും പ്രതീകങ്ങളും മാത്രമായിരുന്നു. ആണ്ടുതോറും പരിഹാരബലിയർപ്പിക്കുന്ന പഴയനിയമത്തിലെ പ്രധാന പുരോഹിതൻ, ഒരിക്കൽ മാത്രം അർപ്പിച്ച ആത്മബലിയിലൂടെ ലോകത്തിന്റെ പാപങ്ങൾക്കു മുഴുവൻ പരിഹാരമനുഷ്ഠിച്ച

സാക്ഷാൽ പ്രധാന പുരോഹിതനായ യേശുക്രിസ്തുവിന്റെ പ്രതീകമായിരുന്നു. ലേവ്യപുസ്തകത്തിൽ നിർദ്ദേശിക്കുന്ന അനേകം ബലികളുടെ പശ്ചാത്തലത്തിൽ നിർദ്ദേശിക്കുന്ന അനേകം ബലികളുടെ പശ്ചാത്തലത്തിൽ ഇന്നു നാം ആചരിക്കുന്ന ബലിയും വിരുന്നുമായ വിശുദ്ധ കുർബാനയുടെ അർത്ഥവും പുതുമയും ഗ്രഹിക്കാൻ കൂടുതൽ എളുപ്പമുണ്ട്.

പുരോഹിതന്മാർക്ക് ആവശ്യമായ വിശുദ്ധിയെ സംബന്ധിച്ച നിയമങ്ങൾ ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരായ സകല വിശ്വാസികൾക്കും ബാധകമാണ്. മാനുഷികബന്ധങ്ങളിൽ നില നിൽക്കേണ്ട വിശുദ്ധിയെ സംബന്ധിച്ച നിയമങ്ങൾക്ക് ഒരു കാലത്തും പ്രസക്ത നഷ്ടപ്പെടുന്നില്ല. ജീവനെ മാനിക്കുക, ദാമ്പത്യ ജീവിതത്തിന്റെ ഭദ്രത കാത്തു സൂക്ഷിക്കുക, ദരിദ്രർക്കു പ്രത്യേക സംരക്ഷണം നൽകുക, സാമ്പത്തികവും സാമൂഹികവുമായ നീതി ഉറപ്പുവരുത്തുക മുതലായവയെ ലക്ഷ്യമാക്കി കൊണ്ടുള്ള നിയമങ്ങൾക്ക് ഇന്നും വലിയ പ്രസക്തിയുണ്ട്. "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5, 48) എന്ന യേശുവിന്റെ വാക്കുകളിൽ ലേവ്യപുസ്തകത്തിന്റെ മുഴുവൻ സന്ദേശവും പ്രസക്തിയും സംഗ്രഹിച്ചിരിക്കുന്നു.

## 4. ഘടന

ലേവ്യപുസ്തകം രണ്ടു ഭാഗമായി തിരിച്ചിരിക്കുന്ന 1-16 അധ്യായങ്ങൾ അടങ്ങുന്ന ആദ്യഭാഗം മുഖ്യമായും ദൈവ-മനുഷ്യബന്ധത്തെ ക്രമീകരിക്കുന്ന നിയമങ്ങളാണ് പ്രതിപാദിക്കുന്നത്. 17-27 അധ്യായങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാംഭാഗം മനുഷ്യർ തമ്മിൽത്തമ്മിലുള്ള ബന്ധങ്ങളെ ക്രമീകരിക്കുന്ന നിയമങ്ങൾ വിവരിക്കുന്നു. പുസ്തകം മുഴുവൻ "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും ............ സ്നേഹിക്കുക" (മർക്കോ 12, 30 -31) എമന്ന സുവർണ്ണ നിയമത്തിന്റെ വ്യാഖ്യാനമാണ് എന്നു പറയാം. പഠനത്തിനുള്ള സൗകര്യത്തിനു വേണ്ടി ലേവ്യപുസ്തകത്തെ അഞ്ചു ഭാഗമായി തിരിക്കാം.

1. ബലിയർപ്പണം അധ്യായം 1-7
2. പൗരോഹിത്യം അധ്യായം 8-10
3. ശുദ്ധിയും പാപപരിഹാരവും അധ്യായം 11-16
4. പാപപരിഹാരദിനം 16 -
5. വിശുദ്ധിയുടെ നിയമങ്ങൾ അധ്യായം 17-27.

# 1. ബലിയർപ്പണം 1–7

ദൈവാരാധനയ്ക്ക് ആവശ്യമായ സംവിധാനങ്ങളെ സംബന്ധിച്ച സീനായ്മലയിൽ വച്ചു ദൈവം മോശയ്ക്കു നിർദ്ദേശങ്ങൾ നൽകുകയും മോശ അതനുസരിച്ച് എല്ലാം നിർമ്മിക്കുകയും ചെയ്തതായി പുറപ്പാട് 25-40 അധ്യായങ്ങളിൽ വിവരിച്ചു. അതിന്റെ തുടർച്ചയായി, സമാഗമ കൂടാരത്തിൽ അർപ്പിക്കേണ്ട ബലികളെ കുറിച്ചുള്ള നിർദ്ദേശങ്ങളാണ് ലേവ്യ പുസ്തകത്തിന്റെ ആദ്യഭാഗത്തെ ഏഴ് അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. സീനായ് മലയുടെ അടിവാരത്തുസ്ഥാപിച്ച കൂടാരത്തിൽ വച്ച് കർത്താവു മോശയ്ക്കു നൽകിയ നിർദ്ദേശങ്ങളായിട്ടാണ് ഇവ അവതരിപ്പിക്കുന്നതെങ്കിലും മരുഭൂമിയിലെ വാസക്കാലത്തും, പിന്നീട് സോളമൻ പണിയിച്ച ദേവാലയത്തിലും, പ്രവാസത്തിനശേഷം പുതുക്കിപ്പണിത് ദേവാലയത്തിലും നടന്നിരുന്ന വിവിധങ്ങളാണ് ബലിർപ്പണങ്ങളെ സംബന്ധിച്ച നിയമങ്ങളുടെ സ്വാധീനം ഈ വിവരങ്ങളിൽ ദൃശ്യമാണ്.

ബലിർപ്പിക്കുന്ന പുരോഹിതന്മാർ ശ്രദ്ധിക്കേണ്ട അനുഷ്ഠാനക്രമങ്ങളുടെ ഒരു പട്ടിക (Rubics) പോലെയാണ് അധ്യായങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ബലിയർപ്പകന്റെ മനോഭാവത്തെയോ, ഉദ്ദേശ്യലക്ഷ്യങ്ങളെയോ കുറിച്ച് ഒന്നും തന്നെ പറയുന്നില്ല. ബലിർപ്പണത്തിന്റെ ഭാഗമായി പ്രാർത്ഥനകളോ, കീർത്തമങ്ങളോ ഒന്നു കൊടുത്തിട്ടുമില്ല. അതിനാൽ ഈ വിവരണങ്ങൾ വരസവും, ആനുകാലികജീവിതത്തിന് തികച്ചു അപ്രസക്തവും ആയി അനുഭവപ്പെട്ടേക്കാം. എന്നാൽ മതാത്മകജീവിതത്തെ സംബന്ധിച്ച ആഴമേറിയ ഉൾക്കാഴ്ചകൾ നൽകുന്നതാണ് ഈ വിവരണങ്ങൾ എന്ന് അടുത്തു പരിശോധിച്ചാൽ കാണാൻ കഴിയും.

## ബലിയർപ്പണം പുരാതനമതങ്ങളിൽ

ദൈവത്തോടു മനുഷ്യനുള്ള ബന്ധത്തിന്റെ ഏറ്റം ഉദാത്തവും സ്പഷ്ടവുമായി പ്രകടനമായിട്ടാണ് ബലിയർപ്പണത്തെ മിക്ക മതങ്ങളും പരിഗണിക്കുന്നത്. ദൈവത്തെ പ്രസാദിപ്പിക്കുക, അനു

ഗ്രഹങ്ങൾ പ്രാപിക്കുക, ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പ്രകടിപ്പിക്കുക എന്നിങ്ങനെ മൂന്നു ലക്ഷ്യങ്ങളാണ് പുരാതന മതങ്ങളിലെ ബലിയർപ്പണങ്ങളിൽ സാധാരണ പ്രകടമാകുന്നത്.

പ്രകൃതിശക്തികളെ ദൈവങ്ങളായി ആരാധിച്ചിരുന്ന പുരാതന മനുഷ്യർ പ്രകൃതിക്ഷോഭങ്ങളെല്ലാം ദൈവകോപത്തിന്റെ പ്രകടനങ്ങളായിക്കരുതിച ബലിയർപ്പണങ്ങളിലൂടെ ദേവന്മാരുടെ കോപത്തെ ശമിപ്പിക്കാൻ അവർ ശ്രമിച്ചു. ഇഷ്ടമുള്ള സമ്മാനങ്ങൾ ലഭിച്ചാൽ മനുഷ്യർ സന്തുഷ്ടരാകുന്നതുപോലെ ദൈവങ്ങളും പ്രസാദിക്കുമെന്നും, അവരെ പ്രസാദിപ്പിച്ചാൽ തങ്ങൾക്കിഷ്ടമുള്ളത് അവർ ചെയ്തുതരുമെന്നും, അവർ വിശ്വസിച്ചിരുന്നു. അനുകൂലമായ കാലാവസ്ഥയും സമൃദ്ധമായ വിളവും, മനുഷ്യർക്കും മൃഗങ്ങൾക്കും ഉണ്ടാകുന്ന സന്താനപുഷ്ടിയും എല്ലാം ഓരോ ദൈവങ്ങളുടെ അനുഗ്രഹമായി കരുതിയവർ നന്ദി സൂചിപ്പിക്കാനും, വീണ്ടും കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കാനും വേണ്ടി ബലികൾ അതാതു ദൈവങ്ങൾക്കർപ്പിച്ചിരുന്നു.

ഈ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വാധീനം കുറെയെല്ലാം ബലിയർപ്പണങ്ങളെ കുറിച്ചുള്ള ലേവ്യപുസ്തകത്തിന്റെ വിവരണങ്ങളിലും ദൃശ്യമാണ്. ദൈവപ്രീതി നേടുക, അനുഗ്രഹങ്ങൾ യാചിക്കുക, നന്ദി പ്രകടിപ്പിക്കുക എന്നീ മൂന്നു ലക്ഷ്യങ്ങൾ ബൈബിളിലെ ബലിയർപ്പണങ്ങളിലുമുണ്ട്. പക്ഷേ ദൈവത്തെയും, ദൈവവും ജനങ്ങളും തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച ബൈബിളിന്റെ തനതായ കാഴ്ചപ്പാട് ഈ ലക്ഷ്യങ്ങൾക്കു വ്യത്യസ്തമായ സ്വഭാവം നൽകുന്നു. കാഴ്ചകളിൽ പ്രസാദിച്ച്, യാചിക്കുന്ന ഏതു കാര്യവും ചെയ്തുകൊടുക്കുന്നവനല്ല യാഹ്വേ. തന്റെ ഹിതം അനുസരിച്ച് ജീവിക്കാൻ ജനത്തോട് ആജ്ഞാപിക്കുകയും, അപ്രകാരം ജീവിക്കുന്നവരെ അനുഗ്രഹിക്കുകയും, അല്ലാത്തപക്ഷം ശിക്ഷിക്കുകയും ചെയ്യുന്ന ദൈവമാണ് അവിടുന്ന്. ബലിയർപ്പിക്കാൻ കല്പിക്കുന്നത് തനിക്കു ഭക്ഷണം ആവശ്യമായിട്ടല്ല, ജനത്തിന് തങ്ങളുടെ വിധേയത്വവും നന്ദിയും പ്രകടിപ്പിക്കാനുള്ള അവസരം നൽകുന്നതിനു വേണ്ടിയാണ് വിഗ്രഹങ്ങൾ നിർമ്മിച്ച് അവയ്ക്കുള്ള ശുശ്രൂഷകൾ അർപ്പിച്ചുകൊണ്ടല്ല,

ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ചു ജീവിച്ചുകൊണ്ടാണ് ജനം ദൈവത്തെ ശുശ്രൂഷിക്കേണ്ടത്. യാഹ്‌വേയുടെ വിഗ്രഹമുണ്ടാക്കുന്നത് ഒരു പ്രമാണത്തിൽ തന്നെ കർശനമായി വിലക്കിയിരിക്കുന്നു.

## ബലികൾ ലേവ്യപുസ്തകത്തിൽ

ദഹനബലി, ധാന്യബലി, സമാധാനബലി, പാപപരിഹാരബലി, പ്രായശ്ചിത്തബലി എന്നിങ്ങനെ അഞ്ചുതരം ബലിയർപ്പണങ്ങളാണ് 1-7 അധ്യായങ്ങളിലെ പ്രതിപാദ്യവിഷയം. ഈ പേരുകളിൽ ആദ്യത്തേത് ബലിയർപ്പിക്കുന്ന വിധത്തേയും രണ്ടാമത്തേത് ബലിവസ്തുവിനെയും ബാക്കിയുള്ളവ ബലിയരപ്പണത്തിന്റെ ലക്ഷ്യത്തെയും സൂചിപ്പിക്കുന്നു. ബലിവസ്തുവിനെ ആസ്പദമാക്കി ബലികളെ മൃഗബലി, ധാന്യബവി, പാനീയബലി, എന്നിങ്ങലെ മൂന്നായി തിരിക്കാം. കാള, പശു, കോലാട്, ചെമ്മരിയാട്, ചെങ്ങാലി, പ്രാവ് എന്നിവയാണ് ആദ്യവിഭാഗത്തിൽ പെടുന്ന ബലിവസ്തുക്കൾ. ധാന്യബലിയായി അർപ്പിക്കുന്നത് ഗോതമ്പ്, ബാർലി, എന്നിവ പൊടിച്ച മാവോ പൊടിക്കാത്ത ധാന്യമോ ആകാം. പാനീയബലിക്ക് ഒലിവെണ്ണയും വീഞ്ഞും ഉപയോഗിക്കുന്നു. ഇവയ്ക്കുപുറമെ, സുഗന്ധദ്രവ്യങ്ങളും ബലിയായി അർപ്പിക്കുന്നു.

അർപ്പിക്കുന്ന വിധത്തെ ആസ്പദമാക്കി സമ്പൂർണ്ണദഹനബലി, ദഹനബലി, ഭോജനബലി, നീരാജനം, എന്നിങ്ങനെ നാലായി തിരിക്കാം. സമാധാനബലി, പാപപരിഹാരബലി, പ്രായശ്ചിത്തബലി എന്നീ വിഭജനം വിവിധ ലക്ഷ്യങ്ങളെ സൂചിപ്പിക്കുന്നു. ഇവയ്ക്കു പുറമെ കൃതജ്ഞത അർപ്പിക്കാനും നേർച്ചകൾ നിറവേറ്റാനും മറ്റുമായി അർപ്പിക്കുന്ന ബലികളുമുണ്ട്. അർപ്പിക്കുന്ന അവസരത്തിന്റെ അടിസ്ഥാനത്തിൽ ബലികളെ വാർഷികബലി, അനുദിനബലി, സാഭിഷ്ടബലി എന്നു മൂന്നായി തിരിക്കാം. ഏതെങ്കിലും പ്രത്യേകലക്ഷ്യത്തോടുകൂടി വ്യക്തികൽ സ്വന്ത ഇഷ്ടപ്രകാരം അർപ്പിക്കുന്ന ബലികളെ സ്വാഭിഷ്ടബലികൾ എന്നു വിളിക്കുന്നു. ലേവ്യപുസ്തകത്തിലെ ആദ്യത്തെ ഏഴ് അധ്യായങ്ങ

ളിൽ വിവരിക്കുന്നതെല്ലാം സാഭിഷ്ടബലികളാണ്.

## നിയമങ്ങൾ

ബലിയർപ്പണത്തെ സംബന്ധിച്ച് 1-7 അധ്യായങ്ങളിൽ നൽകുന്ന നിയമങ്ങൾ 3രണ്ടു ഗണങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് (1,1-6, 7) ബലിയർപ്പിക്കുന്ന വ്യക്തിയുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് നിയമങ്ങൾ അവതരിപ്പിക്കുന്നത്. രണ്ടാം ഭാഗത്ത് (6, 8-7), 38) മുഖ്യമായും പുരോഹിതനെ മുന്നിൽ കണ്ടുകൊണ്ട് നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. രണ്ടു ഭാഗത്തും ഒരേ ബലികൾ തന്നെയാണ് ചർച്ചാവിഷയമാകുന്നത്. ബലികളെ കുറിച്ചു പ്രതിപാദിക്കുന്ന ക്രമത്തിൽ മാത്രമ ഒരുചെറിയ വ്യത്യാസം കാണാം. ആദ്യഭാഗത്ത് പ്രായശ്ചിത്തബലി അഞ്ചാമത്തേതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്, രണ്ടാം ഭാഗത്ത് മൂന്നാമത്തേതായും. ഈ വ്യത്യാസത്തിന് എന്തെങ്കിലും പ്രത്യേക കാരണം ഉള്ളതായി വ്യാഖ്യാതാക്കൾ കരുതുന്നില്ല. ഓരോ ബലികളെ കുറിച്ചും രണ്ടു ഭാഗത്തും പറയുന്ന കാര്യങ്ങൾ ഒരുമിച്ചു പഠിക്കുന്നത് കൂടുതൽ ഉപകാരപ്രദമാണ്.

'സമാഗമ കൂടാരത്തിൽ നിന്നു കർത്താവു മോശയെ വിളിച്ച് ഇപ്രകാരം പറഞ്ഞു'. എന്ന ആമുഖവുമായിട്ടാണ് പുസ്തകം ആരംഭിക്കുന്നത്, ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരെ സംബന്ധിച്ച നിയമങ്ങൾ വിവരിക്കുന്ന പുസ്തകം ഒരു വിളിയുടെ ചിത്രം കൊണ്ടു തുടങ്ങുന്നു. ഈജിപ്തിൽ നിന്നു ജനത്തെ മോചിപ്പിക്കാനായി വിളിച്ച കർത്താവ് ഇപ്പോൾ സമാഗമകൂടാരത്തിൽ നിന്ന് കർത്താവിന്റെ മഹത്വം നിറഞ്ഞു നിന്നു എന്ന് പുറപ്പാടു പുസ്തകത്തിന്റെ അവസാനം പറഞ്ഞു നിറുത്തിയതിന്റെ തുടർച്ചയാണ് ലേവ്യപുസ്തകം എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. പുറപ്പാട് 25-ാം അധ്യായം മുതൽ സംഖ്യ 10-ാം അധ്യായം വരെയുള്ള ഭാഗങ്ങൾ മുഴുവൻ ഒരുമിച്ചു നിൽക്കുന്ന പുരോഹിത രചനയായി കരുതപ്പെടുന്നു. പുറ 32-34 മാത്രമേ വേറൊരു പാരമ്പര്യത്തിൽപ്പെട്ടതായുള്ളൂ (തീർത്ഥാടനം 6, പേജ് 45)

ഇസ്രയേൽ ജനത്തെ മുഴുവൻ അറിയിക്കാനുള്ള കാര്യങ്ങ

ളാണ് 1,1ൽ കർത്താവ് മോശയോടു പറയുന്നത്. 6, 8ൽ പുരോഹിതന്മാരെ മാത്രം അറിയിക്കേണ്ട കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ടു വാക്യങ്ങൾ ബലിയർപ്പണത്തെ സംബന്ധിച്ച നിർദ്ദേശങ്ങളുടെ രണ്ടു ഭാഗങ്ങൾക്ക് ആമുഖമാണ്. "അടുത്തുവരുക" എന്ന് അർത്ഥമുള്ള ഖാറെബ് (Quareb) എന്ന ഹീബ്രു പദമാണ് "ബലിയർപ്പിക്കാൻ വരുമ്പോൾ" എന്ന് രണ്ടാം വാക്യത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത്. ഈ ക്രിയാധാതുവിൽ നിന്നു രൂപം കൊണ്ട് "ഖൊർബാൻ" (ഝീൃയമി) എന്ന പദം "ബലിമൃഗം" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. തുടർന്നു വിവരിക്കാൻ പോകുന്ന എല്ലാ ബലിവസ്തുക്കളെയും സൂചിപ്പിക്കുന്നതാണ് "ഖൊർബാൻ" എന്ന പദം. ഇതിൽ നിന്നാണ് നമുക്കു സുപരിചിതമായ "കുർബ്ബാന" എന്ന സുറിയാനി വാക്ക് ഉണ്ടായത്. ദൈവത്തിന് അർപ്പിക്കുന്ന കാഴ്ചവസ്തു എന്നാണ് പദത്തിന്റെ അർത്ഥം (മർക്കോ 7,11).

"സമ്പൂർണ്ണ ദഹനബലി"യുടെ നിയമങ്ങളാണ് 3-7 വാക്യങ്ങളിൽ വിവരിക്കുന്നത്. "ഓലാ" എന്ന് ഹീബ്രുവിൽ ഈ ബലിയെ വിളിക്കുന്നു. "ഉയരുക" എന്നർത്ഥമുള്ള "ആലാ" എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ പദം ഉണ്ടായത്. ദൈവസന്നിധിയിലേക്കുയരുന്നത് എന്ന് മൂലാർത്ഥം. ബലിപീഠത്തിൽ വച്ചു പൂർണ്ണമായി ദഹിപ്പിക്കുന്നതിനാൽ ബലിമൃഗം, ബലിയർപ്പകന്റെ പ്രതീകമായി ദൈവസന്നിധിയിലേക്ക് ഉയരുന്നു എന്ന സൂചനയാണ് ഈ പേരിൽ നിന്നു ലഭിക്കുന്നത്. ഏറ്റം സ്വീകാര്യവുമായ ബലിയായി സമ്പൂർണ്ണദഹനബലി പരിഗണിക്കപ്പെട്ടിരുന്നു. ഒന്നു മാറ്റിവയ്ക്കാത്ത സമ്പൂർണ്ണസമർപ്പണത്തിന്റെ പ്രതീകമാണിത്. ബലിയർപ്പകന്റെ സാമ്പത്തിക കഴിവിനെ പരിഗണിച്ച് കാള (3 -9), ആട്(10-13), പക്ഷി (16-16) എന്നിങ്ങനെ മൂന്നു സാധ്യതകൾ നിർദ്ദേശിച്ചിരിക്കുന്നു.

എന്തുകൊണ്ട് ആൺമൃഗത്തെ മാത്രം ദഹനബലിയായി അർപ്പിക്കണം എന്ന ചോദ്യത്തിന് തികച്ചും തൃപ്തികരമായ ഉത്തരം ലഭ്യമല്ല. പുരുഷമേധാവിത്വം നിലവിലിരുന്ന സമൂഹത്തിൽ ആൺവർഗ്ഗം കൂടുതൽ ശ്രേഷ്ഠതയുള്ളതായി പരിഗണി

ക്കപ്പെട്ടിരുന്നതുകൊണ്ടാവാം ഈ നിയമം. സാമ്പത്തിക കാരണവും ഇതിനു പിന്നിലുണ്ടെന്ന് കരുതപ്പെടുന്നു. ജീവസന്ധാരണത്തിനായി മൃഗങ്ങളെ ആശ്രയിക്കുന്നവർക്ക് പെൺമൃഗങ്ങളാണ് കൂടുതൽ വിലപ്പെട്ടവ. അതിനാലായിരിക്കാം ചില പാപപരിഹാരബലികളൊഴികെ (ലേവ്യ 3, 1; 4, 28, 32; 5,6) മറ്റെല്ലാ ബലികൾക്കും ആൺമൃഗത്തെ നിർദ്ദേശിക്കുന്നത്.

കാളയെ ബലിയർപ്പിക്കുമ്പോൾ ബലിമൃഗത്തിന്റെ തലയിൽ കൈകൾ വയ്ക്കണം എന്നും പിന്നീട് സമാഗമകൂടാരത്തിന്റെ വാതിൽക്കൽ വച്ച് മൃഗത്തെ കൊല്ലണം എന്നു 4-5 വാക്യങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. തലയിൽ കൈവച്ചതിനു ശേഷം മൃഗത്തെ കൊല്ലുന്നത് സ്വന്തം ജീവൻ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുന്നതിന്റെ പ്രതീകമാണ്. ഇപ്രകാരമുള്ള സമ്പൂർണ്ണസമർപ്പണമാണ് പാപത്തിനു പരിഹാരമാകുന്നത്.

ബലിയർപ്പകൻ തന്നെയാണ് മൃഗത്തെ കൊല്ലുന്നതും, തോലുരിഞ്ഞ് കഷ്ണങ്ങളായി മുറിക്കുന്നതും. കഴുത്തറുത്താണ് മൃഗത്തെ കൊല്ലുക. രക്തം ജീവന്റെ ഇരിപ്പിടമായി കരുതപ്പെട്ടിരുന്നതിനാൽ അത് ബലിപീഠത്തിനു ചുറ്റും തളിക്കുന്നത് ജീവനെ ദൈവത്തിനു സമർപ്പിക്കുന്നതിന്റെ പ്രതീകമാണ്. രക്തം തളിക്കുകയും മൃഗത്തിന്റെ കഷ്ണങ്ങൾ ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കുകയും ചെയ്യുക പുരോഹിതന്മാരുടെ കർത്തവ്യമാണ്. പക്ഷികളെ സംബന്ധിച്ച കർമ്മങ്ങളെല്ലാം പുരോഹിതൻ തന്നെ ചെയ്യണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. “കർത്താവിനു പ്രീതികരമായ സൗരഭ്യം” എന്ന പദപ്രയോഗം ദൈവത്തിൽ മാനുഷിക വികാരങ്ങൾ ആരോപിക്കുന്ന രചനാശൈലിയാണ് (ഉൽപ 8, 21). ബലി ദൈവത്തിനു സ്വീകാര്യമായിരിക്കും എന്നേ ഇത് അർത്ഥമാക്കുന്നുള്ളൂ.

**വിചിന്തനം:** യേശു കുരിശിൽ അർപ്പിച്ച ഏകബലിയോടെ മറ്റെല്ലാ ബലികളും അപ്രസക്തമായിത്തീർന്നു. ഇന്ന് മൃഗങ്ങളെയോ പക്ഷികളെയോ അല്ല, നമ്മെത്തന്നെയാണ് ദൈവത്തിനു സ്വീകാര്യമായ ബലിയായി സമർപ്പിക്കേണ്ടത്. “നിങ്ങളുടെ ശരീ

രങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ" (റോമാ 12, 1). ദൈവത്തിന്റെ കല്പന അനുസരിച്ച് നിഷ്കളങ്കരായി ജീവിക്കുകയും പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും, നിസ്വാർത്ഥ സ്നേഹത്താൽ പ്രേരിതരായി സഹോദരങ്ങൾക്കു വേണ്ടി സ്വയം വ്യയം ചെയ്യുകയും ചെയ്യുന്നതാണ് ഇന്ന് ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ദഹനബലി. "ഉരുകിയ മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി" (സങ്കീ 51, 17); "കൃതജ്ഞതയായിരിക്കട്ടെ നീ ദൈവത്തിനർപ്പിക്കുന്ന ബലി" (സങ്കീ 50, 14); "ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്" (ഹോസി 6, 6) എന്നിങ്ങനെയുള്ള തിരുവചനങ്ങൾ ബലിയർപ്പണത്തെ സംബന്ധിച്ച ശരിയായ കാഴ്ചപ്പാടു പ്രദാനം ചെയ്യുന്നു.

6, 8-13 വ്യക്തികൾ അർപ്പിക്കുന്ന ദഹനബലികളെ കുറിച്ചാണ് 1-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചത്. സമൂഹത്തിനു വേണ്ടി ദിവസം തോറും രാവിലെയും വൈകുന്നേരവും അർപ്പിക്കേണ്ട ദഹനബലിയെകുറിച്ച് 6, 8-13ൽ വിവരിക്കുന്നു. പ്രവാസത്തിനു മുമ്പ്, പ്രഭാതത്തിൽ മൃഗബലിയും സായാഹ്നത്തിൽ ധാന്യബലിയുമായിരുന്നു അനുദിനം അർപ്പിച്ചിരുന്നത് (2 രാജാ 16, 15ച എസെ 46, 13-15). പ്രവാസത്തിനു ശേഷമാണ് രാവിലെയും വൈകീട്ടും മൃഗത്തെ ദഹനബലിയായി അർപ്പിക്കാൻ തുടങ്ങിയത്. ഈ ബലിയർപ്പണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പുരോഹിതരചനയുടെ മറ്റു ഭാഗങ്ങളിലും (പുറ 29, 38-42; സംഖ്യ 28, 2-8) കാണാം.

ഉച്ചകഴിഞ്ഞ് മൂന്നുമണിയോടെയാണ് സായാഹ്ന ബലിയർപ്പിക്കുന്നത്. അതിന്റെ അഗ്നി പ്രഭാതം വരെ ബലിപീഠത്തിൽ കത്തിക്കൊണ്ടിരിക്കണം; രാവിലെ അർപ്പിക്കുന്ന ബലിയുടെ അഗ്നി സായാഹ്നബലി വരെയും. അങ്ങനെ രാപകൽ ഇടമുറിയാതെ കർത്താവിന്റെ മുമ്പിൽ ദഹിച്ചുകൊണ്ടിരിക്കുന്ന ബലി പുതിയ നിയമത്തിൽ ലോകമെമ്പാടും നിരന്തരം അർപ്പിക്കപ്പെടുന്ന വി. കുർബ്ബാനയുടെ ഒരു മുന്നോടി ആയിരുന്നു (മലാ 1,11). ബലിപീഠത്തിൽ നിരന്തരം കത്തിക്കൊണ്ടിരിക്കുന്ന അഗ്നി ജനമദ്ധ്യേയുള്ള

ദൈവികസാന്നിധ്യത്തെ അനുസ്മരിപ്പിക്കുന്നു.

**വിചിന്തനം:** ദഹനബലിപീഠത്തിൽ നിരന്തരം അഗ്നി എരിഞ്ഞിരുന്നത് ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്താൽ നിരന്തരം എരിഞ്ഞുതീരുന്ന ജീവിതമായിരിക്കണം ഓരോ വ്യക്തിയുടെതും എന്നു അനുസ്മരിപ്പിക്കുന്നു.

## 2. ധാന്യബലി 2, 1-16; 6, 14-23

മൂന്നുതരത്തിലുള്ള ധാന്യബലികളാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. മാവ് (1-3), മാവുകൊണ്ടു പാകം ചെയ്ത അപ്പം (4-13), ആദ്യഫലമായ ധാന്യങ്ങൾ (14-16) എന്നിവ ബലിയർപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. പുരോഹിതന്മാർക്കുള്ള പ്രത്യേകനിർദ്ദേശഹ്ഹലാണ് 6, 14-23 ൽ നൽകിയിരിക്കുന്നത്. മൃഗബലിയോടൊന്നിച്ചാണ് സാധാരണമായി ധാന്യഹലിയർപ്പിക്കുക (ലേവ്യ 8, 26-28; 9, 17). എന്നാൽ മൃഗബലിയർപ്പിക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ടവർക്ക് ധാന്യബലി മാത്രമായും അർപ്പിക്കാം.

ധാന്യവും എണഅണയും സാധാരണക്കാരുടെ അനുദിനാഹാരമാണ്. ഭൂമിയിൽ അധ്വാനിച്ച ഉല്പാദിപ്പിക്കുന്ന ധാന്യം പൊടിച്ച് മാവാക്കിയും, കുഴച്ച് ചുട്ടോ പുഴുങ്ങിയോ അപ്പമാക്കിയും രൂപപ്പെടുത്തുമ്പോൾ അത് ദൈവത്തിന്റെ ദാനവുംമനുഷ്യപ്രയത്നത്തിന്റെ ഫലവും ഒരുമിച്ചു ചേർന്നതായിത്തീരുന്നു. ധാന്യോല്പാദനത്തിൽ മാത്രമല്ല, അതു ബലിവസ്തുവായി രൂപപ്പെടുന്നതിലും ബലിയർപ്പകന് കാതലായ പങ്കുണ്ട്. മാവിൽ എണ്ണയൊഴിക്കുകയും കുന്തിരിക്കമിടുകയും ചെയ്യുന്നതും, അപ്പമോ അടയോ കഷ്ണങ്ങളായി മുറിച്ച് എണ്ണയൊഴിക്കുന്നതും ബലിയർപ്പകൻ തന്നെയാണ്. ഈ പ്രവൃത്തിയിലൂടെ തന്റെ അധ്വാനവും തന്നെത്തന്നെയും ദൈവത്തിനു സമർപ്പിക്കുന്നു. എന്നാൽ, പുരോഹിതൻ വഴിയാണ് ഈ അർപ്പമം നടക്കുക. എല്ലാ ബലികളിലും പുരോഹിതൻ മധ്യവർത്തിയായി നില കൊള്ളുന്നു.

ബലിവസ്തുവിൽ നിന്ന് ഒരു പിടി എടുത്തു ബലിപീഠത്തിൽ

ദഹിപ്പിക്കുന്നത് മുഴുവൻ കാഴ്ച വയ്ക്കുന്നതിന്റെ പ്രതീകമാണ്. ഇതിനെ "സ്മരണാംശം" എന്നു വിളിക്കുന്നു. ജനത്തിനു നൽകിയ വാഗ്ദാനങ്ങളെ കുറിച്ച് ദൈവത്തെ അനുസ്മരിപ്പിക്കുന്നതിനു വേണ്ടിയാണ് ബലിയർപ്പണം എന്ന് ഈ പേരു സൂചിപ്പിക്കുന്നു. ധാന്യബലിയെ സൂചിപ്പിക്കാൻ "മിന്ഹാ" എന്ന ഹീബ്രു പദഗമാണ് ഉപയോഗിക്കുന്നത്. ബഹുമാനവും ആദരവും നന്ദിയുടെ സ്നേഹവും പ്രകടിപ്പിക്കാനായി നൽകുന്ന സമ്മാനത്തെയാണ് ഈ പദം പൊതുവായി സൂചിപ്പിക്കുക (ന്യായാ 6,18; 1 സാമു 10,27; സങ്കീ 96,8).

പുളിമാവോ തേനോ കാഴ്ച വയ്ക്കരുത് എന്ന പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. ഈജിപ്തിൽ നിന്നു തിടുക്കത്തിൽ പുറപ്പെട്ടപ്പോൾ കുഴച്ചുവച്ചിരുന്ന മാവു പുളിപ്പിക്കാൻ സമയം കിട്ടാതിരുന്നതിനാൽ പുളിപ്പില്ലാത്ത അപ്പമാണല്ലോ അവർ ഭക്ഷിച്ചത് (പുറ 12, 39). ദൈവം നൽകിയ മോചനത്തെയും ഉടമ്പടിയുടെ പ്രമാണങ്ങളെയും അനുസ്മരിക്കാൻ പുളിപ്പില്ലാത്ത അപ്പം ബലിയർപ്പിക്കുന്നത് സഹായിക്കും. അല്പം പുളിപ്പ് മാവിനെ മുഴുവൻ പുളിപ്പിക്കുന്നതിനാൽ തിന്മയുടെ സ്വാധീനത്തെ സൂചിപ്പിക്കാൻ പ്രതീകാത്മകമായ അർത്ഥത്തിൽ ഈ പദം ബൈബിളിൽ ഉപയോഗിക്കാറുണ്ട് (മർക്കോ 8, 15; 1കൊറി 5, 8; ഗലാ 5,9). മാവിന്റെ സ്വഭാവത്തെ മാറ്റുന്നതിനാലായിരിക്കാം ബലിയിൽ പുളിപ്പ് ചേർക്കരുത് എന്നു കല്പിച്ചിരിക്കുന്നത്. ബലിയായി തേൻ അർപ്പിക്കരുത് എന്ന കല്പനക്കും ഇതു തന്നെ ആയിരിക്കും കാരണം.

ബലിയിൽ ഉപ്പു ചേർക്കാൻ നിർദ്ദേശിക്കുന്നതിന് പ്രതീകാത്മകമായ പല കാരണങ്ങളുമുണ്ട്. ഭക്ഷണത്തിനു സ്വാദു പകരുന്നതാണ് ഉപ്പ്. അതിനാൽ ഉപ്പു ചേർക്കുന്നത് കർത്താവിനു പ്രസാദകരമാകാൻ സഹായിക്കുന്നു. ഭക്ഷണസാധനങ്ങൾ കേടുവരാതെ സൂക്ഷിക്കാൻ സഹായിക്കുന്നതിനാൽ ഉപ്പ് ബലിവസ്തുവിനെയും ബലിയർപ്പകനെയും ദൈവത്തിനു മുമ്പിൽ എന്നും പുതുതായി സൂക്ഷിക്കുന്നു. ശുദ്ധീകരിക്കാനുള്ള ഉപ്പിന്റെ കഴിവ്, ബലിയർപ്പണം വഴി അർപ്പകനെ ശുദ്ധീകരിക്കുന്നു. മധ്യപൗരസ്ത്യ ദേശത്ത് സ്നേഹബന്ധവും കൂട്ടായ്മയും ഉടമ്പടിയും ഉറപ്പിക്കാൻ

പങ്കാളികൾ ഒരുമിച്ച് ഉപ്പു തിന്നുക പതിവായിരുന്നു. പരസ്പരം വിശ്വസ്തത പാലിക്കാനുള്ള ഉത്തരവാദിത്വമാണ് ഇതിലൂടെ അവർ ഏറ്റെടുക്കുക. ഇതിനെ ഉടമ്പടിയുടെ ഉപ്പ് എന്ന് വിളിക്കുന്നു. അലംഘനീയമായ ഉടമ്പടിയെ ഹീബ്രുഭാഷയിൽ "ഉപ്പിന്റെ ഉടമ്പടി" (സംഖ്യ 18, 19) എന്നു വിളിക്കുന്നു. ബലിയിൽ ഉപ്പു ചേർക്കുന്നതിലൂടെ കർത്താവിനോടുള്ള വിശ്വസ്തത ഏറ്റുപറയുന്നു.

ധാന്യബലിയിൽ നിന്നു ബലിപീഠത്തിൽ ദഹിപ്പിച്ച സ്മരണാംശം ഒഴികെ ബാക്കിയുള്ളതു മുഴുവൻ പുരോഹിതന്റെ അവകാശമായി നിശ്ചയിച്ചിരിക്കുന്നു. മറ്റു ഗോത്രങ്ങൾക്കുള്ളതു പോലെ ഇസ്രായേലിൽ സ്വന്തമായി വസ്തുവകകളില്ലാത്ത ലേവീഗോത്രക്കാർക്കും അവരിലെ പുരോഹിതന്മാർക്കും ബലിയർപ്പണത്തിൽ നിന്നു ലഭിക്കുന്ന വിഹിതം അവരുടെ ജീവസന്ധാരണത്തിനുള്ള മാർഗ്ഗമായിരുന്നു. (സംഖ്യ 18, 8-19; നിയ 18, 1-5).

5, 14-18 വാക്യങ്ങളിൽ ധാന്യബലിയിൽ നിന്ന് പുരോഹിതന്മാർക്കുള്ള അവകാശത്തെക്കുറിച്ചു വീണ്ടും പരാമർശിക്കുന്നുണ്ട്. അവർക്കായി മാറ്റിവെക്കുന്ന ഭാഗം ഏറ്റം വിശുദ്ധമായിരിക്കും എന്നും അവയെ സ്പർശിക്കുന്നവരെല്ലാം വിശുദ്ധരായിത്തീരും എന്നും ഉള്ള പ്രസ്താവനകൾ വിശുദ്ധിയെക്കുറിച്ചു തികച്ചും യാന്ത്രികമായൊരു കാഴ്ചപ്പാടിനു വഴി തെളിക്കുന്നതാണ്. അപ്പത്തിന്റെ വിശുദ്ധിക്കാണ് ഇവിടെ പ്രാധാന്യം നൽകുന്നത്.

6, 19-23 വാക്യങ്ങളിൽ പ്രധാന പുരോഹിതൻ അനുദിനം പ്രഭാതത്തിലും സായാഹ്നത്തിലും അർപ്പിക്കേണ്ട ധാന്യബലിയെക്കുറിച്ചുള്ള നിയമങ്ങൾ നൽകിയിരിക്കുന്നു. ഈ ബലിവസ്തു പൂര്ണ്ണമായും ദഹിപ്പിക്കണം, അതിൽ നിന്നു ഭക്ഷിക്കാൻ പാടില്ല എന്നു പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

**വിചിന്തനം:** സമ്പന്നർ അർപ്പിക്കുന്ന മൃഗബലിയും ദരിദ്രർ അർപ്പിക്കുന്ന ധാന്യബലിയും കർത്താവിന് ഒരു പോലെ സ്വീകാര്യമായിരുന്നു. അർപ്പിക്കുന്ന വസ്തുവിന്റെ മൂല്യമല്ല, അർപ്പകന്റെ മനോഭാവമാണ് കർത്താവു ശ്രദ്ധിക്കുന്നത്. വിധവ

യുടെ ചെമ്പുതുട്ടകളെ ധനികരുടെ വലിയ ദാനങ്ങളേക്കാൾ യേശു വിലമതിച്ചല്ലോ.

പഴയ നിയമത്തിലെ ധാന്യബലിയുടെ സ്ഥാനത്ത് ഇന്ന് നമുക്ക് വിശുദ്ധ കുർബാന നൽകപ്പെട്ടിരിക്കുന്നു. ഇന്നു കാഴ്ച വയ്ക്കുന്ന അപ്പവും വീഞ്ഞും ദൈവത്തിന്റെ ദാനവും മനുഷ്യപ്രയത്നത്തിന്റെ ഫലവുമാണ്. അത് ദേവാലയത്തിലേക്കും ബലിപീഠത്തിലേക്കും കാഴ്ചയായി കൊണ്ടുവരേണ്ടത് അധ്വാനിച്ച് അപ്പം ഉല്പാദിപ്പിക്കുന്നവർ തന്നെയാണ്. വിശുദ്ധ കുർബാനയുടെ മധ്യേ കാഴ്ചവയ്പ് പ്രദക്ഷിണത്തിന് ഏറെ പ്രസക്തിയുണ്ട്.

പുളിപ്പില്ലാത്ത അപ്പവും ഉപ്പുചേർത്ത ബലിയും വിശുദ്ധിയിലും വിശ്വസ്തതയിലും വളരേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. ”നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു” എന്നു പഠിപ്പിച്ചവൻ ഉറകെട്ടുപോകാതിരിക്കാൻ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട് (മത്താ 5, 13).

### 3. സമാധാനബലി 3, 1-17; 7, 11-36.

ബലിയർപ്പണത്തിന്റെ പട്ടികയിൽ മൂന്നാമത്തേത് “സമാധാനബലി” എന്ന് അറിയപ്പെടുന്നു. “സേബാഹ്ശ്ലാമീം” എന്നാണ് ഇതിന്റെ ഹീബ്രുനാമം. “കൊല്ലപ്പെട്ടത്” എന്നാണ് സേബാഹ് എന്ന വാക്കിന്റെ അർത്ഥം ഇത് ബലിമൃഗത്തെ സൂചിപ്പിക്കുന്നു. ശ്ലാമീം എന്നത് ബഹുവചനമാണ്. ഇത് ശാലോം എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. പൂർണ്ണത്, രമ്യത, ഐക്യം എന്നൊക്കെയാണ് ശാലോം എന്ന പദത്തിന്റെ അർത്ഥം. ഇതിനെ സമാധാനം എന്നു പൊതുവേ വിവർത്തനം ചെയ്യുന്നു. ബലിയർപ്പകനും കർത്താവും തമ്മിൽ പൂർണ്ണമായ ഐക്യവും രമ്യതയും സ്ഥാപിക്കുന്നതിനുവേണ്ടി അർപ്പിക്കുന്നതാണ് ഈ ബലി എന്ന് പേരിൽനിന്നും അനുമാനിക്കാം.

3-ാം അധ്യായത്തിൽ ബലിമൃഗത്തേയും ബലിയർപ്പിക്കേണ്ട വിധത്തേയും കുറിച്ചുള്ള നിർദ്ദേശങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. 7, 11-36ൽ ബലിയർപ്പകനും പുരോഹിതനും ബലിമൃഗത്തിൽ നിന്ന്

ലഭിക്കുന്ന പങ്കിനെ കുറിച്ചു പ്രതിപാദിക്കുന്നു. ബലിവസ്തുവിന്റെ ഒരു ഭാഗം ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കുകയും ഒരു ഭാഗം പുരോഹിതനും ബാക്കി ബലിയർപ്പകനും ഭക്ഷിക്കുകയും ചെയ്യണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. ദൈവവും പുരോഹിതനും ബലിയർപ്പകനും ഒരേ വിരുന്നിൽ പങ്കു ചേരുകയും അതു വഴി കൂട്ടായ്മ ഉറപ്പിക്കുകയുമാണ് സമാധാന ബലിയിലൂടെ ചെയ്യുന്നത്.

ദഹനബലിയിലെന്നതുപോലെ തന്നെയാണ് സാമാധാന ബലിയിലും മൃഗത്തെ കൊല്ലുന്നതും രക്തം ബലിപീഠത്തിനു ചുറ്റം തളിക്കുന്നതും. ബലിമൃഗം ആടോ, മാടോ, ആകാം. ആൺമൃഗമായിരിക്കണം എന്നു നിർബ്ബന്ധമില്ല. എന്നാൽ ദഹനബലിയിലെന്നതുപോലെ പക്ഷികളെ സമാധാനബലിയായി അർപ്പിക്കാൻ പാടില്ല. ദഹനബലിയിൽ മൃഗത്തെ മുഴുവനായി അർപ്പിക്കുന്നു. എന്നാൽ സമാധാനബലിയിൽ മൃഗത്തിന്റെ മേദസ് മാത്രമേ ദഹിപ്പിക്കുന്നുള്ളു. മൃഗത്തിന്റെ ഏറ്റം വിലപ്പെട്ടതും രുചികരവുമായ ഭാഗമായി മേദസ് കരുതപ്പെട്ടതിനാലാവണം അതു കർത്താവിനു നൽകാൻ ആവശ്യപ്പെടുന്നത്. പലസ്തീനായിൽ വളരുന്ന ഒരു പ്രത്യേകതരം ചെമ്മരിയാടിന്റെ വാല് മേദസ് മുറ്റിയതും അസാധാരണമാം വിധം രുചികരവും ആയതിനാലാണ് കൊഴുത്ത വാല് ബലിയർപ്പിക്കണം എന്ന് 3, 9ൽ പ്രത്യേകം പറയുന്നത്. അഗ്നിയിൽ ദഹിക്കാൻ എളുപ്പമുള്ളതും കൂടുതൽ സുഗന്ധം പരത്തുന്നതും കൊഴുപ്പ് ആണെന്നതും അതു ബലിയർപ്പിക്കാൻ നിർദ്ദേശിക്കുന്നതിനു കാരണമായിരിക്കും. ആന്തരീകാവയവങ്ങളെ പൊതിഞ്ഞു സംരക്ഷിക്കുന്നതിനാൽ മേദസ് ജീവനോട് അടുത്തു ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ രക്തമെന്നതുപോലെ മേദസും ഭക്ഷിക്കരുതെന്നു നിർദ്ദേശിച്ചിരിക്കുന്നു.

7, 11-16ൽ സമാധാനബലിയെ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1. ലഭിച്ച ഏതെങ്കിലും അനുഗ്രഹത്തിന്റെ പേരിൽ ദൈവത്തിനു നന്ദി പറയാൻ അർപ്പിക്കുന്ന കൃതജ്ഞതാബലി. 2. ഏതെങ്കിലും കാരണത്താൽ കർത്താവിനു നൽകാം എന്നു വാഗ്ദാനം ചെയ്തതിന്റെ പേരിൽ അർപ്പിക്കാൻ കടപ്പെട്ട നേർച്ച

3. പ്രത്യേകമായ യാതൊരു കടപ്പാടുമില്ലാതെ, സ്വന്തം ഇഷ്ടപ്രകാരം അർപ്പിക്കുന്ന സ്വാഭിഷ്ടബലി. മൂന്നും അർപ്പിക്കേണ്ട വിധം ഒന്നുതന്നെ. എന്നാൽ കൃതജ്ഞതാബലി മറ്റു രണ്ടിനെയുകാൾ കൂടുതൽ വിശുദ്ധമായി കുരതപ്പെട്ടിരുന്നതുകൊണ്ട്, അതിന്റെ മാംസം ബലിയർപ്പിക്കുന്ന ദിവസം തന്നെ ഭക്ഷിക്കണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. മറ്റു രണ്ടു ബലികളുടെയും മാംസം രണ്ടാം ദിവസവും ഭക്ഷിക്കാം. മിച്ചം വരുന്നത് ചുട്ടുകളയണം.

ബലിമാംസം ഭക്ഷിക്കുന്നവർ ശുദ്ധിയുള്ളവരായിരിക്കണം എന്ന് 7, 19-21ൽ പ്രത്യേകം അനുസ്മരിപ്പിക്കുന്നു. ബാഹ്യമായ ശുദ്ധിയാണ് ഇവിടെയും മുഖ്യമായും ഉദ്ദേശിക്കുന്നത്. എങ്കിലും, അത് ആന്തരികശുദ്ധിയുടെ അടയാളമായിരിക്കണം എന്നതിൽ സംശയമില്ല. അശുദ്ധരായിരിക്കെ ബലിമാംസം ഭക്ഷിക്കുന്നവർക്കു കഠിനമായ ശിക്ഷ വിധിച്ചിരിക്കുന്നു. "സമൂഹത്തിൽ നിന്നു വിഛേദിക്കുക" എന്നത് അക്ഷരാർത്ഥത്തിൽ വധശിക്ഷയാണ്. എന്നാൽ ചിലപ്പോഴൊക്കെ, ഭ്രഷ്ടുകൽപിക്കലും ആകാം. ബലിയർപ്പണത്തിൽ മാത്രമല്ല, സമൂഹവുമായി യാതൊരു വിധത്തിലും ബന്ധപ്പെടാൻ അനുവദിക്കാത്തതാണല്ലോ ഭ്രഷ്ടു കല്പിക്കൽ.

പുരോഹിതന്റെ അവകാശമായ നെഞ്ചും കുറകും കർത്താവിന്റെ മുമ്പിൽ നീരാജനം ചെയ്യണം എന്ന് 31.34 വാകൃങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനെ കുറിച്ച് യഹൂദറബ്ബിമാർ നൽകിയിരിക്കുന്ന വ്യാഖ്യാനം ശ്രദ്ധേയമാണ്. ബലിയർപ്പകൻ നെഞ്ചും കുറകും കൈകളിലേന്തി ബലിപീഠത്തിനു മുമ്പിൽ നിൽക്കുമ്പോൾ പുരോഹിതൻ തന്റെ കൈകൾ ബലിയർപ്പകന്റെ കൈകൾക്കു താഴെ ചേർത്തു വച്ച് ബലിവസ്തുക്കൾ മുകളിലേക്ക് ഉയർത്തുകയും താഴേക്ക് താഴ്ത്തുകയും പിന്നീട് വലത്തേക്കും ഇടത്തേക്കും കൈകൾ നീക്കുകയും ചെയ്യുന്നു. ഇതാണ് നീരാജനം. ദൈവത്തോടും സഹോദരങ്ങളോടും രമ്യതയിലെത്തുന്നതിന്റെ പ്രതീകമാണത്രേ ഇത്. പഴയ നിയമത്തിലെ പുരോഹിതന്മാർക്കോ റബ്ബിമാർക്കോ മനസ്സിലാക്കാൻ കഴിയാതിരുന്ന ഒരു യാഥാർത്ഥ്യത്തിന്റെ പ്രതീകം ഇവിടെ നീരാജനം വഴി ആവിഷ്കരിക്കപ്പെടു

ന്നു. ഫലത്തിൽ, ബലിവസ്തുക്കൾ കൊണ്ട് കുരിശു വരക്കുക യാണ് പുരോഹിതൻ ചെയ്യുന്നുത്. കുരിശിലെ ബലിയർപ്പണ ത്തിന്റെ ഒരു മുന്നോടിയായിരുന്നു ഈ നീരജനം.

**വിചിന്തനം:** മൃഗബലിയും വിരുന്നും ലക്ഷ്യം വച്ച യാഥാർത്ഥ അനുരഞ്ജനം യേശുവിന്റെ ആത്മബലിയാണ് പൂർത്തായയത്. മൃഗങ്ങളുടെ മാംസത്തിന്റെ സ്ഥാനത്ത് സ്വന്തം ശരീരം യേശു നമുക്ക് ഭക്ഷണമായി നൽകുന്നു. അതു വഴി നാം ദൈവത്തോടും സഹോദരങ്ങളോടും പൂർണ്ണമായ രമ്യതയിലെ ത്തുന്നു. അശുദ്ധരായിരിക്കെ ബലിയില നിന്നു ഭക്ഷിക്കുന്നവർ ജനത്തിൽ നിന്നു വിഛേദിക്കപ്പെടുമെങ്കിൽ യേശുവിന്റെ ശരീരം അയോഗ്യതയോടെ സ്വീകരിക്കുന്നവർക്കും ലഭിക്കുക നിത്യനാ ശമായിരിക്കും (1 കോറി 11, 27-29; ഹെബ്രാ 10, 26-31). ബാഹ്യ മായ ശുദ്ധിയല്ല, പങ്കുവയ്ക്കുന്ന സ്നേഹത്തിൽനിന്നുത്ഭവി ക്കുന്ന ആന്തരിക വിശുദ്ധിയാണ് ഇവിടെ ആവശ്യമായിരിക്കുന്നത് (1 കോറി 11, 20-22).

## 4. പാപപരിഹാരബലി 4, 1-5, 13; 6, 24-30

പരിഹരിക്കാവുന്നതും അപരിഹാര്യവുമായ പാപങ്ങളെ കുറിച്ച് പഴയ നിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഉടമ്പടിയുടെ പ്രമാണങ്ങൾ മനഃപൂർവ്വം ലംഘിക്കുന്നത് അപരിഹാര്യമായ പാപ മായി കരുതപ്പെടുന്നു. ഇത്തരം പാപം ചെയ്യുന്നവർക്ക് വധശി ക്ഷയോ സമൂഹഭ്രഷ്ടോ കല്പിച്ചിരിക്കുന്നു. എന്നാൽ അറിവില്ലാ യ്മയോ മാനുഷിക ബലഹിനതയോ മൂലം ചെയ്തുപോകുന്ന പാപങ്ങൾക്കു പരിഹാരം അനുഷ്ഠിച്ചുകൊണ്ട് മോചനം നേടാൻ കഴിയും. അതിനു വേണ്ട ബലികളെ കുറിച്ചാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്.

"ഹത്താഅത്ത്" എന്ന ഹീബ്രുവാക്കാണ് പാപപരിഹാര ബലി എന്ന് ഇവിടെ വിവർത്തനം ചെയ്യുന്നത്. ലക്ഷ്യം തെറ്റുക, വഴി പിഴക്കുക എന്നൊക്കെ അർത്ഥമുള്ള "ഹത്താ" എന്ന ക്രിയാ ധാതുവിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം. ജീവിതത്തിന്റെ ലക്ഷ്യം തെറ്റുകയും പ്രമാണങ്ങളുടെ വഴിയിൽനിന്നു വ്യതിചലി

ക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നതിനാൽ ഇതിനെ പാപം എന്നു വിളിക്കുന്നു. “പാപബലി” എന്നാണ് ഓശാന ബൈബിൾ “ഹത്താഅത്ത്” എന്ന പദത്തെ വിവർത്തനം ചെയ്തിരിക്കുന്നത്. ഇംഗ്ലീഷിൽ പൊതുവെ Sin offering എന്നു പരിഭാഷപ്പെടുത്തുന്നു.

പാപത്തിന്റെ സ്വഭാവം, പാപം ചെയ്ത ആളിന്റെ അവസ്ഥ എന്നിവ പരിഗണിച്ചുകൊണ്ട് ബലിയർപ്പണത്തെ സംബന്ധിച്ച വ്യത്യസ്ത നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. അറിവില്ലായ്മ മൂലം ചെയ്തുപോകുന്ന പാപത്തിനുള്ള പരിഹാരമാണ് 4-ാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. പാപം ചെയ്യുന്ന ആളിന്റെ സമൂഹത്തിലെ സ്ഥാനം അനുസരിച്ച് പാപത്തിന്റെ കാഠിന്യം കൂടിയോ കുറഞ്ഞോ ഇരിക്കും. ഓരോരുത്തർക്കും കഴിവനുസരിച്ചുള്ള പരിഹാരബലി നിർദ്ദേശിച്ചിരിക്കുന്നു.

പുരോഹിതന്റെ പാപത്തിനുള്ള പരിഹാരബലിയെക്കുറിച്ച് 3-12 വാക്യങ്ങളിൽ പ്രതിപാദിക്കുന്നു. കാളക്കുട്ടിയെയാണ് ബലിയർപ്പിക്കേണ്ടത്. കാളക്കുട്ടിയുടെ തലയിൽ കൈവയ്ക്കുന്നത് അതിനെ തനിക്കു പകരം സമർപ്പിക്കുന്നു എന്നതിന്റെ അടയാളമാണ്. രക്തം കൊണ്ടു ചെയ്യേണ്ട മൂന്നു കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. 1, സമാഗമ കൂടാരത്തിനകത്ത്, അതിവിശുദ്ധസ്ഥലത്തിനു മുന്നിലുള്ള തിരശ്ശീലയിൽ ഏഴു തവണ തളിയ്ക്കണം. കർത്താവിന്റെ സിംഹാസനമായ കൃപാസനത്തെ മനുഷ്യദൃഷ്ടിയിൽ നിന്നു മറക്കുന്നതാണല്ലോ തിരശ്ശീല. അതിന്മേൽ രക്തം തളിക്കുന്നതു ജീവൻ കർത്താവിനു സമർപ്പിക്കുന്നതിന്റെ പ്രതീകമാണ്. 2. സുഗന്ധബലിപീഠത്തിന്റെ കൊമ്പിൽ പുരട്ടണം. കരുണയ്ക്കുവേണ്ടിയുള്ള യാചനയാണിത്, ബലിപീഠത്തിന്റെ കൊമ്പിൽ പിടിച്ചു നിൽക്കുന്നവർക്കു കരുണ ലഭിക്കും. 3. ദഹനബലിപീഠത്തിനു ചുവട്ടിൽ ഒഴിക്കണം. ജീവൻ കർത്താവിന്റെ സന്നിധിയിൽ ചൊരിയുന്നു എന്ന് ഇതിലൂടെ ഏറ്റു പറയുന്നു. സമാധാനബലിയിലെന്നതുപോലെ, വൃക്കകളും മേദസും ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കുന്നു. ബാക്കിയുള്ള ഭാഗങ്ങൾ ഭക്ഷിക്കുകയല്ല കൂടാരത്തിനു പുറത്തുവെച്ചു ദഹിപ്പിക്കുകയാണു ചെയ്യേ

ണ്ടത്. ജനത്തിനു വേണ്ടിയുള്ള പാപപരിഹാരബലിയിലും ഇതേ ചടങ്ങുകൾ തന്നെ നിർദ്ദേശിച്ചിരിക്കുന്നു. ഒരു കാര്യത്തിൽ മാത്രമേ വ്യത്യാസമുള്ളു. പുരോഹിതനല്ല, സമൂഹത്തിലെ ശ്രേഷ്ഠന്മാരാണ് മൃഗത്തിന്റെ തലയിൽ കൈകൾ വയ്ക്കേണ്ടത്.

ഭരണാധികാരിക്കുവേണ്ടി പരിഹാരബലിയായി കോലാട്ടിൻമുട്ടനെയും സാധാരണക്കാർക്കുവേണ്ടി പെണ്ണാടിനെയുമാണ് അർപ്പിക്കേണ്ടത്. അവയുടെ രക്തം സമാഗമകൂടാരത്തിനുള്ളിലേക്കു കൊണ്ടുപോകുന്നില്ല. മേദസ് ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കുകയും ബാക്കി ഭാഗങ്ങൾ പുരോഹിതന് അവകാശമായി ലഭിക്കുകയും ചെയ്യുന്നു.

സാക്ഷ്യം നൽകാൻ വിസമ്മതിക്കുക, അശുദ്ധവസ്തുക്കളെ സ്പർശിച്ച് അശുദ്ധരാകുക, അവിവേകമായി നേർച്ച നേർന്നിട്ടു നിറവേറ്റാതിരിക്കുക എന്നീ കുറ്റങ്ങൾക്കുള്ള പരിഹാരബലിയെ കുറിച്ച് 5, 1-13ൽ വിവരിക്കുന്നു. ഇവയെല്ലാം അശ്രദ്ധയോ, അറിവില്ലായ്മയോ മൂലം ചെയ്തുപോകുന്ന പാപങ്ങളാണ്. സാക്ഷ്യം നൽകാൻ വിസമ്മതിക്കുന്നത് ഭവിഷ്യത്തുക്കളെ ഭയന്നിട്ടായതിനാൽ അതും വലിയം പാതകമായി പരിഗമിക്കുന്നില്ല. എന്നാലും ഈ പാപങ്ങളെല്ലാം ഏറ്റു പറയണം എന്നത് 4-ാം അധ്യായത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ നിർദ്ദേശമാണ്. കഴിവുള്ളവർ ഒരു പെണ്ണാടിനെയും ദരിദ്രൻ രണ്ടു പക്ഷികളെയും അതിനും നിവൃത്തിയില്ലാത്തവൻ കുറച്ചു ഗോതമ്പുപൊടിയെങ്കിലും ബലിയായി അർപ്പിക്കണം. "ഏഫാ" എന്ന അളവ് ഏകദേശം 45 ലിറ്റർ ആണ്.

**വിചിന്തനം:** ബലിമൃഗത്തിന്റെ ശരീരം പാളയത്തിനു വെളിയിൽ വച്ചു ദഹിപ്പിക്കുന്നത് യേശുവിൽ പൂർത്തിയാകാനിരുന്നതിന്റെ അടയാളമായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തിനു പരിഹാരമായ യേശു സ്വയം ബലിയർപ്പിച്ചത് പാളയത്തിനു വെളിയിൽ വച്ചാണല്ലോ. യേശുവിനു വേണ്ടി അപമാനം സഹിക്കാനും സമൂഹത്തിന്റെ തിരസ്കരണം ഏറ്റുവാങ്ങാനും ശിഷ്യർ ഒരുങ്ങിയിരിക്കണം. പാപം ചെയ്യുന്നവൻ കഴിവിനൊത്തു പരി

ഹാരം ചെയ്യണം. എന്നാൽ പരിഹാരമായി അർപ്പിക്കുന്ന ബലി വസ്തുവിന്റെ വിലയേക്കാൾ പ്രധാനം താൻ പാപം ചെയ്തു പോയി എന്നു സമ്മതിച്ച് പാപം ഏറ്റു പറയുകയും പരിഹാരമനുഷ്ഠിക്കാൻ സന്നദ്ധനാവുകയും ചെയ്യുന്നതാണ്.

## 5. പ്രായശ്ചിത്തബലി 5, 14–6, 7; 7, 1–10

"ആശാം" എന്ന ഹീബ്രുവാക്കാണ് പ്രായശ്ചിത്തബലി എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. കുറ്റകൃത്യം എന്നും കുറ്റത്തിനു പരിഹാരമായി അർപ്പിക്കുന്ന ബലി എന്നും ഈ വാക്കിന് അർത്ഥമുണ്ട്. Guilt offering എന്നാണ് ഇംഗ്ലീഷ് വിവർത്തനം. "അപരാധബലി" എന്ന് ഓശാന ബൈബിൾ.

ദൈവത്തിനോ മനുഷ്യനോ എതിരെ, അറിഞ്ഞോ അറിയാതെയോ ചെയ്ത കുറ്റം മൂലം സംഭവിച്ച നഷ്ടം കണക്കു കൂട്ടുകയും, പരിഹാരത്തുക നിശ്ചയിക്കുകയും ചെയ്യാൻ കഴിയുന്ന സാഹചര്യത്തിൽ അർപ്പിക്കുന്ന ബലിയാണ് "ആശാം" എന്ന പദം കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. നഷ്ടപരിഹാരവും പിഴയും ഒടുക്കി, ലംഘിക്കപ്പെട്ട നീതി പുനഃസ്ഥാപിക്കാൻ ഇതു സഹായിക്കുന്നു. എന്നാൽ 17–19 വാകൃങ്ങളിൽ വിവരിക്കുന്ന സാഹചര്യം പാപപരിഹാരബലിയുമായി വ്യത്യാസമില്ലാത്തതാണ്. തന്നെയുമല്ല, 5, 6–7ൽ പാപപരിഹാരബലിയെ സൂചിപ്പിക്കാൻ "ആശാം" എന്ന പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ പാപപരിഹാരബലിയും പ്രായശ്ചത്തബലിയും തമ്മിലുള്ള വ്യത്യാസം എപ്പോഴും വ്യക്തമല്ല.

നേർച്ചകാഴ്ചകളുടെ കാര്യത്തിൽ വരുന്നു വീഴ്ച്ചയ്ക്കുള്ള പ്രായശ്ചിത്തമാണ് 5, 14–16 വാക്യങ്ങളിൽ വിവരിക്കുന്നത്. അശ്രദ്ധയോ അജ്ഞതയോ മൂലം ചെയ്തുപോകുന്ന പാപത്തെ പൊതുവിൽ കണ്ടുകൊണ്ട് 5, 17–19ൽ പ്രായശ്ചിത്തം നിർദ്ദേശിച്ചിരിക്കുന്നു. മനഃപൂർവ്വം ചെയ്യുന്ന സാമൂഹ്യനീതിയെ സംബന്ധിച്ച പാപങ്ങളും അവയ്ക്കുള്ള പ്രായശ്ചിത്തവുമാണ് 6,1–7ൽ വിവരിക്കുന്നത്. അയല്ക്കാരനെ വഞ്ചിക്കുന്നതും പീഢിപ്പിക്കുന്നതും കർത്താവിനോട് അവിശ്വസ്തത കാണിക്കലാണെന്ന് 6, 3ൽ പ്രത്യേകം എടുത്തു

പറഞ്ഞിരിക്കുന്നു. ഇപ്രകാരമുള്ള പാപങ്ങൾക്കെല്ലാം പരിഹാരമായി മൂന്നു കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. 1. നഷ്ടം കണക്കാക്കി തുക തിരിച്ചു കൊടുക്കുക 2. തുകയുടെ അഞ്ചിൽ ഒന്ന് പിഴയൊടുക്കുക 3. വിധിപ്രകാരമുള്ള പ്രായശ്ചിത്തബലി അർപ്പിക്കുക. 7, 1-10ൽ പ്രായശ്ചിത്തബലിയർപ്പിക്കേണ്ട വിധവും അതിൽനിന്നു പിരോഹിതനുള്ള വിഹിതവും നിശ്ചയിച്ചിരിക്കുന്നു. പ്രായശ്ചിത്തബലിയുടെ നിയമങ്ങൾ പരിഹാരബലിയുടേതു തന്നെ.

പരിഹാരബലിയെയും പ്രായശ്ചിത്തബലിയെയും കുറിച്ചുള്ള വിവരണങ്ങളിൽ അനേകം തവണ ആവർത്തിക്കുന്ന ഒരു വാക്കാണ് "പരിഹാരം ചെയ്യണം" എന്നത്. "കാപ്പർ" എന്ന ഹീബ്രു ക്രിയാധാതുവിന്റെ തീവ്രരൂപമായ "കിപ്പർ" എന്ന പദമാണ് ഇപ്രകാരം വിവർത്തനം ചെയ്യുന്നത്. മറയ്ക്കുക എന്നും മായ്ക്കുക എന്നു ഇതിന് അർത്ഥമുണ്ട്. ദൈവത്തിന്റെ മുമ്പിൽ നിന്ന് പാപങ്ങൾ മറയ്ക്കുകയാണ് ഈ ബലിയർപ്പണത്തിന്റെ ഉദ്ദേശ്യം എന്ന് ചിലർ വ്യാഖ്യാനിക്കുന്നു. പാപം യഥാർത്ഥത്തിൽ നീക്കം ചെയ്യപ്പെടുന്നില്ലെങ്കിലും, ദൈവം പാപിയുടെ പാപത്തെ പരിഗണിക്കാതിരിക്കുന്നു എന്നത്രേ ഈ വ്യാഖ്യാനത്തിന്റെ അർത്ഥം. എന്നാൽ പാപം ആരോപിക്കാതിരിക്കുക മാത്രമല്ല, തുടച്ചുനീക്കുക തന്നെ ചെയ്യുന്നു എന്നും ഈ പ്രയോഗത്തെ വ്യാഖ്യാനിക്കാൻ കഴിയും.

പാപം എത്ര വലുതോ ചെറുതോ ആകട്ടെ, അത് സൃഷ്ടപ്രപഞ്ചത്തിൽ ക്രമക്കേടു വരുത്തിവയ്ക്കുന്നു. അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന എല്ലാ പാപങ്ങളെ സംബന്ധിച്ചും ഈ കാഴ്ചപ്പാടാമ് ബൈബിളിലുള്ളത്. ഈ ക്രമക്കേടു പരിഹരിക്കാൻ കുറ്റം ഏറ്റുപറയുകയും നഷ്ടപരിഹാരം നൽകുകയും മാത്രം ചെയ്താൽ പോരാ. ബലിയർപ്പണവും ആവശ്യമാണെന്ന് പഠനവിഷയമായ ബൈബിൾ ഭാഗങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. പാപം വഴി പ്രപഞ്ചത്തിൽ ക്രമക്കേടുണ്ടാക്കിയ മനുഷ്യൻ ദൈവത്തിന്റെ അപ്രീതിക്കു പാത്രമാകുന്നു. ബലിയർപ്പണം വഴി പരിഹാരം ചെയ്തു കഴിയുമ്പോൾ പാപിയായിരുന്നവൻ വീണ്ടും ദൈവത്തിനു സ്വീകാര്യനായിത്തീരുന്നു. ഈ കാഴ്ചപ്പാടാണ് പാപപരിഹാരം, പ്രായ

ശ്ചിത്തം എന്ന പദങ്ങളിലൂടെ അവതരിപ്പിക്കുന്നത്. 16-ാം അധ്യാ യത്തിൽ ഈ ആശയം കൂടുതൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

**വിചിന്തനം:** എല്ലാ പാപങ്ങളും ദൈവത്തോടും മനുഷ്യ രോടുമുള്ള ബന്ധങ്ങളിൽ കോട്ടം വരുത്തുന്നു. അതിനാൽ പാപ പരിഹാരം ഈ രണ്ടു മാനങ്ങളും കണക്കിലെടുക്കണം. സഹോ ദരനെ വഞ്ചിച്ചവൻ നഷ്ടപരിഹാരം കൊടുത്താൽ മാത്രം പോരാ, വഞ്ചനയിലൂടെ ദൈവപ്രമാണം ലംഘിക്കുകയും ദൈവത്തോടുള്ള ബന്ധത്തിൽ കോട്ടം വരുത്തുകയും ചെയ്തതിനാൽ, കുറ്റം ദൈവ ത്തോടും ഏറ്റു പറയുകയും പരിഹാരബലിയിലൂടേ ദൈവപ്രീതി നേടുകയും വേണം. പക്ഷേ, പണം കൊടുത്തോ മറ്റേതെങ്കിലും വിധത്തിലോ പരിഹരിക്കാനാവാത്ത കുറ്റങ്ങളും പാപങ്ങളുമുണ്ട്. വിഗ്രഹാരാധന, ദൈവദൂഷണം, കൊലപാതകം, വ്യഭിചാരം, ദുഷ്പ്രചകണം തുടങ്ങിയ അനേകം പാപങ്ങൾ എങ്ങനെ പരിഹ രിക്കാനാവും? പരിഹാരബലികളും പ്രായശ്ചിത്തബലികളും വഴി ഈ പാപങ്ങൾ മായ്ക്കപ്പെടുകയില്ല. പഴയ നിയമബലികളുടെ എല്ലാം അപര്യാപ്തത ഇവിടെ പ്രകടമാകുന്നു.

മനുഷ്യന് അസാധ്യമായ പാപപരിഹാരം മനുഷ്യനായി അവ തരിച്ച ദൈവപുത്രൻ നിർവ്വഹിച്ചു. "അവൻ നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയാണ്" (1 യോഹ 2,2; 4, 10; ഹെബ്രാ 2, 17; 10, 3-10). പഴയ നിയമത്തിലെ സകല ബലികളും യേശുവിന്റെ ഏക ബലിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അവയ്ക്കു പാപപരിഹാ രശക്തി ലഭിച്ചതും യേശുവിന്റെ ബലിയിൽ നിന്നത്രേ. യേശുവി ലൂടെ ലഭ്യമായ പാപമോചനം പ്രാപിക്കാൻ ബലിയർപ്പണത്തിൽ പങ്കു ചേർന്നാൽ മാത്രം പോരാ, ചെയ്ത തെറ്റുകൾക്ക് കഴിവനു സരിച്ചു നഷ്ടപരിഹാരം നൽകുകകയും സഹോദരങ്ങളോടും ദൈവത്തോടും ഏറ്റുപറഞ്ഞ് രമ്യതയിലെത്താൻ ശ്രമിക്കുകയും ചെയ്യണം.

## ചോദ്യങ്ങൾ

1. എന്തുകൊണ്ടു ബൈബിളിലെ മൂന്നാമത്തെ പുസ്തകം "ലേവ്യർ" എന്ന പേരിൽ അറയിപ്പെടുന്നത്? ഹീബ്രുഭാഷയിൽ എന്തുപേരി

ലാണ് ഈ പുസ്തകം അറിയപ്പെടുന്നത്? എന്താണ് അതിന്റെ അർത്ഥം?

2. എന്താണ് ലേവ്യ പുസ്തകത്തിന്റെ പ്രധാന പ്രമേയം? ഈ പുസ്തകത്തിന് ഇന്ന് എന്തു പ്രസക്തിയുണ്ട്?

3. എത്രതരം ബലികളെ കുറിച്ച് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്? എന്തടിസ്ഥാനത്തിലാണ് ബലികളെ തരം തിരിച്ചിരിക്കുന്നത്?

4. കുർബാന എന്ന പദത്തിന്റെ ഉത്ഭവവും അർത്ഥവും വ്യക്തമാക്കുക.

5. എന്താണ് സ്മരണാംശം? എന്തിനുവേണ്ടിയാണ് അത് ബലിപീഠത്തിൽ വച്ചു ദഹിപ്പിക്കുന്നത്?

6. എന്താണ് സമാധാനബലിയുടെ പ്രത്യേകതകൾ? എന്തുകൊണ്ട് ഈ പേരിൽ അറിയപ്പെടുന്നു?

7. എപ്രകാരമുള്ള പാപങ്ങളെ പ്രതിയാണ് പരിഹാരബലിയും പ്രായശ്ചിത്തബലിയും അർപ്പിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്?

8. രക്തവും മേദസും ഭക്ഷിക്കരുത് എന്നു കല്പിച്ചിരിക്കുന്നത് എന്തുകൊണ്ട്?

9. ബലികളെക്കുറിച്ചുള്ള ഈ നിയമങ്ങളിൽ നിന്ന് എന്തു സന്ദേശമാണ് നിങ്ങൾക്കു ലഭിക്കുന്നത്?

10. പ്രവാചകന്മാർ ബലികൾക്കെതിരെ സംസാരിച്ചത് എന്തുകൊണ്ട്?

## ചർച്ചയ്ക്ക്:

1. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് (മത്താ 9, 13) എന്ന യേശുവചനത്തിൻരെ വെളിച്ചത്തിൽ ലേവ്യപുസ്തകത്തിലെ വിവിധങ്ങളായ ബലിയുടെ പ്രസക്തിയെ കുറിച്ചു ചർച്ച ചെയ്യുക.

2. അയൽക്കാരനെതിരെ തെറ്റു ചെയ്താൽ, അയാളോട് ഏറ്റു

പറഞ്ഞു നഷ്ടപരിഹാരം കൊടുത്താൽ പോരേ? അതിനു പുറമെ പ്രാർത്ഥനയും ബലിയർപ്പണവും നിർദ്ദേശിക്കുന്നത് എന്തിന്?

**പ്രാർത്ഥന:** 40-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

# 2. പൗരോഹിത്യം 8–10

വിവിധങ്ങളായ ബലിയർപ്പണങ്ങളെ കുറിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾക്കുശേഷം ബലിയർപ്പിക്കുന്ന പുരോഹിതനിലേക്ക് വി. ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. പുരോഹിതാഭിഷേകവും അതുമായി ബന്ധപ്പെട്ട ഏഴുദിവസത്തെ ബലിയർപ്പണങ്ങളുമാണ് 8–ാം അധ്യായത്തിൽ വിവരിക്കുന്നത്. അഭിഷേകാഘോഷങ്ങളുടെ അവസാനം, എട്ടാം ദിവസം ആചരിക്കേണ്ട കർമ്മങ്ങൾ 9–ാം അധ്യായത്തിൽ വിവരിക്കുന്നു. അഭിഷിക്തരായ രണ്ടു പുരോഹിതന്മാരുടെ പാപവും അതിന് അവർ അനുഭവിച്ച ശിക്ഷയും, മേലിൽ ഇപ്രകാരമുള്ള അത്യാഹിതങ്ങൾ ഉണ്ടാകാതിരിക്കാൻ പുരോഹിതന്മാർ ശ്രദ്ധിക്കേണ്ട ചില നിയമങ്ങളും ആണ് 10–ാം അധ്യായത്തിൽ വിവരിക്കുന്നത്.

## 1. അഭിഷേകം 8, 1–36

ഇവിടെ നടക്കുന്നതെല്ലാം പൂർണ്ണമായും കർത്താവിന്റെ ഹിതം അനുസരിച്ചാണ് എന്ന് അനുസ്മരിപ്പിക്കാൻ വേണ്ടി "കർത്താവ് മോശയോട് അരുളിച്ചെയ്തു" എന്ന മുഖവുരയോടെ വിവരണം ആരംഭിക്കുന്നു. കർത്താവ് കല്പിച്ചതനുസരിച്ച് മോശയും അഹറോനും പുത്രന്മാരും പ്രവർത്തിച്ചു എന്ന് വീണ്ടു പലതവണ ആവർത്തിക്കുന്നുണ്ട് (8, 3.5. 13. 29, 34, 36). പുരോഹിതാഭിഷേകത്തെ കുറിച്ച് പുറ 29–ാം അധ്യായത്തിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളുടെ പൂർത്തീകരണമാണ് ഇവിടെ വിവരിക്കുന്നത്.

1–4 വാക്യങ്ങളിൽ പുരോഹിതാഭിഷേകത്തിനുള്ള സജ്ജീകരണങ്ങളെ കുറിച്ചു പ്രതിപാദിക്കുന്നു. പുരോഹിത വസ്ത്രങ്ങളെ കുറിച്ചു പ്രതിപാദിക്കുന്നു. പുരോഹിത വസ്ത്രങ്ങളെ കുറിച്ച് പുറ 28–ാം അധ്യായത്തിലും അഭിഷേകതൈലത്തെ കുറിച്ച് പുറ, 30, 22–33ലും നിർദ്ദേശങ്ങൾ നൽകിയിരുന്നു. അഭിഷേകത്തോടു ബന്ധപ്പെട്ട ബലിവസ്തുക്കളെ കുറിച്ച് പുറ 29, 1–3ൽ പിരതിപാദിച്ചിട്ടുണ്ട്. ഇസ്രായേൽ ജനത്തെ മുഴുവനും സംബ

ന്ധിക്കുന്ന പരസ്യാരാധനയ്ക്കു വേണ്ടിയാണ് അഹറോനും പുത്രന്മാരും പിരോഹിതന്മാരായി അഭിഷേകം ചെയ്യുന്നത്. അതിനാൽ അവരുടെ അഭിഷേകത്തിനു സാക്ഷികളാകാൻ ജനം മുഴുവൻ ക്ഷണിക്കപ്പെടുന്നു.

അഹറോനും പുത്രന്മാരും പുരോഹിതന്മാരായി അവരോധിക്കപ്പെടുന്നതിനുള്ള മൂന്നു പ്രധാന ചടങ്ങുകളാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. 1. ശുദ്ധീകരണം 2. വസ്ത്രധാരണം 3. അഭിഷേകം 5-9 വാക്യങ്ങളിൽ ആദ്യത്തെ രണ്ടു ചടങ്ങുകൾ വിവരിക്കുന്നു. വെള്ളം കൊണ്ടു കഴുകുന്നത് ശാരീരികവും ആത്മീയവുമായ ശുദ്ധീകരണത്തിൻരെ അടയാളമാണ്. ദൈവശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നവർ പ്രത്യേകമാം വിധം വുശുദ്ധരായിരിക്കണം എന്ന് ഈ ചടങ്ങ് അനുസ്മപരിപ്പിക്കുന്നു. പുതിയ നിയമകാലക്ക് ഖുമ്റാൻ സന്യാസികളുടെയും സ്നാപക ശിഷ്യന്മാരുടെയും ഇടയിൽ നിലവിലിരുന്ന സ്നാപനത്തിന്റെ പശ്ചാത്തലം ഇവിടെ കാണാം. ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരാകുന്നതും ഇപ്രകാരം ഒരു കഴുകൽ (മാമ്മോദീസ) വഴിയാണല്ലോ.

7-9 വാക്യങ്ങളിൽ വിവരിക്കുന്ന പ്രധാന പുരോഹിതന്റെ വസ്ത്രങ്ങൾ രാജകീയ വസ്ത്രങ്ങളാണ്, പ്രത്യേകിച്ചു "തലപ്പാവം വിശുദ്ധമായ പൊൻതകിടും". പ്രവാസത്തിനുശേഷം ഇസ്രായേലിൽ രാജാക്കന്മാരില്ലാതിരുന്ന സാഹചര്യത്തിൽ പ്രധാന പുരോഹിതന് രാജകീയ പരിവേഷം ലഭിച്ചതിന്റെ സ്വാധീനം വസ്ത്രങ്ങളെകുറിച്ചുള്ള ഈ പരാമർശത്തിൽ ദൃശ്യമാണ്. മക്കബായരുടെ കാലമായപ്പോഴേക്കും ഒരാൾ തന്നെ രാജാവം പ്രധാന പുരോഹിതനുമായി അവരോധിക്കപ്പെടുകയും ശുശ്രൂഷകൾ അനുഷ്ഠിക്കുകയും ചെയ്യുന്നതും കാണാം.

മൂന്നു ഘട്ടമായിട്ടാണ് അഭിഷേകകർമ്മം വിഭാവനം ചെയ്തിരിക്കുന്നത്; തൈലാഭിഷേകം (10-13), രക്താഭിഷേകം (23-24), തൈലവും രക്തവും ചേർത്തുള്ള അഭിഷേകം (30). ഇവയ്ക്കു മധ്യേ നാലു ബലികളെ കുറിച്ചു പ്രതിപാദിക്കുന്നു. പാപപരി

ഹാരബലി (14-17), ദഹനബലി (18-21), സമാധാനബലിയും ധാന്യ ബലിയും (22-29).

ബലിപീഠവും ഉപകരണങ്ങളും അഭിഷേകം ചെയ്തതിനു ശേഷമാണ് പുരോഹിതനെ അഭിഷേകം ചെയ്യുന്നത്. രണ്ടിനും ഒരേ തൈലം തന്നെ ഉപയോഗിക്കുന്നു. തൈലാഭിഷേകം വഴി വ്യകതികളെയും വസ്തുക്കളെയും ദൈവശുശ്രൂഷക്കായി മാറ്റി വയ്ക്കുകയും പ്രത്യേകം പ്രതിഷ്ഠിക്കുകയുമാണ് ചെയ്യുന്നത്. പ്രധാന പുരോഹിതനായ അഹറോനും സഹപുരോഹിതന്മാരായ പുത്രന്മാർക്കു നൽകുന്ന അഭിഷേകത്തിലും അവരുടെ വേഷത്തിൽ എന്നുപോലെ വ്യത്യാസമുണ്ട്. പ്രധാന പുരോഹിതനെ മാത്രമേ ശിരസ്സിൽ തൈലാഭിഷേകം ചെയ്യുന്നുള്ളു. ശിരസിൽ തൈലം പൂശുന്നത് വ്യക്തിയെ മുഴുവനായി വിശുദ്ധീകരിച്ച് ദൈവശുശ്രൂഷയ്ക്കായി സമർപ്പിക്കുന്നതിന്റെ പ്രതീകമാണ്. ആരംഭത്തിൽ രാജാക്കന്മാരെ മാത്രമേ ശിരസിൽ തൈലാഭിഷേകം ചെയ്തിരുന്നുള്ളു. ഇസ്രായേലിൽ പൊരോഹിത്യം പിതാക്കന്മാരിൽ നിന്നു പുത്രന്മാരിലേക്കു പരമ്പരാഗതമായി കൈമാറപ്പെടുകയായിരുന്നു. പ്രവാസത്തിനുശേഷം മാത്രമാണ് തൈലാഭിഷേകം വഴി പുരോഹിത ശുശ്രൂഷക്കായി വ്യക്തികളെ നിയോഗിക്കുന്ന പതിവ് നടപ്പിൽ വന്നത് എന്ന് ബൈബിൾ പഠിതാക്കൾ കരുതുന്നു. ഈ ആചരണത്തിനു നിയമപരമായ സാധുത നൽകുന്നതാണ് അഹറോന്റെ അഭിശഷേകത്തെ കുറിച്ചുള്ള വിവരണം.

അഭിഷേകവും തുടർന്നുള്ള ബലിയർപ്പണവും മോശയാണ് നടത്തുന്നത്. അതുവഴി ദൈവഹിതം പൂർണ്ണമായി അനുവർത്തിക്കുന്ന വിശ്വസ്തദാസനും ജനത്തിനു മധ്യസ്ഥനുമായി അദ്ദേഹം പ്രത്യക്ഷപ്പെടുന്നു പ്രധാന പുരോഹിതനെപ്പോലും അഭിഷേകം ചെയ്യുകയും ബലിയർപ്പിക്കുകയും ചെയ്യുന്ന മോശ ഒരേ സമയം പുരോഹിതനും പ്രവാചകനും ഭരണാധിപനുമാണ്. യേശുവിൽ പൂർത്തിയായ ഈ ത്രിവിധാധികാരത്തിന്റെ ഒരു മുൻപ്രതിഫലനം മോശയിൽ കാണാം.

വിവിധ ബലികളെ കുറിച്ച് 1-7 അധ്യായങ്ങളിൽ നൽകിയി

രിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഇവിടെ മോശ ബലിയർപ്പിക്കുന്നത്. 14-17 വാക്യങ്ങളിൽ വിവരിക്കുന്ന പാപപരിഹാരബലി അഹറോന്റെയും പുത്രന്മാരുടെയും പാപങ്ങൾക്കു പരിഹാരത്തിനും ബലിപീഠത്തിന്റെ ശുദ്ധീകരമത്തിനു വേണ്ടിയത്രേ. ദഹനബലി (18-21) അഹറോനെയും പുത്രന്മാരെയു പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്നതിന്റെ പ്രതീകമാണ്. മൂന്നാമത്ത ബലിയുടെ ചടങ്ങ് സമാധാനബലിയുടേതാണെങ്കിലും ഇതിനെ “അഭിഷേകബലി” എന്നാണ് (22-28) വിളിക്കുന്നത്.

23-24 വാക്യങ്ങളിൽ വിവരിക്കുന്ന രക്താഭിഷേകം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഏല്പിക്കപ്പെടുന്ന പൗരോഹിത്യധർമ്മത്തോട്, സ്വന്തം രക്തം ചിന്തിക്കൊണ്ടുപോലും, ആജീവനാന്തം വിശ്വസ്തത പുലർത്താനുള്ള ഗൗരവാവഹമായ ഉത്തരവാദിത്വത്തെ കുറിച്ച അനുസ്മരിപ്പിക്കുന്നതാണ് ഈ ചടങ്ങ്. ശക്തിയുടെയും അധികാരത്തിന്റെയും മഹത്വത്തിന്റെയും പ്രതീകമാണ് വലതുവശം. അതിനാൽ വലത്തുഭാഗത്തെ അവയവങ്ങൾ അഭിഷേകം ചെയ്യുന്നത് വ്യക്തിയുടെ സകല കഴിവുകളെയും വിശുദ്ധീകരിച്ച്, ദൈവികശുശ്രൂഷയ്ക്കായി സമർപ്പിക്കുന്നതിന്റെ അടയാളമാണ്. ദൈവവചനം കേൾക്കാനും ദൈവകല്പന അനുസരിക്കാനുമുള്ള കടമയെ സൂചിപ്പിക്കാൻ വേണ്ടി വലതു ചെവിയുടെ അഗ്രം അഭിഷേകം ചെയ്യുന്നു. പുരോഹിതന്റെ സകല ചെയ്തികളെയും വിശുദ്ധീകരിച്ചു സമർപ്പിക്കുന്നതിനുവേണ്ടി വലതുകൈയുടെ തള്ളവിരലും അഭിഷേകം ചെയ്യുന്നു. പുരോഹിതന്റെ സകല ചെയ്തികളെയും വിശുദ്ധീകരിച്ചു സമർപ്പിക്കുന്നതിനുവേണ്ടി വലതുകൈയുടെ തള്ളവിരലും, ദൈവത്തിന്റെ പാതയിലൂടെ മാത്രം നടക്കാൻ പ്രാപ്തനാക്കുന്നതിനുവേണ്ടി വലതുകാലിന്റെ പെരുവിരലും അഭിഷേകം ചെയ്യുന്നു. തൈലവും രക്തവും കലർത്തി പുരോഹിതന്മാരെയും അവരുടെ വസ്ത്രങ്ങളെയും തളിച്ചു ശുദ്ധീകരിക്കുന്നതിനായി 30-ാം വാക്യത്തിൽ വിവരിച്ചിരിക്കുന്നു. മൂന്ന് പൂർണ്ണതയുടെ സംഖ്യയായി പരിഗണിക്കപ്പെടുന്നതിനാൽ മൂന്നു തവണ നടക്കുന്ന അഭിഷേകം പുരോഹിതന്മാർ പൂർണ്ണമായി ദൈവശുശ്രൂഷയ്ക്കുവേണ്ടി പ്രതിഷ്ഠിക്കപ്പെടുന്നതിന്റെ അടയാ

ളമാണ്.

പുരോഹിതാഭിഷേകകർമ്മം ഏഴു ദിവസത്തേക്കു നീണ്ടു നിന്നെന്നും ആ ഏഴു ദിവസവും പുരോഹിതന്മാർ സമാഗമ കൂടാരത്തിൽത്തന്നെ വസിച്ചെന്നും (31-36) രേഖപ്പെടുത്തിയിരിക്കുന്നു. തങ്ങളുടെ ജീവിതം മുഴുവനായി ദൈവത്തിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പുരോഹിതന്മാരെ അനുസ്മരിപ്പിക്കുന്നതാണ് സമാഗമകൂടാരത്തിലെ ഈ വാസം.

**വിചിന്തനം:** പഴയ നിയമത്തിൽ പൗരോഹിത്യം പരമ്പരാഗതമായി കൈമാറപ്പെട്ടിരുന്നു. എന്നാൽ സകല മനുഷ്യർക്കും ക്രിസ്തുവിൻരെ പൗരോഹിത്യത്തിൽ പങ്കുചേരാനുള്ള അവകാശം പുതിയ നിയമത്തിൽ നൽകപ്പെട്ടിരിക്കുന്നു. മാമ്മോദീസായിൽ നടക്കുന്ന തൈലാഭിഷ്കം ഈ പൗരോഹിത്യത്തിലുള്ള പങ്കുചേരലിന്റെ തുടക്കമാണ്. കാളക്കിടാവിന്റെയോ മുട്ടാടിന്റെയോ രക്തമല്ല, നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ രക്തമാണ് വിശ്വാസിയെ വിശുദ്ധീകരിക്കുന്നത്. ഇപ്രകാരം അഭിഷേകം ചെയ്യപ്പെട്ടവർ തങ്ങളെത്തന്നെ പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. അവന്റെ വാക്കു കേൾക്കാനും അവന്റെ പ്രവൃത്തികൾ ചെയ്യാനും അവന്റെ വഴിയേ നടക്കാനും വേണ്ടി അഭിഷേകം ചെയ്യപ്പെട്ടവനാണ് ക്രിസ്ത്യാനി. മാമ്മോദീസായുടെ അവസരത്തിൽ നെറ്റിയിലും നെഞ്ചിലും തൈലം പൂശിക്കൊണ്ട് വിചാരത്തെയും വികാരത്തെയും തീരുമാനങ്ങളെയും വിശുദ്ധീകരിച്ച് കർത്താവിനു സമർപ്പിക്കുന്നു. അപ്പോൾ നൽകുന്ന വെള്ള വസ്ത്രം ഈ സമർപ്പണത്തെയും ഉത്തരവാദിത്വത്തെയും കുറിച്ച് അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുസഭയിലെ ശുശ്രൂഷാപൗരോഹിത്യത്തിന്റെ വേരുകൾ ഇവിടെ വിവരിക്കുന്ന അഭിഷേകക്രമത്തിൽ ഊന്നിനിൽക്കുന്നതായി കാണാം. പ്രധാന പുരോഹിതനായ അഹറോന്റെ വേഷവും അഭിഷേകവും ഇന്നത്തെ മെത്രാൻവേഷത്തിലും അഭിഷേകത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതുപോലെ തന്നെ വൈദികരുടെ അഭിഷേകത്തിലും ആരാധനാകർമ്മങ്ങൾക്ക് ഉപ

യോഗിക്കുന്ന വേഷത്തിലും ലേവീപൗരോഹിത്യത്തിന്റെ സ്വാധീനം കാണാം. എന്നാൽ, ക്രിസ്തീയപൗരോഹിത്യം ലേവീ പൗരോഹിത്യത്തിന്റെ തുടർച്ചയല്ല, ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കുചേരലാണ്. അത് പരമ്പരാഗതമായിട്ടല്ല തിരഞ്ഞെടുപ്പു വഴിയാണ് ലഭിക്കുന്നത് എന്നു വിസ്മരിച്ചുകൂടാ.

## 2. പുരോഹിതശുശ്രൂഷ 9, 1-24

ഏഴുദിവസം നീണ്ടു നിന്ന പുരോഹിതാഭിഷേകകർമ്മത്തിനുശേഷം എട്ടാം ദിവസം അഹറോനും പുത്രന്മാരും കൂടി ആഘോഷമായി ബലികൾ അർപ്പിച്ചതിന്റെ വിവരണമാണ് 9-ാം അധ്യായത്തിലുള്ളത്. 1-7 വാക്യങ്ങളിൽ മോശ നൽകിയ നിർദ്ദേശങ്ങൾ വിവരിച്ചിരിക്കുന്നു. പുരോഹിതന്മാർ തങ്ങൾക്കു വേണ്ടി പാപപരിഹാരബലിയും ദഹനബലിയും ജനത്തിനുവേണ്ടി പാപപരിഹാരബലി, ദഹനബലി, സമാധാനബലി, ധാന്യബലി എന്നിവയും അർപ്പിക്കണം. ബലിയർപ്പണവേളയിൽ കർത്താവ് ജനത്തിനു പ്രത്യക്ഷപ്പെടും എന്ന് 4,6 വാക്യങ്ങളിൽ ആവർത്തിച്ചു നൽകുന്ന വാഗ്ദാനം സീനായ്മലയിൽ വച്ച് ഉണ്ടാ ദൈവദർശനത്തെ (പുറ 9, 11) അനുസ്മരിപ്പിക്കുന്നു.

അഹറോനും പുത്രന്മാരും തങ്ങൾക്കുവേണ്ടി പാപപരിഹാരബലിയും ദഹനബലിയും അർപ്പിച്ചതിന്റെ വിവരണ 8-14 വാക്യങ്ങളിൽ നൽകിയിരിക്കുന്നു. 15-21 വാക്യങ്ങളിൽ ജനത്തിനു വേണ്ടി ബലികൾ അർപ്പിച്ചതിനെ വിവരിക്കുന്നു. 22-ാം വാക്യത്തിൽ അഹറോൻ ജനത്തെ കൈകളുയർത്തി അനുഗ്രഹിച്ചു എന്നല്ലാതെ എന്തു പറഞ്ഞാണ് അനുഗ്രഹിച്ചത് എന്നു രേഖപ്പെടുത്തിയിട്ടില്ല. സംഖ്യ 6, 24-26ൽ നൽകിയിരിക്കുന്ന അനുഗ്രഹത്തിന്റെ വാക്കുകൾ ഇവിടെയും ഒരു മാതൃകയായി കാണാം. കർത്താവിന്റെ സന്നിധിയിൽനിന്ന് അഗ്നി പുറപ്പെട്ട് ബലിവസ്തുക്കളെ ദഹിപ്പിച്ചത് കർത്താവു ബലി സ്വീകരിച്ചതിന്റെ അടയാളമാണ് (ന്യായാ 6, 21; രാജാ 18,38). ഇതിലൂടെ ദൈവികസാന്നിധ്യം അനുഭവിച്ചറിഞ്ഞ ജനം സാഷ്ടാംഗം പ്രണമിച്ച് ദൈവത്തെ ആരാധിക്കുകയും തങ്ങളുടെ അനുസരണം ഏറ്റു പറയുകയും ചെയ്തു.

വിചിന്തനം: അഭിഷിക്തരായ പുരോഹിതന്മാർ ആദ്യമേ ചെയ്തത് തങ്ങളുടെ തന്നെ പാപങ്ങൾക്കു പരീഹാരമായ ബലികൾ അർപ്പി ക്കുകയാണ്. പുരോഹിതന്മാരും ബലഹീനരായ മനുഷ്യരാണെ ന്നും, തങ്ങളെത്തന്നെ നിരന്തരം വിശുദ്ധീകരിക്കാനും സ്വന്തം പാപങ്ങൾക്കു പരിഹാരം അനുഷ്ഠിക്കാനും കടപ്പെട്ടിരിക്കുന്നു എന്നും ഇത് അനുസ്മരിപ്പിക്കുന്നു.

ജനങ്ങൾക്കു വേണ്ടി അർപ്പിച്ച മൂന്നു തരം ബലികളിൽ ദൈവമനുഷ്യബന്ധത്തിന്റെ മൂന്നു തലങ്ങൾ പ്രകടമാകുന്നു. 1. പാപപരിഹാരബലി പാപത്തെക്കുറിച്ചുള്ള അവബോധവും പാപ ത്തിൽ നിന്നുള്ള മോചനവും എന്നു സൂചിപ്പിക്കുന്നു. 2. സമ്പൂർണ്ണ ബലി തങ്ങളെതന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്ന തിന്റെ പ്രതീകമാണ്. 3. സമാധാനബലി: ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യത്തെ സൂചിപ്പിക്കുന്നു. പാപമോചനം, സമ്പൂർണ്ണസമർപ്പണം, അനുരഞ്ജനം എന്നീ മൂന്നു ഘടകങ്ങളും യേശുവിൻരെ ഏകബലിയിലൂടെ പൂർത്തീകരിക്കപ്പെട്ടു. ഓരോ വി. കുർബാനയിലും ഇവ പുനരാവിഷ്കരിക്കപ്പെടുന്നു.

## 3. പുരോഹിതന്മാരുടെ പാപം 10, 1-20

അഭിഷേകതൈലം തലയിൽ നിന്നു മായുന്നതിനു മുമ്പേ രണ്ടു പുരോഹിതന്മാർ ചെയ്ത തെറ്റും അതിന് അവർ അനുഭ വിച്ച ശിക്ഷയുമാണ് 1-2 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കു ന്നത്. അതിനെ തുടർന്ന് പുരോഹിതന്മാർ വിശുദ്ധരായിരിക്കേ ണ്ടതിന്റെ ആവശ്യകതയെയും, അതിന് ആവശ്യമായ ചില നിയ മങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്നു.

അഹറോന്റെ പുത്രന്മാരായ നദാബും അബിഹുവും ചെയ്ത തെറ്റ് എന്താണെന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നില്ല. "കർത്താവു കല്പിച്ചിട്ടില്ലായ്കയാൽ അഗ്നി അവിശുദ്ധമായി രുന്നു" എന്നു മാത്രമേ ഇവിടെ പറയുന്നുള്ളൂ. ഇതിന് പല വ്യാഖ്യാനങ്ങൾ നൽകാറുണ്ട്. കർത്താവിന്റെ സന്നിധിയിൽനിന്നു പുറപ്പെട്ട് ബലിവസ്തുക്കളെ ദഹിപ്പിച്ച അഗ്നി ബലിപീഠത്തിൽ നിരന്തരം കത്തിക്കൊണ്ടിരുന്നു. അതിൽ നിന്നാണ് ധൂപകലശ

ത്തിൽ തീ കൊളുത്തേണ്ടിയിരുന്നത്. അതിനുപകരം മറ്റുവിധത്തിൽ തീ കൊളുത്തിയതാണ് അവർ ചെയ്ത തെറ്റ് എന്ന് ചിലർ കരുതുന്നു. നിയമാനുസൃതമല്ലാത്ത വിധത്തിൽ ധൂപാർച്ചന നടത്തിയതാണ് തെറ്റ് എന്നു മറ്റു ചിലർ കരുതുന്നു. വീഞ്ഞുകുടിച്ച് ഉന്മത്തരായിരിക്കെ ധൂപാർച്ചന നടത്തിയതാണ് അവരുടെ പാപം എന്ന് 10, 8-9 ന്റെ വെളിച്ചത്തിൽ ചിലർ വ്യാഖ്യാനിക്കുന്നു. നിർദ്ദേശിക്കപ്പെട്ടതിൽ നിന്നു വ്യത്യസ്തമായ ചേരുവയിൽ സുഗന്ധക്കൂട്ടുണ്ടാക്കിയതിനാൽ അത് അഗ്നിയിൽ ദഹിച്ചപ്പോൾ വിഷവാതകമുണ്ടാവുകയും തന്മൂലം പുരോഹിതന്മാർ മരിക്കുകയും ചെയ്തു എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്.

ഏതു വ്യാഖ്യാനം സ്വീകരിച്ചാലും ഒരു കാര്യം വ്യക്തമാണ്. തങ്ങലെ ഏല്പിച്ച ഉന്നതമായ ദൗത്യത്തിന്റെ വിശുദ്ധിക്ക് അനുയോജ്യമല്ലാത്ത പ്രവൃത്തിയാണ് അവർ ചെയ്തത്. ദൈവശുശ്രൂഷക്കായി അഭിഷേചിക്കപ്പെടുകയും സമൂഹത്തിൽ നേതൃസ്ഥാനത്ത് അവരോധിക്കപ്പെടുകയും ചെയ്യപ്പെടുന്ന വ്യക്തികൾ തങ്ങളും എല്ലാ പ്രവൃത്തികളിലും ദൈവഹിതം കണിശമായി അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന് ഈ സംഭവം പഠിപ്പിക്കുന്നു.

പുരോഹിതാഭിഷേകത്തിനു തൊട്ടുപിന്നാലെ നടക്കുന്ന പാപത്തെക്കുറിച്ചുള്ള വിവരണത്തിന് ഇതവരെ കണ്ട പല സംഭവങ്ങളോടും സാമ്യമുണ്ട്. പറുദീസായിലെ ആദിമാതാപിതാക്കൾ തങ്ങൾക്കു ലഭിച്ച കല്പന ലംഘിച്ചു (ഉൽപ 3, 1-8). ബലിയർപ്പണത്തിനു തൊട്ടുപിന്നാലെ കായേൻ സഹോദരനെ വധിച്ചു (ഉൽപ 4, 3-8). പ്രളയത്തിൽ നിന്നു രക്ഷപ്പെട്ട നോഹയുടെ മക്കളിൽ ഒരുവൻ പാപത്തിനിരയായി (ഉൽപ 9, 22). സീനായ്മലയിൽ വച്ച് ദൈവം നൽകിയ ഉടമ്പടി അന്നുതന്നെ ജനം ലംഘിച്ചു (പുറ 32). മനുഷ്യപ്രകൃതിക്ക് പാപത്തിലേക്കുള്ള ചായ്‌വിന്റെ ദൃശ്യമായ പ്രകടനങ്ങളാണിവ. ബലഹീനരായ മനുഷ്യരിലൂടെയാണ് ദൈവം തന്റെ രക്ഷാകരപദ്ധതി നടപ്പിലാക്കുന്നത്. പാപികളെ ശിക്ഷിക്കുന്നത് ഈ രക്ഷാകരപദ്ധതിയുടെ ഭാഗമാണ്. ഇപ്രകാരമുള്ള പാപത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ ഒരു താക്കീതായും ഈ ശിക്ഷാനടപടിയെ കാണാനാവും.

പുരോഹിതന്മാർക്കു ലഭിച്ച ശിക്ഷയുടെ വിശദീകരണമായി മോശ ഉദ്ധരിക്കുന്ന ദൈവവചനം ദൈവത്തിന്റെ വിശുദ്ധിക്ക് ഈ പുസ്തകത്തിൽ നൽകിയിരിക്കുന്ന പ്രാധാന്യം ഒരിക്കൽ കൂടി എടുത്തുകാട്ടുന്നു. പാപികളെ ശിക്ഷിക്കുന്നത് ദൈവത്തിന്റെ വിശുദ്ധിയും മഹത്വവും വെളിപ്പെടുത്തുന്നു. ഇപ്രകാരമുള്ള ശിക്ഷകൾ പലതവണ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (സംഖ്യ 11, 1; 16, 35; 2 രാജാ 1,12).

മൃതശരീരത്തെ സ്പർശിക്കുന്നവർ അശുദ്ധരാകും എന്നതിനാലാണ് മരിച്ചവരെ സംസ്കരിക്കാനായി പുരോഹിതന്മാർ തങ്ങളെത്തന്നെ നിരന്തരം വിശുദ്ധരായി കാത്തുസൂക്ഷിക്കണം എന്ന് (4-7) മോശ നൽകുന്ന നിർദ്ദേശങ്ങൾ അനുസ്മരിപ്പിക്കുന്നു. ഇസ്രായേലിലെ പുരുഷന്മാരും സ്ത്രീകളും തുണി കൊണ്ട് തല മൂടുക പതിവായിരുന്നു. വിലാപത്തിന്റെ അടയാളമായ തല മുണ്ഡു മാറ്റുന്നതും വസ്ത്രം കീറുന്നതും മനുഷ്യനെ അശുദ്ധരാക്കുന്ന പ്രവൃത്തിയായി കരുതപ്പെട്ടിരുന്നതിനാൽ അതും പുരോഹിതനു നിഷിദ്ധമാണ്. കർശനമായ ഈ നിയമത്തിൽ പിന്നാട് അല്പം അയവു വന്നതായി ലേവ്യർ 21-ാം അധ്യായത്തിൽ കാണാം. പ്രധാന പുരോഹിതൻ മാത്രമേ ഈ നിയമം അനുസരിക്കേണ്ടതുള്ളൂ (ലേവ്യ 21 10-12). പുരോഹിതന്മാർക്ക് ഏറ്റം അടുത്ത ബന്ധുക്കളെ പ്രതി വിലാപം ആചരിക്കാം (ലേവ്യ 21, 1-3).

കർമ്മാനുഷ്ഠാനങ്ങൾക്കു മുമ്പ് ലഹരിപാനീയങ്ങൾ വർജ്ജിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് 8-10 വാക്യങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. ബുദ്ധി മന്ദീഭവിപ്പിക്കുകയും വിവേചനശക്തി നഷ്ടപ്പെടുത്തുകയും ചെയ്യുന്നതിനാലാണ് ലഹരി പാനീയങ്ങളുടെ ഉപയോഗം വിലക്കിയിരിക്കുന്നത്. ബലിയർപ്പണത്തോടനുബന്ധിച്ച് ലഹരിപാനീയങ്ങൾ കഴിച്ച് ഉന്മത്തരാവുക കാനാൻകാരുടെ ഇടയിൽ പതിവായിരുന്നു. ലഹരിയും ലൈംഗികവേഴ്ചകളും ബലിയർപ്പണത്തിന്റെ തന്നെ ഭാഗമായി അവർ ആചരിച്ചുപോന്നു. ഇതിന്റെ സ്വാധീനം ഇസ്രായേൽ പുരോഹിതന്മാരിലും ഉണ്ടായി (ഏശ 28, 7). അതിനാലാവണം ലഹരിയുടെ ഉപയോഗം കർശ

നമായി വിലക്കിയിരിക്കുന്നത്. ബലർപ്പണത്തിനു പുറമെ, പുരോഹിതന്മാർ നിർവ്വഹിക്കേണ്ട രണ്ടു പ്രധാന കർത്തവ്യങ്ങൾ 10-11 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിയമപ്രകാരമുള്ള ശുദ്ധാശുദ്ധാ വിവേചനമാണ് ഒന്ന്. ഉടമ്പടിയുടെ നിയമങ്ങൾ ജനത്തെ പഠിപ്പിക്കുകയെന്നതാണ് രണ്ടാമത്തേത്. ജനത്തെ വിശുദ്ധീകരിക്കുക എന്ന മുഖ്യ ദൗത്യത്തിന്റെ ഭാഗമാണ് ഇവ രണ്ടും.

ബലിർപ്പിച്ച വസ്തുക്കളിൽനിന്ന് പുരോഹിതന്മാർക്ക് അവകാശപ്പെട്ട പങ്കിനെയും അവ ഭക്ഷിക്കുന്ന ക്രമത്തെയും കുറിച്ചു 12-15 വാക്യങ്ങളിൽ പ്രതിപാദിക്കുന്നു. അനുഷ്ഠാനക്രമത്തിൽ വന്ന ൊരു പിശാകാണ് 16-20 വാക്യങ്ങളിലെ ചർച്ചാവിഷയം. ജനത്തിന്റെ പാപപരിഹാരത്തിനുവേണ്ടി ബലിയർപ്പിച്ച (9,3, 15) കോലാടിന്റെ മാംസം 6, 26ൽ നൽകിയിരിക്കുന്ന നിയമമനുസരിച്ച് പുരോഹിതന്മാർ ഭക്ഷിക്കണമായിരുന്നു. ഇതുവഴി അവർ ജനത്തിന്റെ പാപത്തിനു പരിഹാരം ചെയ്യുന്നതായി കരുതപ്പെട്ടിരുന്നു. ഭക്ഷിക്കുന്നതിനു പകരം ദഹിപ്പിച്ചതിന്റെ പേരിൽ കോപിച്ച മോശയോട് അഹറോൻ തന്റെയും പുത്രന്മാരുടെയും നിസ്സഹായാവസ്ഥ ഏറ്റു പറയുന്നു. മരിച്ച മക്കളുടെ പാപത്തിൽ തങ്ങളും പങ്കുകാരാണ് എന്ന ബോധ്യം മൂലം ജനത്തിന്റെ പാപപരിഹാര ബലിയിൽ നിന്നും ഭക്ഷിക്കാൻ അവർ ധൈര്യപ്പെട്ടില്ല. ധിക്കാരമോ അശ്രദ്ധയോ മൂലമല്ല, പാപബോധം മൂലമാണ് തങ്ങൾ ഇപ്രകാരം ചെയ്തത് എന്ന വിശദീകരണം മോശയെ ശാന്തനാക്കി. ദൈവം കുറ്റം ക്ഷമിച്ചു എന്നതിന്റെ സൂചനയാണിത്.

**വിചിന്തനം:** ക്രൂരനായ വിധിയാളനാണ് പഴയ നിയമത്തിലെ ദൈവം എന്ന ഒരു ധാരണ പൊതുവേ നില നിൽക്കുന്നതിന് ഇവിടെ വിവരിച്ചതുപോലുള്ള സംഭവങ്ങൾ കാരമമായിട്ടുണ്ട്. ദൈവഹിതമനുസരിച്ച്, ജീവിതത്തിന്റെ വിശദാംശങ്ങളെ പോലം ക്രമീകരിക്കേണ്ടതിൻരെ ആവശ്യകതയാണ് ഇപ്രകാരമുള്ള വിവരണങ്ങളിലൂടെ വി. ഗ്രന്ഥകാരൻ ലക്ഷ്യം വയ്ക്കുന്നത്യ ദൈവം സ്നേഹനിധിയും കരുണാസമ്പന്നനും എന്നതുപോലെ തന്നെ വിശുദ്ധനും നീതമാനുമാണ്. ഇതിനു പുതിയ നിയമത്തിലും മാറ്റമില്ല. പുരോഹിതന്മാരുടെ ജീവിതമാതൃക സമൂഹത്തെ

മുഴുവൻ സ്വാധീനിക്കുന്നതിനാൽ വിശുദ്ധരായി ജീവിക്കാൻ അവർ കൂടുതൽ കടപ്പെട്ടിരിക്കുന്നു. വിശുദ്ധരല്ലാത്ത പുരോഹിതന്മാരായിരുന്നു ഇസ്രായേലിന്റെ പതനത്തിനും പ്രവാസത്തിനും മുഖ്യ കാരണക്കാർ (ഹോസി 4, 4; 6, 9; ജറെ 8, 10-12) എന്ന അനുഭവം ഈ പഠനത്തിന് ഊന്നൽ നൽകുന്നു. അനുഷ്ഠാനക്രമങ്ങളിൽ പാലിക്കേണ്ട നിഷ്ഠ മാത്രമല്ല, ധാർമ്മിക ജീവിതത്തിനു നൽകേണ്ട പ്രാധാന്യവും ഈ വിവരണങ്ങളിലൂടെ എടുത്തുകാട്ടുന്നു.

നന്മയും തിന്മയും തിരിച്ചറിയാൻ കഴിയാത്തവിധം ധാർമ്മികബോധം നഷ്ടപ്പെട്ട ലോകത്തിൽഡ ദൈവവിശ്വാസവും ധാർമ്മികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുക എന്നത് പുരോഹിതന്റെ മുഖ്യ കടമയാണ്. അതിൽ വരുന്ന വീഴ്ച മാരകമായിരിക്കും. "അധികം എല്പിക്കപ്പെട്ടവരോട് അധികം ചോദിക്കും (ലൂക്കാ 12, 48) എന്ന യേശുവചനം ഇവിടെ സ്മരണീയമത്രേ. ശുശ്രൂഷാപൗരോഹിത്യത്തിനായി അഭിഷിക്തരായവർ മാത്രമല്ല, മാമ്മോദീസാ വഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന സകലർക്കും ഈ ദൗത്യം ഏല്പിക്കപ്പെട്ടിരിക്കുന്നു.

## ചോദ്യങ്ങൾ

1. അഹറോനെ പുരോഹിതനായി അവരോധിക്കുന്നതിന് ബലിയർപ്പണത്തിനു പുറമേ മൂന്നു ചട്ടങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. ഏവ?

2. പുരോഹിതാഭിഷേകം മൂന്നു ഘട്ടമായിട്ടാണ് നടത്തുന്നത്. വിശദീകരിക്കുക.

3. വലതുചെവിയുടെ അഗ്രവും വലതുകൈകാലുകളുടെ പെരുവിരലും അഭിഷേകം ചെയ്തതിന്റെ അർത്ഥമെന്ത്?

4. ഇവിടെ വിവരിക്കുന്ന പുരോഹിതാഭിഷേകവും മാമ്മോദീസായും തമ്മിൽ താലതമ്യം ചെയ്യുക.

5. എട്ടാം ദിവസം അഹറോൻ അർപ്പിച്ച ബലികൾ ഏവ? അവയ്ക്ക് വി. കുർബ്ബാനയുമായി എന്തു ബന്ധമുണ്ട്?

6. പുരോഹിതന്മാരുടെ പാപവും അതിനു ലഭിച്ച ശിക്ഷയും എന്തു പാഠമാണ് നൽകുന്നത്?

7. പുരോഹിതന്മാരുടെ രണ്ടു പ്രധാന ദൗത്യങ്ങളെക്കുറിച്ച് ഈ അധ്യായങ്ങളിൽ പ്രതിപാദിക്കുന്നുണ്ട് ഏവ? ഇന്ന് അവയ്ക്ക് എന്തു പ്രസക്തിയുണ്ട്?

## ചർച്ചയ്ക്ക്:

മാമ്മോദീസായും തിരുപ്പട്ടവും വഴി യേശുവിന്റെ പൗരോഹിത്യത്തിൽ ലഭിക്കുന്ന പങ്കാളിത്തത്തിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ എന്ത്? അതും ലേവീ പൗരോഹിത്യവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

**പ്രാർത്ഥന :** മാമ്മോദീസാ വഴി യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കു നൽകിയ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും അർപ്പിച്ചുകൊണ്ട് ഒരു പ്രാർത്ഥന രചിക്കുക.

# 3. ശുദ്ധിയും ശുദ്ധീകരണവും 11–15

ദൈവാരാധനയുമായി ബന്ധപ്പെട്ട നിയമങ്ങളാണ് ഇതുവരെ നാം കണ്ടത്. അനുദിന ജീവിതത്തിൽ ഓരോ വ്യക്തിയും സ്വയം ശുദ്ധമായി കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതിനുവേണ്ട നിയമങ്ങളും, അശുദ്ധരായാൽ വീണ്ടും ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും അടുത്ത അഞ്ച് ആധ്യായങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ മനുഷ്യന്റെ ഏറ്റം പ്രാധമികവും അടിസ്ഥാനപരവുമായ ആവശ്യങ്ങളെ സംബന്ധിച്ച നിയമങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ദേവാലയത്തിലെ ബലിയർപ്പണവും ആരാധനയും വഴി മാത്രമല്ല, അനുദിന ജീവിതത്തിലെ ഏറ്റം നിസ്സാരവും തികച്ചു ലൗകികമാത്രവും എന്നു തോന്നാവുന്ന വ്യാപാരങ്ങളിലൂടെയും ദൈവജനം ദൈവത്തിന്റെ വിശുദ്ധിക്കു സാക്ഷ്യം വഹിക്കണം. ആദ്ധ്യാത്മികം, ഭൗതികം, മതപരം, ലൊകികം എന്നിങ്ങനെ ജീവിതത്തെ പല തട്ടുകളായി തരം തിരിക്കുന്ന പ്രവണത ബൈബിളിലില്ല. മനുഷ്യനെ സമഗ്രമായ ഒരു യാഥാർത്ഥ്യമായി കാണുന്ന ബൈബിൾ അവന്റെ എല്ലാ ജീവിത വ്യാപാരങ്ങളെയും വിശുദ്ധീകരിക്കാൻ ആവശ്യമായ നിയമങ്ങൾ നൽകിയിരിക്കുന്നു.

കല്പനയുടെയും വിലക്കിന്റെയും കാരണങ്ങൾ വി. ഗ്രന്ഥകാരൻ വിവരിക്കുന്നില്ല. ചോദ്യം ചെയ്യാതെ അനുസരിക്കാൻ ആവശ്യപ്പെടുന്ന ദൈവികകല്പനകളായിട്ടാണ് നിയമങ്ങളെല്ലാം അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ഇവയിൽ മിക്കതും ദീർഘകാലമായുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ രൂപം കൊണ്ടവയാണ്. വ്യക്തികളുടെ ആരോഗ്യവും സമൂഹത്തിന്റെ സുസ്ഥിതിയുമാണ് ഈ നിയമങ്ങൾ മുഖ്യമായും ലക്ഷ്യംവെക്കുന്നത്. ദൈവം നൽകിയ വിമോചനം ആസ്വദിക്കാൻ ഈ നിയമങ്ങൾ അനുസരിക്കുക ആവശ്യമാണെന്നും പരിശുദ്ധനായ ദൈവത്തെ ആരാധിക്കുന്ന ജനം പരിശുദ്ധമായിരിക്കണം എന്നും 11, 45ൽ പ്രത്യേകം എടുത്തുപറയുന്നുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്നതാണ് ഈ വിശുദ്ധി.

## 1. ആഹാരശുദ്ധി 11, 1–47

സസ്യഭുക്കായിട്ടാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചതെന്നും പാപത്തിന്റെ ഫലമായിട്ടാണ് അവൻ മാംസഭുക്കായിത്തീർന്ന തെന്നും ഉൽപത്തി പുസ്തകത്തിൽ 1, 29; 9,3) നാം കണ്ടു. ഒരു വിട്ടുവീഴ്ച എന്നതുപോലെ മാംസാഹാരം അനുവദിക്കുമ്പോഴും അതിനെ പരിമിതപ്പെടുത്തുന്നതാണ് ശുദ്ധവും അശുദ്ധവുമായ ജീവികളെ സംബന്ധിച്ച നിയമങ്ങൾ. നിയമാവർത്തനം 14, 3–21ൽ ഇതിന്നു സമാനമായ ഒരു പട്ടിക നൽകിയിട്ടുണ്ട്.

ഇവിടെ കൊടുത്തിരിക്കുന്ന പട്ടികയിലെ പല പേരുകളും ഏതു ജീവിയെ സൂചിപ്പിക്കുന്നു എന്നു വ്യക്തമല്ല. അതിനാൽ അവയുടെ വിവർത്തനം ഊഹാധിഷ്ഠിതമാണ്. എന്തുകൊണ്ട് ചില ജീവികൾ ശുദ്ധവും മറ്റു ചിലത് അശുദ്ധവും ആയി പരിഗ ണിക്കപ്പെടുന്നു എന്നതിന് തികച്ചും തൃപ്തികരമായ ഉത്തരം ലഭ്യ മല്ല. വിജാതീയരുടെ ആരാധനയും ബലിയർപ്പണവുമായി ബന്ധ പ്പെട്ട ജീവികളെ അശുദ്ധവും മറ്റുള്ളവയെ ശുദ്ധവുമായി കരുതുന്ന എന്ന് ചിലർ വ്യാഖ്യാനിക്കാറുണ്ട്. അസീറിയാക്കാർ പന്നിയെ ബലിയർപ്പിച്ചിരുന്നു എന്നതാണ് ഇതിന് ഉപോൽബലകമായി എടു ത്തുകാട്ടാറുള്ള ഒരു ഉദാഹരണം. എന്നാൽ കാനാൻകാർ ആരാ ധിച്ചിരുന്ന കാളയെ എന്തുകൊണ്ട് അശുദ്ധമായി പരിഗണിക്കു ന്നില് എന്ന ചോദ്യത്തിന് ഉത്തരമില്ല. അതിനാൽ ആരാധാന സംബന്ധിയായ നിയമങ്ങളുടെ പശ്ചാത്തലത്തിലല്ല ജീവികളെ ശുദ്ധവും അശുദ്ധവും എന്നു വേർതിരിക്കുന്നത് എന്നു വ്യക്തം.

പല ജീവികളുടെയും മാംസം ആരോഗ്യത്തിന് ദോഷകര മാണെന്ന് തെളിഞ്ഞിട്ടുണ്ട്. പന്നിമാംസം ഉദാഹരണമാണ്. നന്നായി വേവിക്കാതെ ഭക്ഷിച്ചാൽ അത് രോഗകാരണമായേക്കാം. മാംസമല്ല, അതിനാൽ ഉണ്ടായേക്കാവുന്ന രോഗാണുക്കളാണ് ഭക്ഷിക്കുന്നവർക്കു രോഗത്തിനു കാരണമാകുന്നത്. മാംസഭുക്കു കളായ മൃഗങ്ങളും പക്ഷികളും രോഗണുക്കളെ സംവഹിക്കുന്ന തിൽ മുൻപന്തിയിൽ നിൽക്കുന്നു. അതിനാൽ ആരോഗ്യപരമായ പരിഗണന ആയിരിക്കണം ജീവികളെ ശുദ്ധമെന്നും അശുദ്ധ

മെന്നും വേർതിരിക്കാൻ പ്രേരിപ്പിച്ചത്. എന്നാൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ജീവികളെയെല്ലാം എപ്രകാരം ഈ ഒരടിസ്ഥാനത്തിൽ വേർതിരിക്കാം എന്നു വ്യക്തമല്ല. കാരണം പൂർണ്ണമായും മനസ്സിലാകാത്തതും പരമ്പരാഗതമായി നിലനിന്നതുമായ ഒരാചാരമായി ഇതിനെ പരിഗണിക്കാനാവും.

ജീവികളെ അഞ്ച് ഇനങ്ങളായി തിരിച്ചാണ് നിയമങ്ങൾ നൽകിയിരിക്കുന്നത്. മൃഗങ്ങൾ (1-8), ജലജീവികൾ (9-12); പക്ഷികൾ (13-19); കീടങ്ങൾ (20-28); ഇഴജന്തുക്കൾ (29-44). അശുദ്ധമായ ജീവികളെ ഭക്ഷിക്കരുത് എന്നു മാത്രമല്ല അവയുടെ പിണത്തെ തൊടുകപോലും അരുത് എന്നും നിർദ്ദേശിച്ചിരിക്കുന്നു. ഇവയെ സ്പർശിക്കുന്നതമൂലം ഉളവാകുന്ന അശുദ്ധി വൈകുന്നേരം വരെ, അതായത് ദിവസം അവസാനിക്കുന്നതുവരെ, നിലനിൽക്കും. വസ്ത്രം അലക്കി കുളിച്ചതിനുശേഷം, പുതിയ ദിവസം ആരംഭിക്കുമ്പോൾ മാത്രമേ അയാൾ വീണ്ടും ശുദ്ധനാവുന്നുള്ളൂ. ശവത്തിൽ കൃമികീടങ്ങളും രോഗാണുക്കളും ധാരാളമായി ഉണ്ടാവുന്നതിനാലാവണം അവയെ സ്പർശിക്കുന്നവർ അശുദ്ധരായിരിക്കും എന്നു പ്രഖ്യാപിച്ചിരിക്കുന്നത്.

അശുദ്ധനായവൻ പൊതുസമ്പർക്കത്തിൽ നിന്നു മാറി നിൽക്കണം. അശുദ്ധജീവികളിൽ നിന്നും വസ്തുക്കളിൽ നിന്നും അയാളുടെ ശരീരത്തിലും വസ്ത്രത്തിലും കയറിപ്പറ്റിയേക്കാവുന്ന രോഗാണുക്കൾ മറ്റുള്ളവരിലേക്കും പകരാതിരിക്കാനുള്ള ഒരു മുൻകരുതലായി ഈ നിയമത്തെ കാണാം. വ്യക്തികളുടെയും സമൂഹത്തിന്റെയും ആരോഗ്യവും സുസ്ഥിതിയുമാണ് ഈ നിയമങ്ങൾ ലക്ഷ്യം വയ്ക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

ശവം വീണ് അശുദ്ധമാകുന്ന വസ്തുക്കളെ സംബന്ധിച്ച് 32 -38 വാക്യങ്ങളിൽ നൽകിയിരിക്കുന്ന നിയമങ്ങൾക്കും ഇതേ ലക്ഷ്യം തന്നെയാണുള്ളത്. കഴുകി രോഗാണുക്കളിൽ നിന്നും വിമുക്തമാക്കാൻ (Disinfcect) കഴിയാത്ത, ഉൾഭാഗം പരുപരുത്ത മൺപാത്രങ്ങൾ ഉടച്ചുകളയണം എന്നു നിർദ്ദേശിച്ചിരിക്കുന്നു.

ഭക്ഷണസാധനങ്ങളും ശവത്താൽ അശുദ്ധമാകും. അരുവികളിലെയും ഉറവകളിലെയും ജലം ഒഴുകുന്നതിനാൽ അതിൽ അശുദ്ധി തങ്ങി നിൽക്കുന്നില്ല.

ഇതുവരെ പരാമർശിച്ച നിയമങ്ങളുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനം 44-45 വാക്യങ്ങളിൽ വ്യക്തമാക്കുന്നു. വെറും ശാരീരികവും ആരോഗ്യപരവുമായ പരിഗണനകൾ മാത്രമല്ല, കർത്താവുമായി ഉടമ്പടിയിലൂടെ ബന്ധം ഉറപ്പിച്ചിരിക്കുന്ന വിശുദ്ധ ജനം എന്ന അവസ്ഥയാമ് മുഖ്യമായും ഈ നിയമങ്ങൾക്കെല്ലാം നിദാനമായി നിൽക്കുന്നത്. മനസ്സിന്റെ വ്യാപാരങ്ങളിലെന്ന പോലെ ബാഹ്യമായ അനുഷ്ഠാനങ്ങളിലും ശരീരത്തിന്റെ ചെയ്തികളിലും തങ്ങളെത്തന്നെ വിശുദ്ധരായി കാത്തുസൂക്ഷിക്കാൻ ദൈവജനം കടപ്പെട്ടിരിക്കുന്നു. എല്ലാ വിധ മാലിന്യങ്ങളിലും നിന്ന് അകന്നു ജീവിച്ചുകൊണ്ട് ദൈവത്തിൻരെ വിശുദ്ധിക്ക് അവർ സാക്ഷ്യം വഹിക്കണം.

**വിചിന്തനം:** സമഗ്രമായ മനുഷ്യനാണ് ദൈവത്തിന്റെ ശ്രദ്ധാകേന്ദ്രം. അവന്റെ സമ്പൂർണ്ണമായ വളർച്ചയും നിലനില്പും അവിടുന്ന് ആഗ്രഹിക്കുന്നു. മനുഷ്യന്റെ ആരോഗ്യത്തുനു ഹാനികരമായേക്കാവുന്ന ആഹാരസാധനങ്ങളെ അശുദ്ധം എന്നു മുദ്ര കുത്തി വിലക്കി മാറ്റുന്നത് അവിടുത്തെ ദയാർദ്രമായ പരിപാലനയുടെ അടയാളമാണ്. എന്നാൽ പില്ക്കാലത്ത് ഈ നിയമങ്ങൾ മനുഷ്യനു താങ്ങാനാവാത്ത ഭാരമായി ത്തീർന്നു. ബാഹ്യാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച നിയമപണ്ഡിതന്മാർക്ക് നിയമങ്ങളുടെ അന്ത:സത്ത ഗ്രഹിക്കാൻ കഴിയാതെ പോയി. അതിനാലാണ് ഈ നിയമങ്ങൾക്ക് യേശുനാഥൻ പുതിയ വ്യാഖ്യാനം നല്കിയത്. 'പുറമെ നിന്ന് ഉള്ളിലേക്കു കടന്ന് ഒരുവനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ ഉള്ളിൽ നിന്നു പുറപ്പെടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത്' (മർക്കോ 7, 15)എന്ന തിരുവചനം കഴിക്കുന്ന ഭക്ഷണത്തിന്റെ ശുദ്ധിയേക്കാൾ ഹൃദയശുദ്ധിക്കു പ്രാധാന്യം നല്കുന്നു.

ഭക്ഷണത്തെ സംബന്ധിച്ച ലേവ്യപുസ്തകത്തിലെ നിയമങ്ങൾ

കാലഹരണപ്പെട്ടുപോയി എന്നും മനുഷ്യന് ഇഷ്ടമുള്ളതെന്തും ഭക്ഷിക്കാമെന്നും ഈ തിരുവചനം അർത്ഥമാക്കുന്നില്ല. ഭക്ഷണകാര്യത്തിൽ മിതത്വലും വിവേചനവും പാലിക്കാൻ ഇന്നും കടമയുണ്ട്. മനുഷ്യന്റെ ആരോഗ്യം ദൈവത്തിന്റെ ശ്രദ്ധയർഹിക്കാൻ മാത്രം പ്രാധാന്യമുള്ളതാണെങ്കിൽ എല്ലാവർക്കും ആവശ്യമായ ആഹാരം ലഭ്യമാകണം, ആരോഗ്യത്തിനു ഹാനികരമാകുന്ന ആഹാരം വർജ്ജിക്കുകയും വേണം. ആഹാരത്തെ സംബന്ധിച്ച്, എന്തും തിന്നാം എന്ന പാശ്ചാത്യരുടേതിനേക്കാൾ സസ്യഭോജനം പ്രോത്സാഹിപ്പിക്കുന്ന ഭാരതീയരുടെ കാഴ്ചപ്പാടാണ് ബൈബിളിന്റെ ചൈതന്യത്തോടു കൂടുതൽ അടുത്തു നില്ക്കുന്നത്.

## 2. ലൈംഗികശുദ്ധി 12; 15.

ലൈംഗികതയുമായി ബന്ധപ്പെട്ട വിവിധ സ്രാവങ്ങളാൽ ഉണ്ടാകുന്ന ശാരീരികാശുദ്ധിയെയും അവയ്ക്കുള്ള പരിഹാരത്തെയും സംബന്ധിച്ച നിയമങ്ങളാണ് 12, 15 അധ്യായങ്ങളിൽ വിവരിക്കുന്നത്. അതിനാൽ അവയെ ഒരുമിച്ച് പഠനവിഷയമാക്കുന്നത് കൂടുതൽ സൗകര്യപ്രദമാണ്.

പ്രസവം മൂലം മാതാക്കൾക്കുണ്ടാകുന്ന അശൂദ്ധിയും അതുമായി ബന്ധപ്പെട്ട ശുദ്ധീകരണനിയമങ്ങളും 12-ാം അധ്യായത്തിൽ വിവരിക്കുന്നു. സന്താനോൽപാദനം പാപമായതിനാലല്ല, പ്രസവത്തോടനുബന്ധിച്ചുണ്ടാകുന്ന സ്രാവങ്ങൾ മാതാവിനെ അശുദ്ധയാക്കുന്നതിനാലാണ് ശുദ്ധീകരണനിയമങ്ങൾ നൽകിയിരിക്കുന്നത്. ആൺകുഞ്ഞിനെ എട്ടാം ദിവസം പരിഛേദനം ചെയ്യണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളമാണ് പരിഛേദനം (ഉൽപ്പ 17, 12; 21, 4). ആൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ 40 ദിവസത്തേക്കും പെൺകുഞ്ഞിനെ പ്രസവിക്കുന്നവൾ 80 ദിവസത്തേക്കും അശുദ്ധയായിരിക്കും എന്ന നിയമത്തിലെ വ്യത്യാസത്തിന്റെ കാരണം വിശദമാക്കുന്നില്ല. സ്ത്രീകൾക്കു പൊതുവേ രണ്ടാം സ്ഥാനമേ നല്കപ്പെട്ടിരുന്നുള്ളൂ എന്നതിന്റെ പ്രതിഫലനമായിരിക്കും ഈ വിവേചനത്തിലും കാണുന്നത്.

വിവേചനത്തിന്റെ കാര്യം ഒഴിച്ചാൽ, മാതാക്കളോടുള്ള ആദരവും അവർക്കു സംരക്ഷണവും വിശ്രമവും ഉറപ്പു വരുത്താനുള്ള താൽപ്പര്യവുമാണ് ഈ നിയമത്തിനു പിന്നിലുള്ളത്. കുഞ്ഞിനെ പ്രസവിച്ചവളെ 40 (80)ദിവസത്തേക്ക് അശുദ്ധമായി പ്രഖ്യാപിക്കുന്നതു വഴി അവൾക്കു സമ്പൂർണ്ണ വിശ്രമവും ലൈംഗികമായ കടന്നാക്രമണത്തിൽ നിന്നു സംരക്ഷണവും ഉറപ്പു വരുത്തുന്നു. സ്ത്രീത്വത്തെയും മാതൃത്വത്തെയും മാനിക്കാൻ പുരുഷനു നല്കുന്ന താക്കീതും ഈ നിയമത്തിലുണ്ട്. ആർത്തവത്തെ സംബന്ധിച്ച് 15, 19-24 ൽ നല്കിയിരിക്കുന്ന നിയമത്തിനും ഇതേ ലക്ഷ്യമാണുള്ളത്.

12, 6-8 വാക്യങ്ങളിൽ ശുദ്ധീകരണക്കാഴ്ചയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു. കുഞ്ഞ് ആണോ പെണ്ണോ ആയാലും കാഴ്ചകൾ ഒന്നു തന്നെ. ദഹനബലിയും പാപപരിഹാര ബലിയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇവിടെ നിർദ്ദേശിച്ചിരിക്കുന്ന നിയമങ്ങൾ അനുസരിച്ചാണ് സ്നാപകയോഹന്നാനെയും യേശുവിനെയും പരിഛേദനം ചെയ്തതും (ലൂക്ക 1, 59; 2, 21) യേശുവിന്റെ മാതാപിതാക്കൾ പക്ഷികളെ കാഴ്ചയർപ്പിച്ചതും (ലൂക്ക 2, 24).

ഈ ബലിയർപ്പണങ്ങളെ ശുദ്ധീകരണക്കാഴ്ച എന്നു വിശേഷിപ്പുക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇതു ദൈവത്തിനർപ്പിക്കുന്ന കൃതാജ്ഞതാബലിയാണ്. അമ്മയും കുഞ്ഞും അപകടം കൂടാതെ കാത്തു പാലിക്കപ്പെട്ടതിലുള്ള സന്തോഷവും നന്ദിയുമാണ് ഈ ബലിയർപ്പണത്തിലൂടെ പ്രകടമാകുന്നത്.

**വിചിന്തനം:** ഓരോ ശിശുവിന്റെയും ജനനം ദൈവപരിപാലനയുടെ ഒരു മഹാത്ഭുതമാണ്. ഏറ്റം മെച്ചപ്പെട്ട വൈദ്യസഹായം ലഭിക്കുമ്പോൾ പോലും പ്രസവത്തോടെ തള്ളയും കുഞ്ഞും മരിച്ചു പോവുക ഇന്നും അസാധാരണമല്ല. ജീവൻ ദൈവത്തിന്റെ സൗജന്യദാനമാണെന്നും അതിനെ നന്ദിയോടെ സ്വീകരിക്കുകയും തികഞ്ഞ ഉത്തരവാദിത്വബോധത്തോടെ കാത്തു പാലിക്കുകയും ചെയ്യണം എന്നും ഈ നിയമങ്ങൾ അനുസ്മരിപ്പിക്കുന്നു. മാതാക്കളോടു കാണിക്കേണ്ട ആദരവും ബഹുമാനവും അടിവരയിട്ടുറപ്പിക്കുന്നതാണ് പ്രത്യക്ഷത്തിൽ പ്രാകൃതം എന്നു തോന്നിയേക്കാവുന്ന ഈ നിയമം.

15-ാം അധ്യായം മുഴുവൻ സ്രാവം മൂലം പുരുഷന്മാർക്കും സ്ത്രീകൾക്കും ഉണ്ടാക്കുന്ന അശുദ്ധിയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. രോഗമെന്ന പോലെ ഉണ്ടാകുന്നന സ്രാവവും അതിനുള്ള പരിഹാരവുമാണ് 2-15, 25-30 വാക്യങ്ങളിൽ വിവരിക്കുന്നത്. 16-17, 19-24 വാക്യങ്ങളിൽ സാധാരണമായ ബീജസ്രവണത്തെയും ആർത്തവത്തെയും കുറിച്ചുള്ള നിയമങ്ങൾ നല്കിയിരിക്കുന്നു. ഈ നാലു വിധം അശുദ്ധിക്കു മധ്യേ 18-ാം വാക്യം ലൈംഗികവേഴ്ച മൂലം സ്ത്രീ പുരുഷന്മാർക്കുണ്ടാകുന്ന അശുദ്ധിയെ കുറിച്ചു പ്രതിപാദിക്കുന്നു.

ലൈംഗികത തിന്മയോ ലൈംഗികവേഴ്ച പാപമോ ആണെന്ന് ഈ നിയമങ്ങൾ അർത്ഥമാക്കുന്നില്ല. ശാരീരികശുദ്ധിയും ആരോഗ്യസംരക്ഷണവുമാണ് ഇവിടെ മുഖ്യലക്ഷ്യം. ശുക്ലസ്രവണം, രക്തസ്രാവം എന്നിവ മുഖ്യമായും ലൈംഗികരോഗങ്ങളെ സൂചിപ്പിക്കുന്നു. അധികപങ്കും പകർച്ചവ്യാധികളായതിനാലാണ് കർശനമായ മുൻകരുതലുകൾ നിർദ്ദേശിച്ചിരിക്കുന്നത്. താൻ ശ്രദ്ധിക്കപ്പെട്ടു എന്നു മനസ്സിലാക്കിയ രക്തസ്രവക്കാരി യേശുവിന്റെ മുമ്പിൽ നിന്നു ഭയന്നു വിറച്ചത് (മർക്കോ 5, 33) ഈ കാരണത്താലായിരുന്നു. എയ്ഡ്സ് പോലുളല മാരകമായ ലൈംഗികരോഗങ്ങൾ പരത്തിയ ഭീതിയുടെ നിഴലിൽ കഴിയുന്ന ആധുനികമനുഷ്യന് ഈ നിയമങ്ങളുടെ പ്രസക്തിയും പ്രാധാന്യവും എളുപ്പം മനസ്സിലാക്കാൻ കഴിയും.

**വിചിന്തനം:** ദൈവം മനുഷ്യനു നല്കിയിരിക്കുന്ന മഹത്തായ ദാനമാണ് സ്ത്രീ - പുരുഷലൈംഗികത. തികഞ്ഞ ആദരവും ഉത്തരവാദിത്വബോധവും പരസ്പരബഹുമാനവും ലൈംഗികബന്ധങ്ങളിൽ പാലിയ്ക്കേണ്ടതാണ്. ദൈവികനിയമങ്ങളിൽ കാറ്റിൽ പറത്തികൊണ്ട് ലൈംഗികവേഴ്ചകളിൽ ഏർപ്പെടുന്നത് ഭീകരമായ വിപത്തിന് ഇടയാക്കും എന്ന ദു:ഖസത്യം ആധുനികമനുഷ്യൻ വേദനാപൂർവ്വം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ ദൈവശാപമേറ്റവരെ എന്ന പോലെ ലൈംഗികരോഗികളെ കുറ്റം വിധിക്കാനും അവജ്ഞയോടെ അകറ്റി നിർത്താനുള്ള പ്രവണത ക്രൈസ്തവചൈതന്യത്തിനു യോജിച്ചതല്ല. രക്തസ്രാവക്കാരിയോട് യേശു സ്വീകരിച്ച നിലപാടാണ് ഈ കാര്യത്തിൽ ക്രിസ്ത്യാനിക്കു മാതൃക.

## 3. ത്വഗ് രോഗങ്ങളും ശുദ്ധീകരണവും 13-14

മനുഷ്യനെ ബാധിക്കുന്ന വിവിധങ്ങളായ ത്വഗ് രോഗങ്ങൾ, വസ്ത്രങ്ങളിലുണ്ടാകുന്ന കരിമ്പൻ, ഭിത്തികളിലുണ്ടാകുന്ന പൂപ്പൽ മുതലായവയെ കുറിച്ചാണ് ഈ ഭാഗത്തു പ്രതിപാദിക്കുന്നത്. ഇവയെ എല്ലാം ഒറ്റ വാക്കിൽ 'കുഷ്ഠം' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. മനുഷ്യന്റെയും വസ്തുക്കളുടെയും നിറത്തിലും ബാഹ്യരൂപത്തിലും മാറ്റം വരുത്തുന്നു എന്നതാണ് ഇവയെ ഒരുമിച്ചുകാണാൻ കാരണം. ആരോഗ്യപരമായ പരിഗണനകൾ ഈ നിയമങ്ങളിലും പ്രധാന്യം വഹിക്കുന്നു. ഇന്നും മനുഷ്യർ ഏറ്റം ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്ന ഒരു രോഗമാണല്ലോ കുഷ്ഠംരോഗം. രോഗത്തിന്റെ കാരണങ്ങളോ അതിനുള്ള പ്രതിവിധികളോ നിശ്ചയമില്ലാതിരുന്ന കാലത്ത്, രോഗികളെ സമൂഹത്തിൽ നിന്നു മാറ്റി പാർപ്പിക്കുക എന്ന നയമാണ് സ്വീകരിച്ചിരുന്നത്. ത്വഗ് രോഗങ്ങളെല്ലാം പകർച്ചവ്യാധികളായി കരുതപ്പെട്ടിരുന്നു. മറ്റുള്ളവരിലേക്ക് രോഗം പകരാതിരിക്കാൻ ഈ മുൻകരുതൽ സഹായിക്കും.

നിഷ്കൃഷ്ടാർത്ഥത്തിൽ ഇന്ന് അറിയപ്പെടുന്ന കുഷ്ഠരോഗം മാത്രമല്ല ഇവിടെ ചർച്ചാവിഷയമാകുന്നത്. ചൊറി, ചിരങ്ങ്, പുഴുക്കടി, വെള്ളപ്പാണ്ട് തുടങ്ങി എല്ലാ ത്വഗ് രോഗങ്ങളും ഈ പേരിൽ ഇവിടെ പരാമർശിക്കുന്നു. ഇവയിൽ പലതും വളരെ വേഗം സുഖമാകുന്നവയാണ്. രോഗത്തിന്റെ സ്വഭാവം നിർണ്ണയിക്കുകയും രോഗിയെ എന്തുചെയ്യണം എന്നു തീരുമാനിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം പുരോഹിതനെ ഏല്പിച്ചിരിക്കുന്നു. കുഷ്ഠരോഗത്തെ കുറിച്ചുള്ള ഭീതി കർശനമായ മുൻകരുതൽ എടുക്കാൻ പ്രേരിപ്പിച്ചു. രോഗലക്ഷണം കാണുമ്പോൾ ത്തന്നെ പുരോഹിതനെ സമീപിച്ച് രോഗനിർണ്ണയം ചെയ്യാൻ നിബന്ധനയുണ്ടായിരുന്നു. സംശയമുള്ള സാഹചര്യങ്ങളിൽ രോഗിയെ പരീക്ഷണാർത്ഥം മാറ്റി പാർപ്പിക്കാനും രോഗം കുഷ്ഠമല്ല എന്നു തെളിഞ്ഞാൽ സമൂഹത്തിൽ പ്രവേശനം നല്കാനും പുരോഹിതനാണ് അവകാശമുണ്ടായിരുന്നത്. ഇപ്രകാരമുള്ള വിവിധ പരീക്ഷണങ്ങൾക്കും രോഗനിർണ്ണയത്തിനും ആവശ്യമായ നിർദ്ദേശങ്ങൾ 13, 1-44 വാക്യങ്ങളിൽ വിവരിക്കുന്നു.

13, 44-46 വാക്യങ്ങളിൽ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ കുഷ്ഠരോഗിയുടെ ദയനീയമായ അവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നു. കുഷ്ഠരോഗിയെ ദൈവശാപമേറ്റവനായിട്ടാണ് സമൂഹം പരിഗണിച്ചിരിക്കുന്നത്. അവൻ മരിച്ചവനു തുല്യനായിരുന്നു. വിലാപത്തിന്റെ വേഷമാണ് കീറിയ വസ്ത്രവും ചീകി ഒതുക്കാത്ത മുടിയും അവന്റെ സാമീപ്യം മറ്റുള്ളവരെ അശുദ്ധരാക്കും എന്നതിനാൽ അവൻ പൊതുനിരത്തിൽ നിന്നു മാറി നടക്കണം. ആരും അടുത്തുവരാതിരിക്കാൻ 'അശുദ്ധൻ', 'അശുദ്ധൻ'എന്നു വിളിച്ചു പറയണം. പട്ടണത്തിനു വെളിയിൽ ഏകനായി വസിക്കണം.

യേശുവിന്റെ കാലത്തും കുഷ്ഠരോഗികളുടെ അവസ്ഥ വ്യത്യസ്തമായിരുന്നില്ല. അവർക്ക് ഭക്ഷണം നല്കുക ഒരു സൽകൃത്യമായി യഹൂദർ കരുതിയിരുന്നു. എന്നാൽ കുഷ്ഠരോഗികളുമായി യാതൊരു വിധ സമ്പർക്കവും ഉണ്ടാകാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. അതിനാൽ ത്തന്നെ യേശുവിന്റെ വ്യത്യസ്തമായ സമീപനം സമകാലികരുടെ ഇടയിൽ വിസ്മയവും എതിർപ്പും ഉള്ളവാക്കി. കുഷ്ഠരോഗികളെ അശുദ്ധരെന്നു മുദ്ര കുത്തി മാറ്റി നിർത്തുകയല്ല, അടുക്കൽ വിളിച്ചു തൊട്ടു സുഖപ്പെടുത്തുകയാണല്ലോ യേശു ചെയ്ത്ത്.

13, 47- 59 വാക്യങ്ങളിൽ വസ്ത്രങ്ങളിൽ ഉണ്ടാകുന്ന നിറവ്യത്യാസങ്ങളെ കുറിച്ചു പ്രതിപാദിക്കുന്നു. ഇതിനെയും കുഷ്ഠം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. മനുഷ്യശരീരത്തിൽ ത്വഗ് രോഗമെന്നതുപോലെ, വസ്ത്രത്തിൽ കരിമ്പൻ വ്യാപിക്കുന്നത്. വസ്ത്രത്തെ അശുദ്ധമാക്കുമെന്നും മനുഷ്യന്റെ ആരോഗ്യത്തിനു ഹാനീകരമാകുമെന്നും ഉള്ള ചിന്ത ഈ നിർദ്ദേശങ്ങൾക്കു പിന്നിലുണ്ട്. 14-33-53 വാക്യങ്ങളിൽ വീടിന്റെ ഭിത്തിയിൽ ഉണ്ടാകുന്ന പൂപ്പലിനെയും പായലിനെയുമൊക്കെ കുഷ്ഠം എന്നു വിശേഷിപ്പിച്ച് പ്രതിവിധികൾ നിർദ്ദേശിച്ചിരിക്കുന്നു. വസ്ത്രം, പാർപ്പിടം തുടങ്ങി മനുഷ്യജീവിതത്തിനാവശ്യമായ പരിസ്ഥിതികൾ ശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ നിയമങ്ങളിലുടെ ഊന്നിപ്പറയുന്നത്. പരിസരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ മാരകമായ സാംക്രമികരോഗങ്ങൾ ഉണ്ടാക്കുക ഇന്നും സാധാരണമാണല്ലോ.

ശരീരവും പരിസരവും വൃത്തിയായി സൂക്ഷിക്കാത്തതാണ് കുഷ്ഠ രോഗത്തിനു മുഖ്യകാരണം എന്ന് ഇന്നു വ്യക്തമായിട്ടുണ്ട്.

14, 1-32 ൽ ത്വഗ് രോഗ ശുദ്ധീകരണത്തെയും 14, 49-53ൽ ഭവനശുദ്ധീകരണത്തെയും സംബന്ധിച്ച നിയമങ്ങൾ വിവരിച്ചിരിക്കുന്നു. രണ്ടു ഘട്ടമായിട്ടാണ് ത്വക്ക് രോഗശുദ്ധീകരണം നടത്തേണ്ടത്. 3-9 വാക്യങ്ങളിൽ ശുദ്ധീകരണ പ്രക്രിയയുടെ ആദ്യഘട്ടം വിവരിക്കുന്നു. ഭവനശുദ്ധീകരണത്തിനും ഇതേ കർമ്മങ്ങൾ തന്നെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. 16-ാം അധ്യായത്തിൽ വിവരിക്കുന്ന പാപപരിഹാരദിനാചരണവുമായി ഇതിനു സാമ്യമുണ്ട്.

രോഗവിമുക്തനെ പാളയത്തിനു പുറത്തു കൊണ്ടുപോയി പരിശോധിക്കുന്നത് അയാളുടെ രോഗം മാറിയോ എന്നു തീർച്ചയില്ലാത്തതിനാലാണ്. സൗഖ്യം പ്രാപിച്ചവൻ ആദ്യമേ നല്കേണ്ട കാഴ്ച വസ്തുക്കളായ ശുദ്ധിയുള്ള രണ്ടു പക്ഷികൾ, ദേവദാരു, ചെമന്ന നൂൽ ഹിസോപ്പുചെടി എന്നിവയ്ക്കു പ്രതീകാത്മകമായ അർത്ഥമുണ്ട്. പക്ഷികൾ ശുദ്ധിയുള്ളവ ആയിരിക്കണം എന്നല്ലാതെ ഏത് ഇനത്തിൽപ്പെട്ടവ എന്നു നിർദ്ദേശിച്ചിട്ടില്ല. ഒരു പക്ഷിയെ കൊല്ലുന്നതു ബലിയർപ്പണമായിട്ടല്ല, ശുദ്ധീകരണപ്രക്രിയയുടെ ഭാഗമായിട്ടാണ്. രോഗവിമുക്തൻ തന്നെയാണ് പക്ഷിയെ കൊല്ലേണ്ടത്, ഏറ്റം ഉറപ്പുള്ള മരമായ ദേവദാരു കുഷ്ഠരോഗിയുടെ ശരീരം വീണ്ടും അരോഗദൃഢമായിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. ചെമപ്പ് പാപത്തിന്റെയും അശുദ്ധിയുടെയും പ്രതീകമായിട്ടാണ് കരുതപ്പെട്ടിരുന്നത് (ഏശ 1, 18) അശുദ്ധിയിൽ നിന്നു മോചനം നല്കുന്നു എന്നു സൂചിപ്പിക്കാൻ ചെമന്ന നൂൽ ഉപയോഗിക്കുന്നു. ശുദ്ധജലമോ, രക്തമോ തളിച്ചു ശുദ്ധീകരിക്കാൻ വേണ്ടിയാണ് ഹീസോപ്പുചെടി ഉപയോഗിക്കുന്നത് (സങ്കീ 51, 7) നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ ഉറവ വെളളത്തെ ജീവജലം എന്നാണ് വിളിക്കുന്നത്. പുതുജീവന്റെയും വിശുദ്ധിയുടെയും പ്രതീകമാണിത്. രോഗം മൂലം മൃതതുല്യമായിരുന്നവന് പുതുജീവൻ ലഭിക്കുന്നെന്ന് ഉറവവെള്ളം സൂചിപ്പിക്കുന്നു.

ദേവദാരുവിന്റെ തടിക്ഷണത്തിൽ ഹിസോപ്പുചെടിയുടെ ചുളളിക്കമ്പുകൾ ചെമന്ന നൂലുകൊണ്ട് കെട്ടി അത് പക്ഷിയുടെ രക്തം

കലർന്ന വെള്ളത്തിൽ മൂക്കി രോഗമുക്തന്റെ മേൽ ഏഴു പ്രാവശ്യം തളിക്കുന്നത് അവൻ രോഗത്തിൽ നിന്ന് മുക്തിയും ശുദ്ധിയും പ്രാപിച്ചിരിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ജീവനുള്ള പക്ഷിയെ രക്തം കലർന്ന വെള്ളത്തിൽ മുക്കിയിട്ട് പറപ്പിച്ചുവിടുന്നതിലുടെ രോഗിയായിരുന്നവൻ രോഗവും അശുദ്ധിയും അകന്ന് വീണ്ടും സ്വതന്ത്രമായി എന്നു സൂചിപ്പിക്കുന്നു. ഒരു പക്ഷിയെ കൊന്ന് രക്തം തളിക്കുന്നതും മറ്റൊരു പക്ഷിയെ പറപ്പിച്ചു വിടുന്നതും മനുഷ്യവർഗ്ഗത്തിനു മുഴുവൻ പാപമോചനം നല്കുന്ന യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രതീകമായി കാണുന്നവരുമുണ്ട്. ക്ഷൗരം ചെയ്യുന്നതും വസ്ത്രം കഴുകി കുളിക്കുന്നതും ഏഴാം ദിവസം വീണ്ടും ഇതേ പ്രക്രിയ ആവർത്തിക്കുന്നതും ശുദ്ധീകരണകർമ്മത്തിന്റെ ഭാഗമാണ്. ശരീരത്തിലെ രോമവും ധരിക്കുന്ന വസ്ത്രവും രോഗത്താൽ അശുദ്ധമായതായി പരിഗണിക്കപ്പെട്ടിരുന്നു.

എട്ടാം ദിവസമാണ് ശുദ്ധീകരണപ്രക്രിയയുടെ രണ്ടാംഘട്ടം ആചരിക്കുന്നത്. രോഗവിമുക്തന്റെ സാമ്പത്തികശേഷിക്ക് ആനുപാതികമായി രണ്ടു തരം ചടങ്ങുകൾ നിർദ്ദേശിച്ചിരിക്കുന്നു. ഈ ചടങ്ങുകൾക്ക് 8-ാം അധ്യായത്തിൽ വിവരിച്ച പുരോഹിതാഭിഷേകവുമായി അടുത്ത സാമ്യമുണ്ട്. പ്രായശ്ചിത്തബലി, പാപപരിഹാരബലി, ദഹനബലി, ധാന്യബലി എന്നിങ്ങനെ നാലു ബലികൾ ശുദ്ധീകരണകർമ്മത്തിന്റെ ഭാഗമായി നിർദ്ദേശിച്ചിരിക്കുന്നു. രണ്ട് ആടുകളെ കാഴ്ച വയ്ക്കാൻ കഴിവില്ലാത്തവൻ, പകരം രണ്ടു ചങ്ങാതികളെ കൊടുത്താൽ മതിയാവും എന്ന ആനുകൂല്യം അനുവദിച്ചിരിക്കുന്നതൊഴിച്ചാൽ സമ്പന്നനും ദരിദ്രനും അർപ്പിക്കേണ്ട ബലികളിൽ വ്യത്യാസമൊന്നുമില്ല.

14-18 വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന അഭിഷേകക്രമം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവശുശ്രൂഷയ്ക്കായി പുരോഹിതന്മാരെ അഭിഷേകം ചെയ്യുന്ന അതേ ക്രമമാണ് ഇവിടെയും നിർദ്ദേശിച്ചിരിക്കുന്നത്. വലതുകാതും വലതു കൈകാലുകളുടെ പെരുവിരലുകളും രക്തവും എണ്ണയും കൊണ്ട് അഭിഷേചിക്കുന്നത് രോഗവിമുക്തനെ പൂർണ്ണമായി ശുദ്ധീകരിച്ച്, ദൈവത്തിനു ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിത ജനതയുടെ അംഗമായി

പുന: പ്രതിഷ്ഠിക്കുന്നതിന്റെ അടയാളമാണ്.

**വിചിന്തനം:** കുഞ്ഞാടിന്റെ രക്തം തളിക്കുകയും ആ രക്തത്താൽ അഭിഷേചിക്കുകയും ചെയ്യുമ്പോഴാണ് കുഷ്ഠരോഗിയായിരുന്നവന് ശുദ്ധിയും സമൂഹത്തിൽ അംഗത്വവും പൂർണ്ണമായി വീണ്ടും ലഭിക്കുന്നത്. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശു ക്രിസ്തുവിലുടെ പാപമോചനവും ദൈവികജീവനും ലഭ്യമാകുന്നതിന്റെ ഒരു മുൻസൂചനയായിരുന്നു ഇത്.

ഭവനശുദ്ധീകരണകർമ്മം ഈ ലോകത്തിനു മുഴുവൻ ആവശ്യമായിരിക്കുന്ന വലിയൊരു ശുദ്ധീകരണത്തിലേക്കു വിരൽ ചൂണ്ടുന്നു. ഈ ശുദ്ധീകരണത്തിനു വേണ്ടി സമസ്തസൃഷ്ടവും നെടുവീർപ്പെടുന്നു (റോമാ 8, 22). പാപത്തിനും വ്യർത്ഥതയും അധീനമായ ലോകം വീണ്ടും പൂർണ്ണമായും നവീകരിക്കപ്പെടും (വെളി 21, 1) എന്ന പ്രതീക്ഷ ഈ ശുദ്ധീകരണ പ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്നു.

പകർച്ചവ്യാധി ബാധിച്ചവരെ പൊതുനന്മയ്ക്കു വേണ്ടു സമൂഹത്തിൽ നിന്ന് അകറ്റി നിർത്താൻ നല്കിയ കല്പന സമൂഹത്തിന് അവരോട് ഭയവും അവജ്ഞയും ഉണ്ടാകാൻ കാരണമായി. മാരകമായ പകർച്ചവ്യാധി ബാധിച്ചവരോട് ഇന്നത്തെ സമൂഹത്തിന്റെ മനോഭാവം അത്ര വ്യത്യസ്തമല്ലല്ലോ. ലേവ്യപുസ്തകത്തിലെ നിയമമല്ല, യേശുവിന്റെ സമീപനമാണ് ഇവിടെ മാർഗ്ഗനിർദ്ദേശം നല്കേണ്ടത്.

## ചോദ്യങ്ങൾ

1. ബാഹ്യമായ ശുദ്ധിക്ക് ഇത്ര മാത്രം പ്രാധാന്യം കൊടുക്കാൻ കാരണമെന്ത്? എന്തു സന്ദേശമാണ് ഇതിൽ നിന്നു ലഭിക്കുന്നത്?

2. ചില ജീവികളെ അശുദ്ധമായി വേർ തിരിക്കാൻ കാരണമെന്ത്?

3. ഭക്ഷണത്തെ സംബന്ധിച്ച നിയമങ്ങളുടെ ലക്ഷ്യമെന്ത്? ഇന്ന് അവയ്ക്ക് എന്തു പ്രസക്തിയുണ്ട്?

4. ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ത്രീകൾ അശുദ്ധരായിരിക്കും എന്നു നിശ്ചയിക്കുന്ന നിയമങ്ങളുടെ ലക്ഷ്യം എന്തായിരുന്നു?

5. എന്താണ് മാതാക്കൾ ശുദ്ധീകരണകാഴ്ചയായി സമർപ്പിക്കേണ്ടിയിരുന്നത്? എന്തായിരുന്നു ഈ കാഴ്ചയുടെ ഉദ്ദേശ്യം?

6. ലൈംഗികശുദ്ധിയെ കുറിച്ച് ഇവിടെ നല്കിയിരിക്കുന്ന നിയമങ്ങൾക്ക് ഇന്ന് എന്തു പ്രസക്തിയുണ്ട്?

7. കുഷ്ഠരോഗത്തെ സംബന്ധിച്ച നിയമങ്ങളിൽ നിന്ന് പരിസരശുദ്ധികരണത്തെയും പരിസ്ഥിതി സംരക്ഷണത്തെയും കുറിച്ച് എന്തു പാഠമാണ് ലഭിക്കുന്നത്?

## ചർച്ചയ്ക്ക്:

മാരകമായ പകർച്ചവ്യാധികൾ ബാധിച്ചവരോടുള്ള ഇന്നത്തെ സമൂഹത്തിന്റെ നിലപാട് യേശു നമുക്കു മാതൃകയുടെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.

**പ്രാർത്ഥന:** 'ഹിസോപ്പുകൊണ്ട് എന്നെ പവിത്രീകരിക്കണമേ, ഞാൻ നിർമ്മലനാകും, എന്നെ കഴുകണമേ, ഞാൻ മഞ്ഞിനേക്കാൾ വെണ്മയുള്ളവനാകും' (സങ്കീർത്തനം 51, 7).

# 4. പാപപരിഹാരദിനം 16

മനുഷ്യനെ അശുദ്ധനാക്കുന്ന വിവിധ സാഹചര്യങ്ങളേയും അവയിൽ നിന്നുള്ള ശുദ്ധീകരണമാർഗ്ഗങ്ങളേയും കുറിച്ചു പ്രതിപാദിച്ചതിനു ശേഷം ജനം മുഴുവനും വേണ്ടി ആണ്ടിലൊരിക്കൽ നടത്തുന്ന ശുദ്ധീകരണകർമ്മങ്ങളിലേക്ക് വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. 'പാപപരിഹാരദിനം' എന്നു വിവർത്തനം ചെയ്യുന്നത് യോം കിപ്പുറിം (Yam Kippurim) എന്ന ഹീബ്രുനാമമാണ്. 'ദിവസം' എന്നാണ് 'യോം' എന്ന പദത്തിന്റെ അർത്ഥം. മറയ്ക്കുക, മായ്ക്കുക എന്നൊക്കെ അർത്ഥമുള്ള കിപ്പെർ എന്ന ക്രിയാധാതുവിൽ നിന്നുണ്ടായ നാമമാണ് കിപ്പുർ. ഇതിന്റെ ബഹുവചനമായ കിപ്പൂറിം (Kippurim) എന്ന നാമമാണ് ബൈബിളിൽ (ലേവ്യ 23, 27) ഉപയോഗിക്കുന്നത്. ഒന്നാക്കുക, രമ്യതപ്പെടുത്തുക, അനുരഞ്ജിപ്പിക്കുക എന്നൊക്കെയാണ് ഈ പേരിന് അർത്ഥം. ഇംഗ്ലീഷിൽ ഇതിനെ atonement (at-one-ment) എന്നു വിളിക്കുന്നു. പാപം മൂലം മനുഷ്യരും ദൈവവും തമ്മിലുണ്ടായ അകല്ച്ച പരിഹരിച്ച്, വീണ്ടും രമ്യത സംജാതമാക്കുന്നു എന്നാണ് ഈ പദം സൂചിപ്പിക്കുന്നത്.

യഹൂദർ ഇന്നും ആഘോഷിക്കുന്ന തിരുനാളുകളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് പാപപരിഹാരദിനം. പുതിയ നിയമകാലമായപ്പോഴേക്കു ം ഇതിന് മറ്റെല്ലാ തിരുനാളുകളേക്കാളും പ്രാധാന്യം ലഭിച്ചു. യഹുദചിന്തകനായ ഫീലോ, ഇതിനെ ഉപവാസപ്പെരുന്നാൾ (Feast of the fast) എന്നാണ് വിശേഷിപ്പിക്കുന്നത്. അപ്പ 27, 9 ൽ 'ഉപവാസക്കാലം' എന്നു പറയുന്നത് മുഖ്യമായും ഈ തിരുനാളിനെ ഉദ്ദേശിച്ചാണ്. പഞ്ചഗ്രന്ഥത്തിൽ നിർദ്ദേശിച്ചിരുക്കുന്ന ഏക ഉപവാസദിനമാണിത്. ഈ തിരുനാളിന്റെ പ്രാധാന്യം എടുത്തു കാട്ടാൻ വേണ്ടു 'മഹാദിനം' (The great Day) എന്നും യാതൊരു വിശേഷണവും കൂടാതെ 'ദിനം' (The Day) എന്നും റബി ഇതിനെ വിളിച്ചിരുന്നു.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന നിയമങ്ങളുടെ വിശദീകരണങ്ങളു ം അവയ്ക്കു പുറമേയുള്ള നിയമങ്ങളും യഹുദരുടെ ഇടയിൽ വാചികവും ലിഖിതവുമായി കൈമാറപ്പെട്ടിരുന്നു. ഇവയിൽ

ആദ്യവിഭാഗത്തിൽപ്പെട്ട നിയമങ്ങൾ ഏ.ഡി. ഒന്നാം നൂറ്റാണ്ടു മുതൽ ക്രോഡീകരിച്ച് ലിഖിതരൂപത്തിലാക്കാൻ തുടങ്ങി. ഇതിനെ മിഷ്നാ (Mishna) എന്നു വിളിക്കുന്നു. റബി യഹൂദാപ്രഭു (ഏ.ഡി. 135- 217) ക്രോഡീകരിച്ച ഗ്രന്ഥമാണ് ഇതിൽ ഏറ്റം പ്രധാനപ്പെട്ടത്. 'യോമാ' എന്ന ശീർഷകത്തിൽ കീഴിൽ പാപപരിഹാരദിനത്തിലെ കർമ്മാനുഷ്ഠാനങ്ങളെ കുറിച്ച് ഈ ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഹെബ്രായലേഖനം 9-10 അധ്യായങ്ങളിലും ഈ തിരുനാളുകളിലെ കർമ്മങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. പുതിയ നിയമകാലത്ത് ഈ തിരുനാൾ എപ്രകാരമാണ് ആഘോഷിച്ചിരുന്നത് എന്ന് ഈ വിവരണങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാം.

## തിരുനാളിന്റെ ഉത്ഭവം

അഹ്റോന്റെ രണ്ടു പുത്രന്മാർ മരിച്ചതിനു ശേഷമാണ് ഈ നിയമം നല്കിയത് എന്ന വിശദീകരണം തുടർന്നു വിവരിക്കുന്ന നിയമങ്ങളുടെ പ്രധാന്യം എടുത്തു കാട്ടാൻ സഹായിക്കുന്നു എന്നല്ലാതെ എന്നാണ് ഈ തിരുനാൾ പ്രാബല്യത്തിൽ വന്നത് എന്ന് ഈ പരാമർശനത്തിൽ നിന്ന് അനുമാനിക്കാൻ കഴിയില്ല. ജറുസലെമിന്റെ നാശവും ബാബിലോൺ പ്രവാസവും ഇസ്രായേലിന്റെ സമൂഹമന:സാക്ഷിയിൽ കനത്ത ആഘാതം ഏല്പിച്ചു. തങ്ങളുടെ പാപാവസ്ഥയെയും പാപമോചനത്തിന്റെയും ആവശ്യകതയെയും കുറിച്ച് ആഴമേറിയ അവബോധം അതിലുടെ ജനത്തിലുളളവായി. ദൈവത്തിന്റെ നീതിയെയും ശിക്ഷാവിധിയെയും കുറിച്ചുള്ള ഭയം അവരിൽ വളർന്നു. പാപങ്ങളെ കുറിച്ച് അനുതപിക്കാനും പരിഹാരം അനുഷ്ഠിക്കാനും അങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കാനുമുള്ള മാർഗ്ഗങ്ങളാക്കി ഉപവാസവും ബലിയർപ്പണങ്ങളും കൂടുതൽ തീക്ഷണമായി നിർദ്ദേശിക്കപ്പെട്ടു. പ്രവാസത്തിൽ നിന്നു മടങ്ങി വന്ന പുരോഹിത നേതാക്കന്മാരും അവരുടെ പിൻഗാമികളുമാണ് ഈ ചിന്താധാരയ്ക്കും വിശ്വാസമുന്നേറ്റത്തിനും നേതൃത്വം നല്കിയത്. ഈ സാഹചര്യത്തിലായിരിക്കാം പാപപരിഹാരദിനം വലിയ തിരുനാളായി ആഘോഷിക്കാൻ തുടങ്ങിയത്.

## കർമ്മാനുഷ്ഠാനങ്ങൾ

യഹൂദപഞ്ചാംഗത്തിലെ തിഷ്റി (Tishri) എന്നറിയപ്പെടുന്ന ഏഴാം മാസം (സെപ്റ്റംബർ - ഒക്ടോബർ) പത്താം ദിവസമാണ് (ലേവ്യ 16, 29; 23, 27) പാപപരിഹാരദിനമായി ആചരിക്കുന്നത്. ഇത് ആഴ്ചയിലെ ഏതു ദിവസമാണെങ്കിലും, സാബത്തുപോലെ ആച രിക്കണം. അതിനുശേഷം അഞ്ചാം ദിവസം കൂടാരത്തിരുനാൾ ആരം ഭിക്കുന്നു (ലേവ്യ 23, 33). ഓരോ അമ്പതാം വർഷവും ആചരിക്കുന്ന ജൂബിലി വർഷം ആരംഭിക്കുന്നതും ഈ ദിവസമാണ് (ലേവ്യ 25, 8-9). ഏഴാം മാസം ഒന്നാം ദിവസം കാഹളം മുഴക്കി പ്രഖ്യാപി ക്കുന്ന അനുസ്മരണാദിനം ലേവ്യ 23, 24) ഈ തിരുനാളാഘോഷ ത്തിനൊരുക്കമായ അനുതാപകാലത്തിന്റെ തുടക്കം കുറിക്കുന്നു.

തിരുനാളാഘോഷം മാസത്തിന്റെ ഒമ്പതാം ദിവസം സൂര്യാ സ്തമയം മുതൽ പത്താം ദിവസം സൂര്യാസ്തമയം വരെ നീണ്ടു നിലക്കുന്നു(ലേവ്യ 23, 32). പൂർണ്ണമായ വിശ്രമവും കർശനമായ ഉപ വാസവും ഈ തിരുന്നാളാഘോഷത്തിന്റെ പ്രത്യേകതകളാണ്. ജനം മുഴുവൻ ഭക്ഷണപാനീയങ്ങൾ വർജിക്കണം; കുളിക്കുകയോ ദേഹത്തു തൈലം പൂശുകയോ അരുത്; നിഷ്പാദുകരായി നടക്കണം; ലൈംഗി കവൃത്തിയിൽ നിന്ന് ഒഴിഞ്ഞു നില്ക്കണം, കുട്ടികളും രോഗികളും മാത്രമേ ഈ കർശനനിയമങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നുള്ളൂ.

ആണ്ടിലൊരിക്കൽ മാത്രം ആചരിക്കുന്ന ഈ തിരുനാളിലെ മുഖ്യകാർമ്മികൻ പ്രധാന പുരോഹിതനാണ്. കഠിനമായ തപസും പ്രായശ്ചിത്തവും വഴി പ്രധാന പുരോഹിതൻ ഈ തിരുനാളിനായി ഒരുങ്ങണം എന്ന് 'മിഷനാ' നിർദ്ദേശിച്ചിരിക്കുന്നു. തിരുനാളിന് ഏഴു ദിവസം മുമ്പേ അദ്ദേഹം സ്വന്തം വസതി. വിട്ട് ദേവാലയത്തിലെ പ്രത്യേക മുറിയിൽ വാസമുറപ്പിക്കണം. ദിനം തോറും ദഹനബലി യർപ്പിക്കുകയും തിരുനാൾ കർമ്മങ്ങൾക്കു വേണ്ട പരിശീലനം നേടു കയും ചെയ്യണം. മാസത്തിന്റെ ഒമ്പതാം ദിവസം വൈകുന്നേരം ലഘുഭക്ഷണമേ കഴിക്കാവൂ. രാത്രി മുഴുവൻ ഉണർന്നിരുന്ന് ജന ത്തിന്റെ പാപത്തെ പ്രതി ദൈവസന്നിധിയിൽ വിലപിക്കണം. അതി രാവിലെ കുളിച്ച്, തന്റെ ഔദ്യോഗികസ്ഥാനത്തിന്റെ വിശിഷ്ട വസ്ത്ര

ങ്ങൾ അണിഞ്ഞ്, വിവിധങ്ങളായ ദഹനബലികൾ (സംഖ്യ 29, 7-11) അർപ്പിക്കണം. അതിനു ശേഷം തിരുവസ്ത്രങ്ങൾ അഴിച്ചുവച്ച്, പകരം അനുതാപിയുടെ വേഷമായ വെളുത്ത ചണവസ്ത്രം (ലേവ്യ 16,4) ധരിക്കണം. ഇതോടെ പാപപരിഹാരദിനാഘോഷത്തിനുള്ള പ്രധാന പുരോഹിതന്റെ ഒരുക്കം പൂർത്തിയായി. തുടർന്ന് ബലിയർപ്പണങ്ങ ളാണ്.

പുരോഹിതന്മാരുടെയും ജനങ്ങളുടെയും പാപങ്ങൾക്കു പരി ഹാരമായും, ദേവാലയത്തിന്റെയും ബലിപീഠത്തിന്റെയും മറ്റ് ഉപക രണങ്ങളുടെയും ശുദ്ധീകരണത്തിനു വേണ്ടിയുമാണ് ബലികൾ അർപ്പിക്കുന്നത്. ബലിയർപ്പിക്കാൻ വേണ്ട മൃഗങ്ങളെ കുറിച്ച് 16, 3-5ൽ പ്രതിപാദിക്കുന്നു. പുരോഹിതന്മാർക്കു വേണ്ടി ബലിയർപ്പിക്കാൻ ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ജനത്തിനു വേണ്ടി ബലിയർപ്പിക്കാൻ ഒരു മുട്ടാട്, ഒരു കോലാട്, പാപം ചുമത്തി മരുഭൂമിയിലേയ്ക്ക് അയ യ്ക്കാൻ ഒരു കോലാട് ഇത്രയുമാണ് ആവശ്യമായ മൃഗങ്ങൾ. തുടർന്നു ള്ള കർമ്മങ്ങളെ പൊതുവിൽ നാലായി തിരിക്കാം a. പുരോഹിത നാമാർക്കു വേണ്ടിയുള്ള ബലികൾ 16, 6.11-14; b. ജനത്തിനു വേണ്ടി യുള്ള ബലികൾ 16, 15-19; c. ആടിന്റെ മേൽ പാപം ചുമത്തി മരുഭൂ മിയിലേക്ക് അയയ്ക്കൽ 16. 7-10. 20-22; d. ദഹനബലി 16, 23-25.

## പുരോഹിതന്മാർക്കു വേണ്ടിയുള്ള ബലി 16, 6. 11-14

ലേവ്യ 4, 3-11ൽ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസ രിച്ച് ഒരു കാളക്കുട്ടിയെയാണ് അഹറോൻ തന്റെയും കുടുംബത്തി ന്റെയും പാപങ്ങൾക്കു പരിഹാരമായി അർപ്പിക്കേണ്ടത്. എന്നാൽ അർപ്പണക്രമത്തിൽ വ്യത്യാസമുണ്ട്. വിശുദ്ധ സ്ഥലത്തിനു പുറത്തു വെച്ച് പ്രധാന പുരോഹിതൻ കാളക്കുട്ടിയുടെ തലയിൽ കൈ വച്ച് തന്റെയും പുരോഹിതഗണം മുഴുവനെയും പാപങ്ങൾ ഏറ്റു പറയു ന്നു. അതിനുശേഷം കാളയെ കൊന്ന് പാത്രത്തിൽ എടുത്ത രക്തവും സുഗന്ധദ്രവ്യങ്ങളുമായി പ്രധാന പുരോഹിതൻ അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുന്നു.

മിഷ്നായിൽ നല്കിയിരിക്കുന്ന വിവരണമനുസരിച്ചു രണ്ടു ഘട്ടമായിട്ടാണ് ഈ കർമ്മം നിർവ്വഹിക്കുന്നത്. വലതു കൈയിൽ

തീക്കനൽ നിറച്ച പാത്രവും ഇടതുകൈയിൽ സുഗന്ധദ്രവ്യപാത്രവുമായി ആദ്യമേ അതിവിശുദ്ധ സ്ഥലത്തു പ്രവേശിച്ച് കൃപാസനത്തെ ധൂപം കൊണ്ടു മറയ്ക്കുന്നു. അതിനായി സുഗന്ധദ്രവ്യങ്ങൾ ഇട്ട അഗ്നികലശം ഉടമ്പടിയുടെ പേടകത്തിന്റെ തണ്ടിൽ വയ്ക്കുന്നു. പേടകം നഷ്ടപ്പെട്ടതിനുശേഷം, പേടകത്തിന്റെ സ്ഥാനം സൂചിപ്പിക്കുന്ന കല്ലിലാണ് അഗ്നികലശം വയ്ക്കുന്നത്. അതിവിശുദ്ധ സ്ഥലം ധൂമാവൃതമാക്കിയതിനു ശേഷം വിശുദ്ധ സ്ഥലത്തേയ്ക്ക് ഇറങ്ങി വന്ന് അല്പസമയം പ്രാർത്ഥിക്കുന്നു. തുടർന്ന് കാളക്കുട്ടിയുടെ രക്തം നിറച്ച പാത്രവുമായി വീണ്ടും അതിവിശുദ്ധ സ്ഥലത്തു പ്രവേശിച്ച് കൃപാസനത്തിൽ ഒരു പ്രാവശ്യവും പേടകത്തിന്മേൽ ഏഴു പ്രാവശ്യവും രക്തം തളിക്കുന്നു. ഇതാണ് പുരോഹിതന്മാർക്കു വേണ്ടിയുള്ള  പാപപരിഹാരകർമ്മം.

## ജനത്തിനു വേണ്ടിയുള്ള ബലി 16, 15-19

ജനത്തിന്റെ പാപങ്ങൾക്കു പരിഹാരത്തിന് രണ്ടു പ്രധാന ചടങ്ങുകൾ നിർദ്ദേശിച്ചിരിക്കുന്നു. അതിനാൽ ആദ്യത്തേതാണ് ബലി. അതിവിശുദ്ധ സ്ഥലത്തു നിന്ന് ഇറങ്ങി വന്ന പുരോഹിതൻ വിശുദ്ധസ്ഥലത്തിനു വെളിയിൽ, ബലിമൃഗത്തെ കൊല്ലുന്ന സ്ഥലത്ത് ഒരുക്കി നിർത്തിയിരിക്കുന്ന രണ്ടു കോലാടുകളുടെ മുമ്പിൽ നില്ക്കുന്നു. 'കർത്താവിന്' എന്നും 'അസസേലിന്' എന്നും എഴുതിയ കുറികൾ സൂക്ഷിച്ചിരിക്കുന്ന ഓരോ പാത്രവുമായി ശുശ്രൂഷികൾ പ്രധാന പുരോഹിതനെ സമീപിക്കുന്നു. അദ്ദേഹം ഓരോ കൈയിലും ഓരോ കുറി എടുത്ത് മുൻപിൽ നില്ക്കുന്ന ഓരോ ആടിന്റെയും തലയിൽ കുറി വച്ചുകൊണ്ട് അതിൽ എഴുതിയിരിക്കുന്ന വാക്കുകൾ ഉച്ചരിക്കുന്നു. 'കർത്താവിന്' എന്നു പറയുമ്പോൾ 'അവിടുത്തെ രാജ്യത്തിന്റെ മഹത്വപൂർണ്ണമായ നാമം എന്നേക്കും വാഴ്ത്തപ്പെടട്ടെ' എന്ന് ശുശ്രൂഷികൾ മറുപടി പറയുന്നു. അസസേലിനായി നിശ്ചയിച്ചിരിക്കുന്ന ആടിന്റെ കഴുത്തിൽ ചുവന്ന ചരടു കെട്ടി, മരുഭൂമിയിലേക്ക് അയയ്ക്കുന്നതിനു വേണ്ടി മാറ്റി നിർത്തുന്നു.

കർത്താവിനായി നിശ്ചയിച്ച ആടിനെ കൊന്ന് രക്തവുമായി പ്രധാന പുരോഹിതൻ മൂന്നാം തവണ അതിവിശുദ്ധ സ്ഥലത്തു

പ്രവേശിച്ച്, മുൻപു ചെയ്തതു പോലെ കൃപാസനത്തിന്മേലും പേടകത്തിന്മേലും രക്തം തളിക്കുന്നു. അവിടെ നിന്നിറങ്ങി വന്ന്, ആടിന്റെ രക്തം നിറച്ച പാത്രം മാറ്റി വച്ച്, പകരം കാളയുടെ രക്തം നിറച്ച പാത്രം എടുക്കുന്നു. അതിൽ നിന്ന് അതിവിശുദ്ധ സ്ഥലത്തിനു മുമ്പിലുള്ള വിരിയിൽ ഏഴു തവണ രക്തം തളിക്കുന്നു. വീണ്ടും ആടിന്റെ രക്തവും ഏഴു തവണ വിരിയിൽ തളിക്കുന്നു. പിന്നീട് രണ്ടു പാത്രങ്ങളിലെയും രക്തം ഒരുമിച്ച് ചേർത്ത് ബലിപീഠത്തിന്റെയും സുഗന്ധപീഠത്തിന്റെയും കൊമ്പുകളിൽ പുരട്ടുകയും രക്തത്തിൽ വിരൽ മുക്കി സുഗന്ധബലിപീഠത്തിന്മേൽ തളിക്കുകയും ചെയ്യുന്നു. ദൈവവും ജനവും തമ്മിൽ അനുരഞ്ജനം നടക്കുന്ന വേദിയാണ് ബലിപീഠം. ജനത്തിന്റെ പാപം മൂലം അശുദ്ധമാക്കപ്പെട്ട ബലിപീഠങ്ങളും മറ്റ് ഉപകരണങ്ങളും ഈ കർമ്മങ്ങളിലുടെ വീണ്ടും ശുദ്ധീകരിക്കപ്പെടുന്നു. പാത്രത്തിൽ ശേഷിച്ച രക്തം ദഹനബലി പീഠത്തിന്റെ ചുവട്ടിൽ ഒഴിക്കുന്നു. അത് പ്രത്യേകം നിർമ്മിച്ച ഓവുചാലിലുടെ കെദ്രോൺ താഴ് വരയിലേക്ക് ഒഴുകും. അവിടെവച്ച് അതു ശേഖരിച്ച് കർഷകർക്കു വിലക്കുകയും അവർ അതു വളമായി ഉപയോഗിക്കുകയും ചെയ്യും. ബലിമൃഗത്തിന്റെ രക്തത്തിന് അതിൽ ത്തന്നെ യാതൊരു ശക്തിയുമില്ല. പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ അടയാളം മാത്രമാണ് രക്തം ചിന്തലെന്നും, കാരുണ്യവാനായ ദൈവമാണ് പാപം ക്ഷമിക്കുന്നതെന്നും ഇതു വ്യക്തമാക്കുന്നു.

## പാപം വഹിക്കുന്ന ആട് 16, 7-10, 20-22

പുരോഹിതന്മാരുടെ പാപപരിഹാരത്തിനും ദേവാലയത്തിന്റെയും ഉപകരണങ്ങളുടെയും ശുദ്ധീകരണത്തിനും വേണ്ടിയുള്ള കർമ്മങ്ങളാണ് ഇതു വരെ കണ്ടത്. ജനത്തിൽ നിന്നു പാപം തുടച്ചു നീക്കാൻ വേണ്ടി നിർദ്ദേശിച്ചിരിക്കുന്ന അടുത്ത കർമ്മം തികച്ചും വ്യത്യസ്തവും, പ്രഥമദൃഷ്ട്യാ മനസിലാക്കാൻ പ്രയാസമുള്ളതുമാണ്. ഇതുമായി സാമ്യമുള്ള പല ആചാരങ്ങളും ചരിത്രകാരന്മാർ പുരാതനമതങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. രണ്ട് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ബാബിലോണിൽ ആരാധിച്ചിരുന്ന ദൈവങ്ങളാണ് ബേലും

(Bel) നാബുവും (Nabu). പുതുവത്സരാഘോഷത്തോടനുബന്ധിച്ച്, ഒന്നാം മാസം, അഞ്ചാം ദിവസം, ക്ഷേത്രഗായകൻ ഗാനങ്ങൾ ആലപിച്ചുകൊണ്ട് ഈ ദൈവങ്ങളുടെ ആലയങ്ങൾ വെള്ളമൊഴിച്ച് കഴുകിയതിനു ശേഷം എണ്ണയും സുഗന്ധതൈലവും കൊണ്ട് പൂശുന്നു. വേറൊരാൾ ഒരു ചെമ്മരിയാടിന്റെ തല വെട്ടി മാറ്റിയിട്ട്, രക്തം ഒഴുകുന്ന ഉടൽ കൊണ്ട് ക്ഷേത്രഭിത്തികൾ ഉഴിയുന്നു. തുടർന്ന് ഒരാൾ ആടിന്റെ തലയും വേറൊരാൾ ഉടലും എടുത്ത് യൂഫ്രട്ടീസ് നദിയിൽ എറിഞ്ഞു കളയുന്നു. ഇതുവഴി ക്ഷേത്രത്തിന്റെ അശുദ്ധി നീക്കം ചെയ്യപ്പെട്ടതായി കരുതിപ്പോന്നു. ശവം ചുമന്നവർ ഏഴു ദിവസം പട്ടണത്തിനു വെളിയിൽ വസിക്കണം.

ഹിത്യരുടെ ഇടയിൽ പ്രചാരത്തിലിരുന്നതാണ് മറ്റൊരു കർമ്മം. യുദ്ധത്തിനിടയിൽ പാളയത്തിൽ പകർച്ചവ്യാധികളുണ്ടായാൽ തങ്ങളുടെ പാളയത്തിൽ നിന്ന് ഒരു സ്ത്രീയെയും ഒരു ആടിനെയും അവർ തിരഞ്ഞെടുത്ത് പാളയത്തിന് നടുവിലൂടെ ഓടിക്കും. അതിനു ശേഷം രണ്ടിനെയും ശത്രുപാളയത്തിനു നേരെ പായിക്കും. അവസാനം ഇരുവരെയും ശത്രുക്കളുടെ ദേവന്മാർക്കു ബലിയർപ്പിക്കും. അങ്ങനെ ആ ദൈവങ്ങളെ പ്രീതിപ്പെടുത്തുകയും അവർ തങ്ങളുടെ ഇടയിലേക്ക് അയച്ച പകർച്ചവ്യാധികൾ മാറ്റിക്കളയുകയും ചെയ്യാൻ കഴിയുമെന്ന് വിശ്വസിച്ചിരുന്നു.

പരിഹാരബലി അർപ്പിച്ചതിനു ശേഷം, അസാസേലിനായി മാറ്റിവെച്ചിരുന്ന ആടിന്റെ തലയിൽ പ്രധാന പുരോഹിതൻ കൈകൾ വച്ച് ജനത്തിന്റെ സകല പാപങ്ങളും ഏറ്റു പറയുന്നു. ഇതിലൂടെ ജനത്തിന്റെ പാപം മുഴുവൻ ആടിന്റെ മേൽ ചുമത്തിയതായി കരുതപ്പെടുന്നു. പാപഭാരം പേറുന്ന ആടിനെ ഒരാൾ മരുഭൂമിയിലേക്കു നയിക്കും. ആടിനെ നാട്ടിൽ നിന്ന് ഓടിക്കുന്നതിൽ ജനക്കൂട്ടവും പങ്കു ചേരും. അവർ അതിന്റെ രോമം വലിച്ചു പറിക്കും. അതിന്റെ മേൽ തുപ്പും, വടികൊണ്ട് അടിച്ചും കുത്തിയും പീഡിപ്പിക്കും. ജറുസലെമിൽ നിന്നു ഏകദേശം നാലു കിലോമീറ്റർ കിഴക്ക് മരുഭൂമിയിലുള്ള ഒരു പാറക്കെട്ടിനടുത്തേക്കാണ് ആടിനെ കൊണ്ടു പോവുക. അവിടെ എത്തുമ്പോൾ കഴുത്തിലെ ചരടിൽ വലിയ കല്ലുകെട്ടി ആടിനെ താഴേയ്ക്കു തള്ളിയിട്ടു കൊല്ലും. ദേവാലയവാതിലിൽ

ബന്ധിച്ചിരിക്കുന്ന ചുവന്ന ചരട് ആടു ചാകുന്ന നിമിഷം വെളുക്കും എന്ന് ഒരു ഐതിഹ്യം യഹൂദരുടെ ഇടയിൽ നിലവിലിരുന്നു. ജനം പാപത്തിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടു എന്നതിന്റെ അടയാളമാണത്രേ ഇത്.

ഹിത്യരുടെയും ബാബിലോൺകാരുടെയും ഇടയിൽ നിലവിലിരുന്ന ആചാരങ്ങളും ഇതും തമ്മിലുള്ള സാമ്യം ചില ബാഹ്യാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. പാപം ഏറ്റു പറയുന്നതും, പാപം വഹിക്കുന്ന ആടിനെ പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി കൊല്ലുന്നതും പാപത്തെയും അത് ഉന്മൂലനം ചെയ്യാനുള്ള മാർഗ്ഗത്തെയും സംബന്ധിച്ച ഇസ്രായേലിന്റെ തനതായ വിശ്വാസവും കാഴ്ചപ്പാടും വെളിപ്പെടുത്തുന്നു. കുഷ്ഠരോഗത്തിൽ നിന്നും സുഖം പ്രാപിച്ചവന്റെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് ഒരു പക്ഷിയെ രക്തം കലർന്ന വെള്ളത്തിൽ മുക്കി പറപ്പിച്ചുവിടുന്ന കർമ്മവുമായി (ലേവ്യ 14, 7) ഇതിനു കൂടുതൽ സാമ്യമുണ്ട്. ദുഷ്ടതയുടെ പ്രതീകമായ ഒരു സ്ത്രീയെ ഏഫായ്ക്കുള്ളിൽ അടച്ച് ഷീനാർ ദേശത്തേക്കു പറത്തിക്കൊണ്ടു പോകുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന സഖറിയായുടെ ദർശനവും (സഖറിയ 5, 5-11) ഇതേ ആശയം ഉൾക്കൊള്ളുന്നു.

ഇവയെല്ലാറ്റിനെയുംകാൾ കൂടുതൽ അടുപ്പമുള്ളത് ഏശയ്യാ 53-ാം അധ്യായത്തിൽ വിവരിക്കുന്ന സഹനദാസന്റെ ചിത്രത്തിനാണ്. ജനത്തിന്റെ മുഴുവൻ പാപം ഏറ്റു വാങ്ങുകയും തന്റെ സഹനവും മരണവും വഴി ജനത്തിനു പാപമോചനം സാധ്യമാക്കുകയും ചെയ്ത ദാസനിൽ പാപം വഹിക്കുന്ന ആടിന്റെ പ്രതീകം കൂടുതൽ തെളിഞ്ഞു വരുന്നു. ഈ പ്രതീകങ്ങളെല്ലാം ലോകത്തിന്റെ പാപം മുഴുവൻ ഏറ്റെടുത്ത് കുരിശു മരണത്തിലുടെ പാപമോചനവും രക്ഷയും നല്കിയ യേശുവിന്റെ മരണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പാപം ചുമത്തി പട്ടണത്തിനു പുറത്തേക്കു കൊണ്ടുപോകുന്ന ആടിനെ അടിക്കുകയും കുത്തുകയും അതിന്റെ മേൽ തുപ്പുകയും ചെയ്തതെല്ലാം കുരിശു വഹിച്ചുകൊണ്ട് പട്ടണത്തിനു പുറത്തേക്കു പോയ യേശുവിനോടു ചെയ്തതിന്റെ മുന്നോടിയാണ്. എന്നാൽ ഇവിടെയും ഒരു വ്യത്യാസം പ്രത്യേകശ്രദ്ധയർഹിക്കുന്നു. പാപം

പേറുന്ന ആടിനെ മരുഭൂമിയിൽ അസസേലിനു നല്കുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. യേശുവിന്റെ ബലിയർപ്പണമാകട്ടെ, സ്നേഹ ത്താൽ പ്രേരിതനായി പിതാവിനു നല്കുന്ന സമ്പൂർണ്ണമായ ആത്മ സമർപ്പണമത്രേ.

'അസസേൽ' എന്ന ഹീബ്രുനാമം എന്തിനെ സൂചിപ്പിക്കുന്നു. എന്ന കാര്യത്തിൽ തർക്കമുണ്ട്. 'പാറക്കെട്ട്' എന്നാണ് ഈ വാക്കിന്റെ അർത്ഥം എന്നു ചിലർ കരുതുന്നു. പാറക്കെട്ടിൽ നിന്നു താഴേയ്ക്കു തള്ളിയിടുന്നതിനാലാണത്രേ ഈ പേരുണ്ടായത്. 'പുറത്തേക്ക് അയ യ്ക്കപ്പെടുന്ന ആട്' എന്നാണ് ഈ പേരിന്റെ അർത്ഥമെന്ന് മറ്റു ചിലർ കരുതുന്നു. ഈ അർത്ഥത്തിലാണ് വുൾഗാത്ത എന്ന ലത്തീൻ വിവർത്തനം ഈ പദം പരിഭാഷപ്പെടുത്തുന്നത് (Hircus Emissarius). ഇംഗ്ലീഷിലെ scape goat (escape goat) എന്ന പദത്തിനും ഇതേ അർത്ഥമാണുള്ളത്. എന്നാൽ അസസേൽ എന്നത് പിശാചിന്റെ പേരാ ണെന്ന വ്യാഖ്യാനം കൂടുതൽ സ്വീകാര്യമാണ്. തിന്മയുടെ മൂർത്തിമ ത്ഭാവവും മനുഷ്യനെ തിന്മയിലേക്കു നയിക്കുന്നവനുമായ പിശാച് മരുഭൂമിയിലാണ് വസിക്കുന്നത് എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ഇതിന്റെ സ്വാധീനം പുതിയ നിയമത്തിലും കാണാം (മർക്കോ 1, 13ച ലൂക്കാ 11, 24). മനുഷ്യസ്ത്രീകളുടെ സൗന്ദര്യത്തിന്റെ ആകൃ ഷ്ടരായി അവരിൽ നിന്നു മക്കളെ ഉല്പാദിപ്പിക്കുകയും മനുഷ്യരെ യുദ്ധോപകരണങ്ങൾ നിർമ്മിക്കാൻ പഠിപ്പിക്കുകയും പട വെട്ടി മരി ക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിന്റെ പേരിൽ ദൈവം ശിക്ഷിച്ച് മരുഭൂമിയിൽ തളച്ചിട്ടിരിക്കുന്ന, പിശാചായി മാറിയ ഒരു ദൈവദൂത നാണ് അസസേൽ എന്ന് ബി.സി. രണ്ടാം നൂറ്റാണ്ടിൽ എഴുതത പ്പെട്ട അപ്രമാണിക ഗ്രന്ഥമായ ഏനോക്കിന്റെ പുസ്തകത്തിൽ കാണുന്നു (ഏനോക്ക് 10, 4-5).

## ദഹനബലി 16, 23-28

തിരുനാളിലെ അവസാനത്തെ കർമ്മമാണിത്. ആടിനെ മരു ഭൂമിയിലേക്കു കൊടുത്തയച്ചതിനു ശേഷം പ്രധാമ പുരോഹിതൻ അനുതാപവസ്ത്രങ്ങൾ അഴിച്ചു മാറ്റി കുളിച്ചിട്ട് സ്വർണ്ണഖചിതമായി വിശിഷ്ട വസ്ത്രങ്ങൾ ധരിക്കുന്നു. അനന്തരം ആദ്യമേ കൊന്ന കാള

ക്കുട്ടിയുടെ മേദസും ദഹനബലിക്കുള്ള മുട്ടാടിന്റെ മേദസും ബലി പീഠത്തിൽ വച്ചു ദഹിപ്പിക്കുന്നു. ബലിമൃഗങ്ങളുടെ അവശേഷിച്ച ഭാഗങ്ങൾ പ്രത്യേകം നിശ്ചയിക്കപ്പെട്ടിരുന്ന ഒരാൾ പാളയത്തിനു പുറത്തു കൊണ്ടു പോയി ചുട്ടു ചാരമാക്കുന്നു. അയാളും ആടിനെ മരുഭൂമിയിലേക്കു കൊണ്ടുപോയ ആളും അശുദ്ധരായി ത്തീർന്നതി നാൽ കുളിച്ചു ശുദ്ധി, വരുത്തി വസ്ത്രം മാറിയതിനു ശേഷം ആരാ ധനാ സമൂഹത്തോടു ചേരുന്നു.

ഈ കർമ്മങ്ങൾ കഴിഞ്ഞ് പ്രധാന പുരോഹിതൻ വസ്ത്രം മാറി വീണ്ടും വെളുത്ത ചണവസ്ത്രം ധരിച്ച് നാലാം പ്രാവശ്യം അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കുന്നു. ചടങ്ങുകളുടെ ആരംഭത്തിൽ കൃപാസനത്തിനു മുമ്പിൽ പ്രതിഷ്ഠിച്ച ധൂപകലശം തിരിച്ചെടുക്കു ന്നതിനു വേണ്ടിയാണ് അവസാനമായി അവിടെ പ്രവേശിക്കുന്നത്. കർമ്മാനുഷ്ഠാനങ്ങളെല്ലാം അവസാനിപ്പിച്ചതിനു ശേഷം സൂര്യാ സ്തമയത്തോടെ അദ്ദേഹം സ്വഭവനത്തിലേക്കു മടങ്ങി സ്നേഹിത ന്മാരോടൊത്തു വിരുന്നാഘോഷിക്കുന്നു. ജനം മുഴുവൻ പാട്ടു പാടിയും നൃത്തം ചെയ്തും തങ്ങൾക്കു ലഭിച്ച പാപമോചനത്തെ ക്കുറിച്ച് ആഹ്ലാദിക്കുന്നു. ഈ സാഹചര്യത്തിലാണ് 'എന്റെ ആത്മാ വേ, കർത്താവിനെ വാഴ്ത്തുക, എന്റെ അന്തരംഗമേ അവിടുത്തെ വിശുദ്ധനാമത്തെ പുകഴ്ത്തുക..... കിഴക്കും പടിഞ്ഞാറും തമ്മിലുള ളത്ര അകലത്തിൽ, നമ്മുടെ പാപങ്ങളെ അവിടുന്ന് നമ്മിൽ നിന്ന കറ്റി' (സങ്കീ 103, 1.12) എന്ന സങ്കീർത്തനവാക്യം ഏറ്റം അർത്ഥവ ത്തായി കഴിഞ്ഞത്.

തിരുനാളിനെ സംബന്ധിച്ച നിർദ്ദേശങ്ങളുടെ ഉപസംഹാരം എന്ന വിധത്തിൽ 16, 29-34 വാക്യങ്ങളിൽ പൊതുവായ ചില കാര്യ ങ്ങൾ രേഖപ്പെടുത്തിയിരുക്കുന്നു. പാപങ്ങളെ കുറിച്ച് അനുതപി ക്കാനും പരിഹാരം അനുഷ്ഠിക്കാനും വേണ്ടി ആണ്ടിൽ ഒരു ദിവ സം, പ്രത്യേകമായി മാറ്റി വയ്ക്കണമെന്നും ആണ്ടു തോറും ഈ കർമ്മം അനുഷ്ഠിക്കണം എന്നും തുടർന്ന് അനുശാസിക്കുന്നു.

**വിചിന്തനം:** പാപം ഒറ്റപ്പെട്ട വ്യക്തികളെ മാത്രമല്ല, സമൂഹം മുഴുവനെയും മനുഷ്യന്റെ പരിസരങ്ങളെയും പരിസ്ഥിതിയെ

ത്തന്നെയും ബാധിക്കുന്നുവെന്നും, ഈ തലങ്ങളിലെല്ലാം മോചനം ആവശ്യമാണെന്നും പാപപരിഹാരദിനത്തിലെ കർമ്മാനുഷ്ഠാന ങ്ങൾ വ്യക്തമാക്കുന്നു. പുരോഹിതന്മാർക്കുമ ദേവാലയത്തിനും ജന ത്തിനും വേണ്ടു പാപപരിഹാരകർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ പാപമോചനത്തിനു വേണ്ടിയുള്ള അഗാധമായ ദാഹമാണ് പ്രകടമാ ക്കുന്നത്. ഇതുവരെ കണ്ട നിരവധിയായ ബലിയർപ്പണങ്ങളെല്ലാം തന്നെ വ്യക്തികൾക്കു വേണ്ടിയുള്ളതായിരുന്നു. എന്നാൽ ഇവിടെ ജനം ഒന്നടങ്കം പാപത്തിൽ നിന്നു മോചനം തേടുന്നു. പാപത്തിന്റെ സാമൂഹികമാനം ഇവിടെ തെളിയുന്നു.

പാപമോചനം പ്രധാനമായും രണ്ടു ഘടകങ്ങൾ ഉൾക്കൊള്ളു ന്നുണ്ട്. 1. ദൈവവുമായുള്ള രമ്യതയും ഐക്യവും പുന:സ്ഥാപ്ക്കൽ 2. വ്യക്തികളുടെയും സമൂഹത്തിന്റെയും മേൽ ബാധിച്ച അശുദ്ധി നീക്കം ചെയ്യൽ. പാപമോചനം ദൈവം സൗജന്യമായി നല്കുന്ന ദാനമാണ്. ദൈവം മോചിച്ചെങ്കിലേ പാപമോചനം ലഭ്യമാകൂ; ദൈവം ശുദ്ധീകരിച്ചാലേ യഥാർത്ഥശുദ്ധി കൈ വരൂ. അതിനാൽ ദൈവ ത്തിന്റെ കരുണയ്ക്കു വേണ്ടിയുള്ള യാചനയും അതു സ്വീകരിക്കാ നുള്ള ഒരുക്കവുമാണ് ഈ കർമ്മങ്ങളിലൂടെ പ്രകടമാക്കുന്നത്.

പാപപരിഹാരദിനത്തിലെ കർമ്മാനുഷ്ഠാനങ്ങളെല്ലാം വരാ നിരുന്ന വലിയൊരു പാപപരിഹാരകർമ്മത്തിന്റെ പ്രതീകവും മുന്നോ ടുയുമായിരുന്നു. യേശു ക്രിസ്തുവിന്റെ കുരിശുമരണത്തിലാണ് ഈ പ്രതീകങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടത്. യേശുവിന്റെ ആത്മബലി യിലൂടെ ലോകത്തിന്റെ പാപം പരിഹരിക്കപ്പെട്ടു. ആ ഏകബലി യുടെ എല്ലാ കാലത്തും എല്ലാ സ്ഥലത്തുമുള്ള പുനരാവിഷക്കരണ മാണ് വി.കുർബാന. അതിലൂടെ പാപമോചനവും രക്ഷയും, ദൈവവും സഹോദരങ്ങളുമായുള്ള അനുരഞ്ജനവും ഇന്ന് വിശ്വാ സികൾക്ക് ലഭ്യമാകുന്നു. മനുഷ്യസമൂഹവും ലോകം തന്നെയും നവീ കരിക്കപ്പെടുന്നു.

ദൈവവും ദൈവജനവും തമ്മിലും, ജനങ്ങൾ തമ്മിൽത്ത മ്മിലും പൂർണ്ണമായ അനുരഞ്ജനവും ഐക്യവും പുന:സ്ഥാപിക്ക പ്പെടുന്ന ദിനമാണ് പാപപരിഹാരദിനം. ഇവിടെ എല്ലാ മനുഷ്യരും,

പുരോഹിതനും ജനവും ഒരു പോലെ, പാപികളാണെന്ന് അംഗീക രിച്ച് സ്വന്തം പാപങ്ങൾ ഏറ്റു പറയുന്നു. പഴയ നിയമത്തിൽ ആണ്ടി ലൊരിക്കൽ ആചരിക്കാൻ ആവശ്യപ്പെട്ടിരുന്ന പാപപരിഹാരദിനം ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അനുദിനജീവിതത്തിനു മാതൃകയും മാർഗ്ഗദർശകവും ആകണം. അപ്പോൾ മാത്രമേ യേശു വിന്റെ ബലിയിലുള്ള പങ്കു ചേരൽ പൂർണ്ണമാകൂ.

## ചോദ്യങ്ങൾ

1. 'പാപപരിഹാരദിനം' എന്നു വിവർത്തനം ചെയ്യുന്ന വാക്കിന്റെ ഹീബ്രുമൂലം എന്ത്? എന്താണ് അതിന്റെ അർത്ഥം ?

2. എന്താണ് ഈ തിരുന്നാളിന്റെ പ്രാധാന്യം?

3. ആർക്കെല്ലാം വേണ്ടിയാണ് ഈ തിരുനാളിൽ പരിഹാരകർമ്മ ങ്ങൾ അനുഷ്ഠിച്ചിരുന്നത്? എന്തായിരുന്നു ആ കർമ്മങ്ങൾ?

4. പാപത്തെയും പാപമോചനത്തെയും കുറിച്ച് എന്തു പാഠമാണ് ഈ അധ്യായത്തിൽ നിന്നു ലഭിക്കുന്നത്?

**പഠനപ്രവർത്തനം:** ഹെബ്രായർക്കെഴുതിയ ലേഖനം 9-10 അധ്യാ യങ്ങളുടെ വെളിച്ചത്തിൽ പാപപരിഹാരദിനത്തിലെ കർമ്മങ്ങളും യേശുവിന്റെ ആത്മബലിയും തമ്മിൽ താരതമ്യം ചെയ്യുക.

**പ്രാർത്ഥന :** സങ്കീർത്തനം 40, 6-8 ഉപയോഗിച്ചു പ്രാർത്ഥിക്കുക.

# 5. വിശുദ്ധിയുടെ നിയമങ്ങൾ 17–27

ദൈവാരാധനയുമായി ബന്ധപ്പെട്ട ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും കുറിച്ചുള്ള നിയമങ്ങളാണ് ഇതുവരെ കണ്ടത്. ലേവ്യ പുസ്തകത്തിന്റെ രണ്ടാം ഭാഗമായി കരുതാവുന്ന അടുത്ത അദ്ധ്യായങ്ങളിൽ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ മുഖ്യമായും പ്രതിപാദ്യവിഷയമാകുന്നു. ഒരു അനുബന്ധം എന്ന നിലയിൽ ചേർത്തിരിക്കുന്ന നേർച്ചകളെ സംബന്ധിച്ച 27–ാം അദ്ധ്യായം ഒഴികെ ബാക്കിയുള്ള 10 അദ്ധ്യായങ്ങൾ ഒരു യൂണിറ്റായി നില്ക്കുന്നു. ദൈവശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ജനം തങ്ങളെത്തന്നെ വിശുദ്ധരായി കാത്തുസൂക്ഷിക്കണം എന്ന് ഈ അദ്ധ്യായങ്ങളിൽ അനേകം തവണ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു.

## വിശുദ്ധിയുടെ നിയമസംഹിത

ദൈവത്തിന്റെ വിശുദ്ധിയെയും അത് ജനത്തിൽ നിന്ന് ആവശ്യപ്പെടുന്ന ജീവിതവിശുദ്ധിയെയും കുറിച്ച് ഊന്നിപ്പറയുന്നതിനാൽ 17–26 അദ്ധ്യായങ്ങളെ വിശുദ്ധിയുടെ നിയമസംഹിത എന്നു വിളിക്കാറുണ്ട് 1877ൽ ജർമ്മൻ ബൈബിൾ പണ്ഡിതനായ ക്ലോസ്റ്റർമാൽ ആണ് ഈ അദ്ധ്യായങ്ങളെ ഒരു പ്രത്രേകയൂണിറ്റായി വേർതിരിച്ച് ഈ പേരു നൽകിയത്. ഇസ്രായേലിൽ പലപ്പോഴായി പ്രാബല്യത്തിൽ വന്ന നിയമങ്ങളെ ക്രോഡീകരിച്ച് ഇപ്രകാരം ഒരു നിയമസംഹിതക്ക് രൂപം നൽകിയത് പ്രവാസത്തിനു തൊട്ടുമുമ്പ് ജറുസലെമിൽ വസിച്ചിരുന്ന പുരോഹിതന്മാരാണ് എന്നു കരുതപ്പെടുന്നു. ലേവ്യ പുസ്തകത്തിന്റെ ആദ്യരൂപമാണിത്. ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന ലേവ്യ പുസ്തകത്തിന്റെ ആദ്യഭാഗമായ 1–16 അധ്യായങ്ങളും 27–ാം അധ്യായവും പ്രവാസ കാലത്തും അതിനുശേഷവുമായി ഇതിനോടു കൂട്ടിച്ചേർത്തതാണെന്നും ബൈബിൾ അതിനുശേഷവുമായി ഇതിനോടു കൂട്ടിച്ചേർത്തതാണെന്നും ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

മോശയുടെ കാലം മുതൽ ഇസ്രേയലിൽ പ്രാബല്യത്തിലിരുന്ന

പല നിയമങ്ങളും ഈ സംഹിതയിലുണ്ട്. കാലക്രമത്തിൽ വ്യത്യസ്തസാഹചര്യങ്ങൾക്കനുസൃതം, ഇസ്രേലിന്റെ വിശ്വാസ പൈതൃകത്തിന് അനുയോജ്യമാം വിധം രൂപം നൽകിയ നിയമങ്ങളുമുണ്ട്. പലപ്പോഴായി രൂപമ കൊണ്ട നിയമങ്ങളുടെ യൂണിറ്റുകൾ ഒരുമിച്ചു ചേർത്തതിനാലാവണം, ഈ സംഹിതയിൽ ചില ആവർത്തനങ്ങൾ കാണുന്നത്. ഉദാഹാരണത്തിന്, വിവാഹ ബന്ധങ്ങളെയും ലൈംഗികവിശുദ്ധിയെയും സംബന്ധിച്ച് 18-ാം അദ്ധ്യായങ്ങളിൽ വിവരിക്കുന്ന നിയമങ്ങൾ. വിവിധ ശിക്ഷകൾ ചേർത്ത് 20-ാം അദ്ധ്യായത്തിൽ വീണ്ടും അവതരിപ്പിക്കുന്നുണ്ട്. മോളെക്കിനു നരബലിയർപ്പിക്കരുത് (18,21; 20,2), മന്ത്രവാദവും കൂടോത്രവും അരുത് (19,31;20,6,27)എന്നിങ്ങനെ പലനിയമങ്ങും ആവർത്തിച്ചിരിക്കുന്നു.

## വിശുദ്ധി

നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്. (19, 2) എന്ന കല്പന പലവിധത്തിൽ, ഒരു പല്ലവി പോലെ ഈ അദ്ധ്യായങ്ങളിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട്. ദൈവത്തിന്റെ വിശുദ്ധിയും അത് ജനത്തിൽ നിന്നാവശ്യപ്പെടുന്ന ജീവിതവിശുദ്ധിയും രണ്ടു മാനങ്ങൾ ഉൾക്കൊള്ളുന്നു. അദൃശ്യനും മനുഷ്യബുദ്ധിക്ക് ആഗ്രാഹ്യനും സർവ്വസൃഷ്ടികൾക്കും അതീതനുമാണ് ദൈവം ഇതാണ് ദൈവത്തിന്റെ വിശുദ്ധിയുടെ ആദ്യമാനം . ഇതിനെ അതീതത്വം എന്നു വിളിക്കാം. ഈ കാഴ്ചപ്പാടിൽ മനുഷ്യൻ നല്കുന്ന പ്രതികരണമാണ് ആരാധന. ലേവ്യപുസ്തകത്തിന്റെ ആദ്യത്തെ 16 അധ്യായങ്ങളിൽ ഈ കാഴ്ചപ്പാടിനാണ് ഊന്നൽ നല്കിയിരിക്കുന്നത്. ആരാധനാസംബന്ധിയായ വിശുദ്ധി എന്ന് ഇതിനെ പൊതുവിൽ വിശേഷിപ്പിക്കാം. അനുഷ്ഠാനവിധികളെയും, ശുദ്ധാശുദ്ധ വിവേചനം, ആഹാരം, വസ്ത്രം, പാർപ്പിടം മുതലായവയെ സംബന്ധിച്ച നിയമങ്ങളുടെയും കണിശമായ അനുസരണത്തിലുടെ ഇപ്രകാരമുള്ള വിശുദ്ധി നേടാൻ വിശ്വാസി ആഹ്വാനം ചെയ്യപ്പെടുന്നു.

രക്ഷാചരിത്രത്തിലൂടെ, പ്രത്യേകിച്ചും പുറപ്പാടു സംഭവത്തിലൂടെ, പ്രകടമായതാണ് ദൈവത്തിന്റെ വിശുദ്ധിയുടെ മറ്റൊരുമാനം.

ഇവിടെ കരുണാർദ്രമായ സ്നേഹത്തിലൂടെയാണ് ദൈവം തന്റെ വിശുദ്ധി പ്രകടമാക്കുന്നത്. മർദ്ദിതരുടെ നിലവിളികേൾക്കുകയും അടിമകൾക്കു വിടുതലും വിശക്കുന്നവന് ആഹാരവും പരദേശികൾക്കു പാർപ്പിടവും പാപികൾക്കു മോചനവും നൽക്കുകയും ചെയ്യുന്നതിലൂടെ വെളിപ്പെടുന്നത് ദൈവത്തിന്റെ വിശുദ്ധി തന്നെ. ഈ വെളിപ്പെടുത്തൽ മനുഷ്യനിൽ നിന്ന് ആവശ്യപ്പെടുന്നത് അവൻ സഹജീവികളോട് കരുണയും ദയയും ആർദ്രമായ സ്നേഹവും ഉള്ളവനായിരിക്കണം എന്നാണ്. ഇതിനെ ധാർമ്മിക വിശുദ്ധി എന്നു വിളിക്കുന്നു. വിശുദ്ധിയുടെ നിയമസംഹിത എന്നു വിശേഷിപ്പിക്കുന്ന ലേവ്യപുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് ഈ വിശുദ്ധിക്കാണ് മുൻതൂക്കം നല്കിയിരിക്കുന്നത്.

നിങ്ങൾ വിശുദ്ധരായിരിക്കുവിൻ എന്ന കല്പനയിൽ ഈ രണ്ടു മാനങ്ങളും ഒരു പോലെ ഉൾച്ചേർന്നിരിക്കുന്നു. ഇസ്രായേലിനെ ഇതരജനതകളിൽ നിന്നു വേർ തിരിച്ച്, സ്വന്തം ജനമായി തിരഞ്ഞെടുത്തതിലൂടെ ദൈവം അവരെ വിശുദ്ധ ജനമായി ഉയർത്തി. ആ അവസ്ഥയിൽ നിലനില്ക്കാമാണ് ഈ നിയമങ്ങളിലൂടെ അനുശാസിക്കുന്നത്. നിങ്ങൾ എന്റെ പ്രമാണങ്ങളും കല്പനകളും അനുസരിക്കുക. അവ അനുസരിക്കുന്നവൻ അവയാൽ ജീവിക്കും (18,5) എന്ന ആഹ്വാനം വിശുദ്ധിയുൽ നിലനില്ക്കാൻ വേണ്ടി ജനത്തിനു ദൈവം നല്കിയ ദാനമായി നിയമത്തെ വിശേഷിപ്പിക്കുന്നു. പൊതുവായ നിരീക്ഷണങ്ങൾക്കു ശേഷം ഓരോ അധ്യായങ്ങളിലെയും പ്രധാന പ്രമേയങ്ങൾ ചുരുക്കമായി അപഗ്രഥിക്കാം.

## 1. ബലിയും രക്തവും 17

ദൈവമാണ് ജീവന്റെ നാഥൻ, ദൈവത്തിനു മാത്രമേ ജീവന്റെ മേൽ അധികാരവും അവകാശവുമൂള്ളു എന്ന സത്യമാണ് ഈ അധ്യായത്തിൽ ഊന്നിപ്പറയുന്നത്. പ്രളയത്തിനു ശേഷമുള്ള പുതിയ സംവിധാനത്തിൽ മാംസഭോജനം അനുവദനീയമാണെങ്കിൽ പോലും (ഉൽപ 9,2-3) ജീവന്റെ മേൽ മനുഷ്യന് അവകാശമില്ല എന്ന് ഇവിടെ പ്രത്യേകം അനുസ്മരിപ്പിക്കുന്നു. എന്താവശ്യത്തിനു വേണ്ടിയും മൃഗത്തെ കൊല്ലുന്നത് ബലിയർപ്പണമായിട്ടാണ് ആരംഭകാലത്ത് കരു

തപ്പെട്ടിരുന്നത്. കൊന്ന മൃഗത്തിന്റെ രക്തവും ഭോജനബലിയാക്കായി ദഹിപ്പിക്കാനുള്ള മേദസും ആരാധനാലയത്തിൽ കൊണ്ടുവരണം എന്ന് 3-4 വാകൃങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു.

മരുഭൂമിയിലെ വാസക്കാലത്തും കാനാൻദേശത്തു വാസമുറപ്പിച്ച ആദ്യനൂറാണ്ടുകളിലും ഈ നിയമം അനുസരിക്കുക പ്രയാസമായിരുന്നില്ല. കാരണം മരുഭൂമിയിൽ വിശുദ്ധ കൂടാരത്തിനു ചുറ്റുമാണ് ജനം പാളയമടിച്ചിരുന്നത്. ബി.സി. ഏഴാം നൂറ്റാണ്ടിലെ ജോസിയാ രാജാവിന്റെ മതനവീകരണം വരെ ദേശത്തുടനീളം ധാരാളം ആരാധനാലയങ്ങളുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ മൃഗങ്ങളെ കൊന്നു ഭക്ഷിക്കുന്നത് ഒരു സമാധാനബലിയായി പരിഗണിക്കാൻ കഴിയുമായിരുന്നു. എന്നാൽ ജറുസലെമിൽ മാത്രമേ ആരാധനയും ബലിയർപ്പണവും പാടുള്ളു എന്ന് ജോസിയായുടെ കല്പനയ്ക്കു ശേഷം ഈ നിയമം തികച്ചും അപ്രായോഗികമായിത്തീർന്നു. അതിനാൽ പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് നിയമത്തിൽ ഭേദഗതി വരുത്തിയതായി നിയമ 12, 15-16, 20-25 ൽ കാണാം.

അന്യദേവന്മാർക്കു ബലിയർപ്പിക്കുന്നതിനെ തടയാൻ വേണ്ടിയാണ് ഈ നിയമം എന്ന് 17, 5 ൽ പ്രത്യേകം വിശദീകരിച്ചിരിക്കുന്നു. പിശാചുക്കൾ എന്ന് 7-ാം വാകൃത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത് കാട്ടാടുകളുടെ രൂപത്തിൽ മരുഭൂമിയിൽ ചുറ്റി ത്തിരയുന്നു എന്ന് ജനം വിശ്വസിച്ചിരുന്ന ദുഷ്ടാരൂപികളെ സൂചിപ്പിക്കുന്ന ഹീബ്രു പദമാണ്. 16-ാം അധ്യായത്തിൽ കണ്ട അസാസേൽ സങ്കല്പവുമായി ഈ വിശ്വാസത്തിനു ബന്ധമുണ്ട്. ദൈവത്തിനു മാത്രമേ ബലിയർപ്പിക്കാവു എന്ന് ഈ വാകൃത്തിൽ വീണ്ടും ഊന്നിപ്പറയുന്നു.

രക്തം ഭക്ഷിക്കരുത് എന്നു പലതവണ ആവർത്തിച്ചു പറയുന്നത് ജീവനെ മാനിക്കാനും ദൈവത്തെ ജീവന്റെ നാഥനായി ഏറ്റുപറയാനും പ്രേരിപ്പിക്കുന്നു. രക്തം വാർന്നു പോയാൽ ജീവി മരിക്കുന്നു എന്ന അനുഭവത്തിൽ നിന്നാണ് ജീവന്റെ ഇരിപ്പിടമാണെന്ന നിഗമനത്തിൽ പൗരാണികർ എത്തിച്ചേർന്നത്. കാട്ടുമൃഗങ്ങളുടെ രക്തം ഊറ്റിക്കളഞ്ഞു മണ്ണിട്ടുമൂടുന്നതും ജീവനോടുള്ള ആദരവു പ്രകടിപ്പിക്കുന്നു.

**വിചിന്തനം:** മനുഷ്യന്റെ മാത്രമല്ല, മൃഗങ്ങളുടെയും ജീവൻ ദൈവത്തിനു വിലപ്പെട്ടതാണ്. അതിനെ മാനിക്കാനും ആദരിച്ചു സംര ക്ഷിക്കാനും ഏവരും കടപ്പെട്ടിരിക്കുന്നു. സാർത്ഥ ലാഭത്തിനുമ സുഖ ഭോഗങ്ങൾക്കും വേണ്ടിയുള്ള മൃഗപീഡനവും ജീവന്റെ നാഥനോടു ചെയ്യുന്ന അതിക്രമമാണ്. എന്നാൽ ഈ നിയമം മനുഷ്യന്റെ ജീവ ലി◌ രക്ഷിക്കാൻ വേണ്ടി നല്കുന്ന രക്തദാനത്തെ വിലക്കുന്നില്ല. ജീവന്റെ നാശമല്ല, സംരക്ഷണമാണ്. ഈ നിയമത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

## 2. ലൈംഗികതയുടെ വിശുദ്ധി 18

നവജീവൻ നാമ്പെടുക്കുകയും വളർന്നു വികസിക്കുകയും ചെയ്യുന്നത്. മനുഷ്യസമൂഹത്തിന്റെ ഏറ്റം അടിസ്ഥാനഘടകമായ കുടുംബത്തിന്റെ ഭദ്രത സമൂഹത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും അനിവാര്യമായിരിക്കുന്നു. അതിനാൽ കുടുംബജീവിതത്തെ സംബ ന്ധിക്കുന്ന നിയമങ്ങളാണ് സാമൂഹ്യ നിയമങ്ങളുടെ പട്ടികയിൽ ആദ്യമേ അവതരിപ്പിച്ചിരിക്കുന്നത്.

1-5 വാക്യങ്ങൾ ഈ നിയമങ്ങളുടെ ആമുഖവും 24-30 ഉപസം ഹാരവുമാണ്. നിയമങ്ങൾ അനുസരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ആമുഖത്തിലും, അനുസരിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന ഭവി ഷ്യത്തുകളെ കുറിച്ച് ഉപസംഹാരത്തിലും പ്രതിപാദിക്കുന്നു. ഇവയ്ക്കു മധ്യേ, രക്തബന്ധവും വിവാഹബന്ധുതയും വഴി വിവാഹം നിഷിദ്ധമാകുന്ന സാഹചര്യങ്ങളും (6-18) വർജ്ജിക്കേണ്ട ചില ലൈംഗിക വൈകൃതങ്ങളും (19-23) വിവരിച്ചിരിക്കുന്നു.

ആമുഖം 18, 1-5 കർത്താവ് മോശയോട് അരുളി ചെയ്തു എന്ന പതിവായ മുഖവുര ഈ നിയമങ്ങളെല്ലാം മോശ വഴി ദൈവം നല്കി യതാണെന്ന് സൂചിപ്പിക്കുന്നു. ഇസ്രായേൽ ജനം മുഴുവനെയും ബാധി ക്കുന്നവയാണ് ഇവിടെ വിവരിക്കാൻ പോകുന്ന നിയമങ്ങൾ എന്ന് തുടർന്ന് അനുസ്മരിപ്പിക്കുന്നു. ഇതേ മുഖവര അടുത്ത അധ്യായ ങ്ങളിലും (19,1ച 20,1 23,1ച 25,1) കാണാം. ഞാൻ നിങ്ങളുടെ ദൈവ മായ കർത്താവാണ് എന്ന് പ്രഖ്യാപനം കല്പന നല്കുന്ന ദൈവവും അതു സ്വീകരിക്കുന്ന ജനവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.

വിശുദ്ധിയുടെ നിയമസംഹിതയിൽ ഈ ബന്ധം പല തരത്തിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട്. ഒരു താരതമ്യപഠനത്തിനു വേണ്ടി അവ താഴെ കൊടുക്കുന്നു.

1. ഞാനാണ് കർത്താവ് 18,5

2. നിങ്ങളുടെ ദൈവമായ ഞാനാണ് കർത്താവ് 18,2

3. നിങ്ങളെ വിശുദ്ധികരിക്കുന്ന ഞാനാണ് കർത്താവ് 20,8

4. നിങ്ങളെ വിശുദ്ധികരിക്കുന്ന കർത്താവായ ഞാൻ പരിശുദ്ധ നാണ് 21,8

5. നിങ്ങളെ മറ്റു ജനതകളിൽ നിന്നു വേർ തിരിച്ച ഞാനാണ് നിങ്ങ ളുടെ ദൈവമായ കർത്താവ് 20, 24

6. ഈജിപ്തുദേശത്തു നിന്ന് നിങ്ങളെ കൊണ്ടു വന്ന ഞാനാണ് കർത്താവ് 20,24

7. നിങ്ങളെ ദൈവമായിരിക്കേണ്ടതിന്, ഈജിപ്തുദേശത്തു നിന്നു നിങ്ങളെ കൊണ്ടുവന്ന ഞാനാണ് കർത്താവ് 22, 23

8. നിങ്ങളെ ഈജിപ്തുകാരുടെ അടിമകളായി തുടരാതിരിക്കാൻ അവ രുടെ ദേശത്തു നിന്ന് നിങ്ങളെ കൊണ്ടു വന്ന നിങ്ങളുടെ ദൈവ മായ കർത്താവ് ഞാനാണ് 26, 13

(അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് പുറ 10,2)

ലേവ്യ പുസ്തകത്തിലെ എട്ടു പ്രഖ്യാപനങ്ങളും പുറപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പത്തു പ്രമാണങ്ങളിൽ ആദ്യത്തേതുമായി താരതമ്യം ചെയ്താൽ എല്ലാം ഒരേ ആശയം തന്നെയാണ്. അവതരിപ്പിക്കുന്നതെന്നു വ്യക്തമാക്കു. ഞാനാണ് കർത്താവ് എന്ന ഏറ്റം ഹ്രസ്വമായ പ്രഖ്യാപനവും പുറപ്പാടു സംഭവ ത്തിലേക്കുമ സീനായ് ഉടമ്പടിയിലേക്കുമാണ് ശ്രദ്ധ തിരിക്കുന്നത്. കല്പന നല്കുന്ന കർത്താവ് ആരെന്ന് ജനം അനുഭവത്തിലൂടെ അറിഞ്ഞതാണ്. ഈജിപ്തിൽ നിന്നു നല്കിയ മോചനത്തിന്റെയും

സീനായ് ഉടമ്പടിയുടെയും ഇപ്പോൾ നല്കുന്ന നിയമങ്ങളുടെയും എല്ലാം ലക്ഷ്യം ഒന്നു മാത്രം. അവർ സ്വതന്ത്രരായി തുടരണം. ദൈവ ത്തിന്റെ വിശുദ്ധിയെയും വിശുദ്ധീകരണ പ്രവൃത്തിയെയും കുറിച്ച് സുചിപ്പിക്കുന്ന മൂന്നും നാലും പ്രഖ്യാപനങ്ങൾക്കും ആത്യന്തിക മായി ഇതേ ലക്ഷ്യമാണുള്ളത്.

തടവറകൾ തുറക്കുകയും അടിമച്ചങ്ങല തകർക്കുകയും ചെയ്യുന്ന പരിശുദ്ധനാ. ദൈവം തന്റെ ജനത്തെ വിശുദ്ധികരിക്കുന്ന തിനു വേണ്ടിയാണ് ഇവിടെ വിവരിക്കുന്ന ധാർമ്മിക നിയമങ്ങൾ നല്കിയിരിക്കുന്നത്. വിശുദ്ധനും വിമോചകനും ആയ ദൈവത്തെ ആരാധിക്കുന്ന ജനം തങ്ങളുടെ പരസ്പരബന്ധത്തിൽ വിമോചക നായ ദൈവത്തിന്റെ വിശുദ്ധിക്കു സാക്ഷ്യം വഹിക്കണം. ഇതാണ് അനേകം തവണ ആവർത്തിക്കുന്ന ഈ പ്രഖ്യാപനങ്ങളുടെ ലക്ഷ്യം. മറിച്ചു പ്രവർത്തിച്ചാൽ ദൈവജനം ദൈവത്തിന്റെ വിശുദ്ധ നാമത്തെ അശുദ്ധമാക്കുകയായിരിക്കും ചെയ്യുക. അങ്ങയുടെ നാമം പരിശു ദ്ധമാക്കപ്പെടണം എന്ന കർതൃപ്രാർത്ഥനയിലെ യാചനയ്ക്കും ഈ അർത്ഥമാണുള്ളത്.

ദൈവജനത്തിന്റെ ജീവിതശൈലി ഇതര ജനതകളുടേതിൽ നിന്നു വ്യത്യസ്മായിരിക്കണം എന്ന് 18, 3 ൽ ഉദ്ബോധിപ്പിക്കുന്നു. കർത്താവിന്റെ പ്രമാണങ്ങളും കല്പനകളും മാത്രമായിരിക്കണം ജന ത്തിന് ജീവിതത്ത് വഴികാട്ടി. അവ അനുസരിക്കുന്നവർ അവ മൂലം ജീവിക്കും (18,5) എന്നത് ദൈവത്തിന്റെ പ്രമാണങ്ങൾ അനു സരിക്കുന്നവർക്കു നല്കുന്ന അനുഗ്രഹത്തെ സംബന്ധിച്ച വാഗ്ദാ നമാണ്. വാഗ്ദത്ത ഭൂമിയിൽ സുരക്ഷിതരായി വസിക്കാനും ജീവി തത്തികവിൽ എത്താനും ദൈവകല്പനകൾ അനുസരിച്ചേ മതിയാ വൂ. ദൈവപ്രമാണങ്ങൾ ലംഘിക്കുന്നവർക്ക് എന്തു സംഭവിക്കും എന്ന് 28-ാം വാക്യത്തിൽ താക്കീതു നല്കിയിരിക്കുന്നു. നിയമ ത്തേക്കാൾ കൃപയും നിയമാനുഷ്ഠാനത്തേക്കാൾ വിശ്വാസവും ശ്രേഷ്ഠമാണ് എന്നു പഠിപ്പിക്കുമ്പോൾ വി. പൗലോസ് ഈ വാക്യം ഉദ്ധരിക്കുന്നുണ്ട്. (റോമാ 10,5 ഗലാ 3,12).

## നിഷിദ്ധമായ വിവാഹബന്ധങ്ങൾ 18, 6-18

ലൈംഗികവേഴ്ചകളെയും വിവാഹബന്ധങ്ങളെയും സംബന്ധിച്ച നിയമാവലിയാണ് അടുത്തതായി അവതരിപ്പിക്കുന്നത്. നഗ്നത അനാവൃതമാക്കുക എന്നതിന് ലൈംഗികബന്ധത്തിൽ ഏർപ്പെടുക എന്നതാണ് അർത്ഥം. ചാർച്ചക്കാരുമായി വിവാഹം അരുത് എന്ന് ഒരു ആമുഖം പോലെ 6-ാം വാക്യത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. രക്തബന്ധവും വിവാഹം വഴിയുള്ള ബന്ധുതയും വിവാഹത്തെ നിഷിദ്ധമാക്കുനാന സഹാചാര്യങ്ങൾ 7-18 വാക്യങ്ങളിൽ വിവരിക്കുന്നു.

മാതാപിതാക്കളും മക്കളും തമ്മിലും സഹോദരിസഹോദരന്മാർ തമ്മിലും വിവാഹം നടത്തുന്നതിനെ പുരാതന പേർഷ്യാക്കാർ പ്രോതാസാഹിപ്പിച്ചിരുന്നു. ഈജിപ്തികാരുടെയും കാനാൻകാരുടെയും ചട്ടങ്ങൾ എന്ന് 3-ാം വാക്യത്തിൽ പരാമർശിച്ചതും ഈ ആചാരത്തെക്കുറിച്ചായിരുക്കാം. ഇസ്രായേൽകാകരുടെ ഇടയിൽ ബഹുഭാര്യാത്വം അംഗീകരിക്കപ്പെട്ടിരിന്ന ഒരു സാഹചര്യത്തിൽ നിലവിൽ വന്നതാണ് ഈ നിയമങ്ങൾ. ഇവിടെ വിലക്കിയിരിക്കുന്ന പല ബന്ധങ്ങളെയും പൂർവ്വപിതാക്കന്മാരുടെ കാലത്ത് അംഗീകരിക്കപ്പെട്ടിരുന്നു. അബ്രാഹവും സാറായും (ഉൽപ 20,12) യാക്കോബും ലേയായും റാഹേലും (ഉൽപ്പ 29, 27-28) യൂദായും താമാറും (ഉൽപ 38) റുബെനും ബിൽഹായും (ഉൽപ 35,22, 49,4) അമ്റാമും യോക്കെബെദും (പുറ 6,20) ഉദാഹരണങ്ങളാണ്. ദാവീദിന്റെ മക്കളായ അമ്നോന്റെയും താമാറിന്റെയും കഥയിൽ നിന്ന് അക്കാലത്തും ഈ പ്രമാണങ്ങൾ പ്രചാരത്തിൽ വന്നിരുന്നില്ല എന്നു കാണാം (2 സാമൂ 13,13)

ചാർച്ചക്കാർ തമ്മിലുള്ള വിവാഹബന്ധത്തെ നിയന്ത്രിക്കുന്ന ഈ നിയമങ്ങൾ മനുഷ്യവർഗത്തിന്റെ സുസ്ഥിതിക്കും നിലനില്പിനും അനിവാര്യമാണെന്നും വംശപാരമ്പര്യത്തെ സംബന്ധിക്കുന്ന ആധുനിക ജനിതകശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അടുത്ത രക്ത ബന്ധമുളളവർക്കു ജനിക്കുന്ന കുട്ടികൾ വികലാംഗരും അവികസിതബുദ്ധികളുമായി ത്തീരാൻ സാധ്യത വളരെ കൂടുതലാണെന്ന് ഇന്നു പൊതുവെ ബോധ്യമായിരിക്കുന്നു. ഇവിടെ നിർദ്ദേശിച്ചിരിക്കുന്ന നിയമങ്ങൾ കത്തോലിക്കാ സഭ പൂർണ്ണമായും സ്വീകരിച്ചിട്ടുണ്ട്.

## ലൈംഗിക വൈകൃതം, നരബലി 18, 19–23

വ്യഭിചാരം, സ്വവർഗ്ഗഭോഗം മൃഗങ്ങളുമായുള്ള ലൈംഗികവേഴ്ച മുതലായവയാണ് ഈ വാക്യങ്ങളിൽ വിലക്കിയിരിക്കുന്നത്. അവയ്ക്കു മധ്യേ മോളെക്കിന് അർപ്പിക്കുന്ന നരബലിയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. അമ്മോന്യർ ആരാധിച്ചിരുന്ന ദേവനാണ് മോളെക്ക്. രാജാവ് എന്നർത്ഥമുള്ള മേലെക്ക് എന്ന പദമാണ് ഇവിടെ മോളെക്ക് എന്നു ഉച്ചരിക്കുന്നത്. മില്ക്കോം എന്നും മാലിക് എന്നും ഈ ദേവൻ അറിയപ്പെട്ടിരുന്നു.

ഇസ്രായേൽക്കാർക്കു ചുറ്റുമുള്ള ജനതകൾ തങ്ങളുടെ ദേവന്മാർക്ക് ശിശുക്കളെ ബലിയർപ്പിക്കുക പതിവായിരുന്നു. ഇസ്രായേൽക്കാർ എന്നതാണ് ഈ ആചാരം ഏറെറടുത്തത് എന്നു കൃത്യമായ അറിവില്ല. യൂദാരാജാവായ ആഹാസ് (ബി.സി. 736–716) തന്റെ മകനെ ബലിയർപ്പിച്ചതായി 2രാജാ 16,3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ കാലത്ത് ഇസ്രായേലിൽ നരബലി വളരെയധികം പ്രചാരത്തിലിരുന്നുവെന്ന് 2 രാജാ 17, 17 ൽ നിന്ന് അനുമാനിക്കാം.

ജറുസലെമിന് തൊട്ടടുത്തുള്ള ബെൻഹിന്നോം താഴ് വരയിൽ നരബലി സാധാരണമായിരുന്നു. നഗരത്തിലെ ചപ്പുചവറുകൾ കൂട്ടിയിട്ടു കത്തിക്കുന്ന സ്ഥലമായിരുന്നു ഇത്. ഇവിടെ മേളെക്കിനു ബലിയായി കുഞ്ഞുങ്ങളെ അഗ്നിയിൽ ദഹിപ്പിച്ചിരുന്നു (ജറെ 32, 35) എസെ (20, 31) , ജോസിയാരാജാവ് ഈ ആചാരം നിർത്തലാക്കുകയും ഹിന്നൊം താഴ് വരയിൽ ബലിയർപ്പിച്ചിരുന്ന സ്ഥലമായ തോഫെത്ത് നശിപ്പിക്കുകയും ചെയ്തു (2 രാജാ 23, 10) ഈ സാഹചര്യത്തിലാവാം ഇവിടെ നല്കിയിരിക്കുന്ന നിയമം പ്രാബല്യത്തിൽ വന്നത്.

വിഗ്രഹാരാധനയും നരബലിയും ദൈവനാമത്തെ അശുദ്ധമാക്കുന്ന വൈകൃതങ്ങളാണ്. ദൈവമാ. കർത്താവ് ജീവന്റെ നാഥനാണ്. ജീവൻ സംരക്ഷിച്ചുകൊണ്ടാണ് അവിടുത്തെ ആരാധിക്കേണ്ടത്. അതിനാൽ മനുഷ്യമക്കൾക്കു ജനിച്ചു വളരാൻ ആവശ്യമായ കുടുംബഭദ്രതയെക്കുറിച്ചു പ്രതിപാദിക്കുന്നതിനിടയിൽ അതിനു കടകവിരുദ്ധമായി നില്ക്കുന്ന ആരാധനാഭാസത്തെയും വിലക്കിയി

രിക്കുന്നു. 20, 2ൽ ഇതേ കാര്യം വീണ്ടും പരാമർശിക്കുകയും ഈ കൂറ്റത്തിനു മരണശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ട്.

## താക്കീതുകൾ 18, 24-30

മനുഷ്യന്റെ ഹീനകൃത്യങ്ങൾ ഭൂമിയെ അശുദ്ധമാക്കുമെന്നും അതു വഴി ഭൂമിയിൽ വസിക്കാനുള്ള അവകാശം തന്നെ മനുഷ്യനു നഷ്ടപ്പെടുമെന്നും ഈ താക്കീതുകളിലുടെ അനുസ്മരിപ്പിക്കുന്നു. ആദാമിനും (ഉൽപ, 3, 17) കായേനും (ഉൽ 4,11-12) നല്കിയ ശിക്ഷകൾ ഇവിടെ ആവർത്തിക്കുകയാണ്. കാനാൻകാർ തങ്ങളുടെ വാസസ്ഥലത്തു നിന്നും നിഷ്കാസിതരാവുകയും ഇസ്രായേൽക്കാർക്ക് കാനാനിൽ വാസമുറപ്പിക്കാൻ കഴിയുകയും ചെയ്ത്തിന്റെ ദൈവശാസ്ത്രപരമായ ഒരു വ്യാഖ്യാനവും ഈ വാക്യങ്ങളിൽ കാണാം. കർത്താവിന്റെ പ്രമാണങ്ങൾ അനുസരിച്ച് വിശുദ്ധമായി ജീവിച്ചില്ലെങ്കിൽ തങ്ങൾക്ക് വാഗ്ദത്തഭൂമി നഷ്ടപ്പെടും എന്ന് ഇസ്രായേൽജനത്തിന് താക്കീതു നല്കുകയും ചെയ്യുന്നു.

**വിചിന്തനം:** ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വലിയൊരു ദാനമാണ് സ്ത്രീ പുരുഷ ലൈംഗികത. അതിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ സൃഷ്ടിയുടെ വിവരണങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കെട്ടുറപ്പുള്ള കുടുംബബന്ധങ്ങൾ സ്ഥാപിക്കാനും കുഞ്ഞുങ്ങൾക്കു വളർന്നു വികസിക്കാനും ഇവിടെ നൽകിയിരിക്കുന്ന നിയമങ്ങൾ അനുസരിക്കുക അനിവാര്യമത്രേ. അവ പാലിക്കാത്തതിന്റെ പേരിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും മനുഷ്യ സമൂഹങ്ങൾക്കു തന്നെയും വന്നുഭവിക്കുന്ന വിപത്തുകൾക്ക് ആനുകാലിക സമൂഹം സാക്ഷ്യം വഹിക്കുന്നു. കുടുംബബന്ധങ്ങൾ തകരുമ്പോൾ സംസ്കാരം തന്നെ തകർന്നു വീഴുന്നു. ലൈംഗിക അരാജകത്വം വഴി തകർന്ന സംസ്കാരങ്ങളുടെ ചരിത്രം ആധുനിക മനുഷ്യന് പാഠമായിരിക്കേണ്ടതാണ്.

## 3. സാമൂഹ്യനീതി 19

വിവിധങ്ങളായ നിയമങ്ങളുടെ ഒരു സമാഹാരമാണ് ഈ അധ്യായത്തിൽ അവതരിപ്പിക്കുന്നത്. 'ഞാനാണ് കർത്താവ്' എന്ന പ്രഖ്യാപനം പല വിധത്തിൽ പതിനാലു തവണ ആവർത്തിച്ചുകൊണ്ട്

വ്യത്യസ്ത നിയമങ്ങളെ ഒരു ചരടിൽ എന്ന പോലെ കോർത്തിണക്കിയിരിക്കുന്നു. തങ്ങളെ മോചിപ്പിക്കുകയും ഉടമ്പടിയിലൂടെ തന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കുകയും ചെയ്ത ദൈവമാണ് ഈ കൽപ്പനകൾ നല്കുന്നതെന്ന് ഇസ്രായേൽ ജനത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രഖ്യാപനങ്ങൾ. ഉടമ്പടിയുടെ നിബന്ധകളാണ് ഇവിടെ വിവരിക്കുന്നതെന്നും ഈ കല്പനകൾ അനുസരിച്ചുകൊണ്ട് വിശുദ്ധരായി ജീവിക്കണമെന്നും ഇതിലൂടെ ജനത്തെ ഉദ്ബോധിപ്പിക്കുന്നു. പത്തു പ്രമാണങ്ങളുടെ ഒരു വ്യാഖ്യാനവും വിശദീകരണവുമായി ഈ കല്പനകളെ കരുതാവുന്നതാണ്. പുറപ്പാടു പുസ്തകത്തിലെ പത്തു പ്രമാണങ്ങൾക്കു നല്കിയ വ്യാഖ്യാനങ്ങൾ (തീർത്ഥാടനം 6, പേജ് 22-31) കാണുക.

ദൈവത്തോടും സഹജീവികളോടും ഉണ്ടായിരിക്കേണ്ട ബന്ധമാണ് ഈ നിയമങ്ങളിലെല്ലാം പരാമർശവിഷയമാകുന്നത്. അയൽക്കാരോട്, അതും അവശത അനുഭവിക്കുന്നവരോട് കാണിക്കേണ്ട പ്രത്യേക പരിഗണനയ്ക്ക് ഇവിടെ ഊന്നൽ നല്കുന്നു. സാമൂഹ്യ നീതിയാണ് ഈ നിയമങ്ങളുടെ മുഖ്യലക്ഷ്യം.

കഴിഞ്ഞ അദ്ധ്യായങ്ങളിലെന്ന പോലെ ഇവിടെയും ഇസ്രായേൽ ജനത്തെ മുഴുവനും അറിയിക്കാനുള്ള നിയമങ്ങളാണ് ദൈവം മോശ വഴി നൽകുന്നത് എന്ന് ആമുഖമായി പറഞ്ഞിരിക്കുന്നു. 18,1ൽ 'ഇസ്രായേൽ മക്കൾ' എന്നാണ് ജനത്തെ വിശേഷിപ്പിച്ചത്. ഇവിടെയാകട്ടെ 'ഇസ്രായേൽ സമൂഹം' എന്ന് അവരെ വിളിക്കുന്നു. കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവരുടെ കൂട്ടം അഥവാ 'സഭ' എന്നാണ് സമൂഹം എന്നു വിവർത്തനം ചെയ്യുന്ന 'ഏദാ' എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. ഒറ്റപ്പെട്ട വ്യക്തികൾ മാത്രമല്ല, ജനസമൂഹം ഒന്നടങ്കം ഈ നിയമങ്ങൾ അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നു. നിയമങ്ങളുടെ സാമൂഹികമാനം ഇതിലൂടെ, ആരംഭത്തിൽത്തന്നെ വ്യക്തമാക്കുന്നു.

വിശുദ്ധരായിരിക്കാനുള്ള ആഹ്വാനത്തിനുശേഷം അതിന് ആവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. 3-4 വാക്യങ്ങളിൽ മാതാപിതാക്കന്മാരെ ബഹുമാനിക്കും, സാബത്താചരിക്കുക, വിഗ്രഹങ്ങളെ

ആരാധിക്കാതിരിക്കുക എന്നിങ്ങനെ മൂന്നുകല്പനകൾ നല്കിയിരിക്കുന്നു. പത്തു പ്രമാണങ്ങളിലെ 4,3,1 എന്നീ പ്രമാണങ്ങൾ തന്നെയാണിത് (പുറ 20, 1-13). ഏറ്റം അടിസ്ഥാന സമൂഹമായ കുടുംബത്തിൽ നീതിയും ക്രമവും നിലനിന്നെങ്കിലേ കൂടുതൽ വിപൂലമായ സമൂഹത്തിൽ നീതിയുണ്ടാകൂ. മാതാപിതാക്കന്മാരെ ബഹുമാനിക്കുന്നവർ ജീവനെയും ജീവന്റെ നാഥനായ ദൈവത്തെയും ബഹുമാനുക്കുന്നു. സമാധാനബലിയെക്കുറിച്ച് 5-8 വാക്യങ്ങളിൽ നല്കിയിരിക്കുന്ന നിയമങ്ങൾ ലേവ്യ 3, 1-17, 7. 11-38 ൽ വിശദമായി കണ്ടു കഴിഞ്ഞു. ബലിമാംസം മൂന്നാം ദിവസം ഭക്ഷിക്കുന്നവനെ സമൂഹത്തിൽ നിന്നു പുറത്താക്കണം എന്നു കർശനമായ ശിക്ഷ വിധിച്ചിരിക്കുന്നു, മരണശിക്ഷയ്ക്കു തുല്യമാണിത്.

ദരിദ്രർക്കും അഗതികൾക്കും പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തുന്ന ഒരു കാർഷിക നിയമമാണ് 9-10 വാക്യങ്ങളിൽ നല്കിയിരിക്കുന്നത്. ഭൂമിയിലെ വിഭവങ്ങൾ എല്ലാവര്ക്കുമായി ദൈവം നല്കിയിരിക്കുന്നതാണെന്നും എല്ലാ മനുഷ്യർക്കും ആഹാരം ലഭ്യമാകത്തക്കവിധത്തിൽ അതിനെ കൈകാര്യം ചെയ്യണം എന്നും ഈ നിയമത്തിലുടെ ഉദ്ബോധിപ്പിക്കുന്നു. അത്യാഗ്രഹവും ആർത്തിയുമരുത്. ദരിദ്രരോട് പ്രത്യേക പരിഗണന ഉണ്ടായിരിക്കണം. ലേവ്യ 23, 22ൽ ഈ നിയമം ആവർത്തിക്കുന്നുണ്ട്. നിയ 24,19-22 ൽ ഇതു കൂടുതൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കൊയ്ത്തുകാലത്ത്, വിളവിന്റെ ഒരു ഭാഗം ഫലപുഷ്ടിയുടെ ദേവതകൾക്കായി മാറ്റി വയ്ക്കുന്ന പതിവ് കാനാൻകാരുടെ ഇടയിൽ നിലവിലിരുന്നു. ദേവതകൾക്കല്ല, വിശക്കുന്ന ദരിദ്രർക്കാണ് അത് നല്കേണ്ടത് എന്ന് ഈ നിയമം അനുശാസിക്കുന്നു.

സാമൂഹികനീതിയും സഹോദരസ്നേഹവും ഉറപ്പുവരുത്താൻ ആവശ്യമായ നിയമങ്ങളാണ് 11-18 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. പത്തു പ്രമാണങ്ങളുടെ സ്വാധീനം ഇവിടെയും കാണാം. 11-12 വാക്യങ്ങളിൽ 7,8,1 പ്രമാണങ്ങൾ (പുറ 20, 15-16, 7) ആവർത്തിച്ചിരിക്കുന്നു. സഹോദരങ്ങളോട് അനീതിയായി പ്രവർത്തിക്കുന്നത്. ദൈവനാമത്തെ അശുദ്ധമാക്കും എന്ന് അനുസ്മരിപ്പിക്കുന്നു. 'മോഷ്ടിക്കരുത്' എന്ന കല്പന മുഖ്യമായും മനുഷ്യരെ ബലമായി പിടിച്ചു

കൊണ്ടു പോകുന്നതിനെ സൂചിപ്പിക്കുന്നു. ബലവാൻ ബലഹീനനെ ഉപദ്രവിക്കുകയോ ചൂഷണം ചെയ്യുകയേ അരുത് എന്ന് 13-14 വാക്യങ്ങളിൽ അനുശാസിക്കുന്നു. അന്നത്തെ വരുമാനെ കൊണ്ട് ഉപജീവനം കഴിക്കുന്ന വേലക്കാരന് കൂലികൊടുക്കാൻ വൈകുന്നത് അവനെ കൊല്ലുന്നതിനു തുല്യമാണ് (പ്രഭാ 34, 21-22, യാക്കോ 5, 1-6)

കോടതിയിലെ വ്യവഹാരങ്ങളിൽ എല്ലാവർക്കും തുല്യനീതി ഉറപ്പുവരുത്തണം എന്ന് 15-16 വാക്യങ്ങളിൽ കല്പിച്ചിരിക്കുന്നു. തെറ്റ് ആരി ചെയ്താലും ശിക്ഷിക്കപ്പെടണം. ദരിദ്രനോടുള്ള അനുകമ്പയും ധനികനോടുള്ള ആദരവും നീതിനിർവ്വഹണത്തിനു വിഘാതമാകരുത്. കോടതിയിൽ സാക്ഷികൾ സത്യം മറച്ചുവയ്കികുന്നതും അസത്യം പറയുന്നതും അയല്ക്കാരന്റെ ജീവനെ അപകടത്തിലാക്കും. ഏഷണിയും ഇതേ ഫലം ഉള്ളവാക്കും എന്ന് പ്രത്യേകം അനുസ്മരിപ്പിക്കുന്നു. നീതി നിർവഹണത്തിനുള്ള സംവിധാനങ്ങളുടെ തകർച്ചയ്ക്കെതിരേ പ്രവാചകന്മാർ ശക്തിയായി ശബ്ദമുയർത്തിയിരുന്നു. (ആമേ 2, 6-7, 41-3, 5, 10-12, 6, 12, ഏശ 1, 21-23, 3, 13-14, ജറെ 5, 26-28, മിക്കാ 2, 1-2, 3, 1-4).

നിയമത്തിന്റെ കാതൽ സ്നേഹമാണെന്ന് 18-19 വാക്യങ്ങളിൽ അനുസ്മരിപ്പിക്കുന്നു. നന്മയും തിന്മയും പുറപ്പെടുന്നത് ഹൃദയത്തിൽ നിന്നാണ്. അതിനാൽ 'ഹൃദയം കൊണ്ടു വെറുക്കരുത്' എന്നി പ്രത്യേകം അനുശാസിക്കുന്നു. ബാഹ്യമായ പ്രവർത്തനങ്ങൾ മാത്രമല്ല, ആന്തരികമായ ഭാവങ്ങളും നിയമത്തിന്റെ പരിധിയിൽ വരുന്നു. അയല്ക്കാരന്റെ തെറ്റു ചൂണ്ടു ക്കാണിച്ച് തിരുത്താൻ പ്രേരിപ്പിക്കുന്നത് സ്നേഹത്തിന്റെ പ്രകടനമാണ്. ഇതിൽ അലംഭാവം കാണിക്കുന്നത് കുറ്റകരമാകും (എസെ 33, 8-9) പ്രവാചകരുടെ പ്രസംഗങ്ങൾ അധികപങ്കും ഇപ്രകാരമുള്ള തിരുത്തലുകളായിരുന്നു. ഇതിന്റെ പ്രാധാന്യം യേശുനാഥൻ എടുത്തുകാട്ടുകയുണ്ടായി (മത്താ 18, 15 -17).

അയല്ക്കാരനോടുള്ള ബന്ധത്തെ സംബന്ധിച്ച നിയമങ്ങളുടെ രത്നചുരുക്കമാണ് 'നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും

സ്നേഹിക്കുക എന്ന കല്പന. ദൈവത്തെ സ്നേഹിക്കുക എന്ന കല്പനയോടു തുല്യപ്രധാന്യമുള്ളതാണ്അ ഇതെന്ന് യേശുനാഥനും (മത്താ 22,39) സകല പ്രമാണങ്ങളുടെയും സാരസംഗ്രഹമാണിതെന്ന് വി. പൗലോസും (റോമാ 13, 8-9) പഠിപ്പിച്ചു. സകല മനുഷ്യരെയും ഉൾക്കൊള്ളാൻ മാത്രം വിശാലമായ അർത്ഥത്തിലാണ് 'അയല്ക്കാരൻ' എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എങ്കിലും പില്ക്കാലത്ത് ഇസ്രായേൽ ജനത്തിൽപ്പെട്ടവർ മാത്രമാണ് അയല്ക്കാരൻ എന്നചിന്താഗതി നിലവിൽ വന്നു. ഈ പശ്ചാത്തലത്തിലാണ് നിയമജ്ഞന്റെ ചോദ്യത്തിനു മറുപടിയായി നല്ല സമറിയാക്കാരന്റെ ഉപമ (ലൂക്ക 10, 25-37)യിലൂടെ സഹായം അർഹിക്കുന്നവരെല്ലാം അയല്ക്കാരനാണെന്ന് യേശു പഠിപ്പിച്ചത്. 'മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ' (മത്താ.7, 12) എന്ന കല്പനയിലൂടെ ഈ പ്രമാണത്തിന്റെ പ്രായോഗികവശം അവിടുന്ന് വ്യക്തമാക്കി.

സസ്യങ്ങളെയും മൃഗങ്ങളെയും ഓരോ ഇനത്തിലും വർഗ്ഗത്തിലുംപ്പെട്ടവയായി ദൈവം തന്നെയാണ് സൃഷ്ടിച്ചത്. പ്രകൃതിയിലെ ജൈവവൈവിധ്യം നിലനിർത്താൻ 19-ാം വാക്യത്തിലെ കല്പന അനുശാസിക്കുന്നു. ഓരോ ജീവിയുടെയും ദൈവദത്തമായ സ്വഭാവസവിശേഷതകൾ നിലനിർത്തണം എന്നതാണ് മൃഗങ്ങളെ സംബന്ധിച്ച നിയമത്തിന്റെ ലക്ഷ്യം. പലയിനം വിത്തുകൾ കലർത്തി വിതയ്ക്കുന്നതത് ഭൂമിയുടെ ഫലപുഷ്ടിയെ ബാധിക്കും. ആരോഗ്യപരമായ കാരണങ്ങളാണ് കമ്പിളിയും ചണവും ചേർത്തു വസ്ത്രം നെയ്യരുത് എന്ന കല്പനയ്ക്കു പിന്നിലുള്ളത്.

ഈ നിയമങ്ങളുടെ ലംഘനം, പ്രത്യേകിച്ചും ജൈവപ്രക്രിയയിലുള്ള മനുഷ്യന്റെ കൈകടുത്തൽ ഊഹാതീതമായ ഭവിഷ്യത്തുകൾ വരുത്തിവയ്ക്കും എന്ന് കൃത്രിമമായി നിർമ്മിച്ച രോഗാണുക്കൾ (Biological weapons) ഇന്നു വ്യക്തമാക്കിയിട്ടുണ്ട്.

നിഷിദ്ധമായ ലൈംഗികബന്ധത്തെ കുറിച്ച് 20-22 വാക്യങ്ങളിൽ നല്കിയിരിക്കുന്ന നിയമം അടിമകളായ സ്ത്രീകൾക്കു സംരക്ഷണം നല്കാൻ വേണ്ടിയുള്ളതാണ്. നിയ 22, 22-30 ൽ ഇതിനെ

കുറിച്ചു കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. അടിമത്ത വ്യവ സ്ഥിതിയെ അംഗികരിക്കുകയും സ്ത്രീകൾക്കു രണ്ടാം സ്ഥാനം മാത്രം നല്കുകയും ചെയ്തിരുന്ന ഒരു സംസ്കാരത്തിന്റെ സ്വാധീനം ഈ നിയമത്തിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാലും, അടിമകളും മനു ഷ്യരാണെന്നും അവരുടെ വ്യക്തിത്വത്തെ മാനിക്കണമെന്നും ഈ നിയമം അനുസ്മരിപ്പിക്കുന്നു.

ഫലവൃക്ഷങ്ങളെ സംബന്ധിച്ച് 23-25 വാക്യങ്ങളിൽ നല്കിയി രിക്കുന്ന നിയമങ്ങൾ വളരെ ആരോഗ്യകരമായ ഒരു കാർഷികനയം വെളിവാക്കുന്നു. രക്തത്തെ സംബന്ധിച്ച നിയമം (26) 17-ാം അധ്യാ യത്തിൽ വിവരിച്ചതാണ്. മനുഷ്യബുദ്ധിയിൽ നിന്നു ദൈവം മറച്ചു വച്ചിരിക്കുന്ന ഭാവിയെ സംബന്ധിച്ച രഹസ്യങ്ങൾ കണ്ടെത്താനു ള്ള കുത്സിത ശ്രമങ്ങളാണ് ശകുനം നോക്കലും ആഭിചാരം നടത്ത ലും. ഭാവി അറിയാമുള്ള ശ്രമം, പ്രാർത്ഥനയുടെയും മറ്റ് വരദാനങ്ങ ളുടെയും പശ്ചാത്തലത്തിലാണെങ്കിൽ പോലും ഈ കല്പനയുടെ ലംഘനമാണ്. ഗ്രഹനില നോക്കി കാര്യങ്ങൾ നിശ്ചയിക്കുന്നതും ഇതിൽപ്പെടുന്നു. 31-ാം വാക്യത്തിൽ ഇതു വീണ്ടും വിലക്കിയിരി ക്കുന്നു. 20, 6-7 22ൽ ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് കഠിനശിക്ഷ വിധിച്ചിട്ടുണ്ട്.

27-28 വാക്യങ്ങളിൽ വിലക്കുന്ന പ്രവൃത്തികളെല്ലാം തന്നെ മരിച്ചവരെ കുറിച്ചുള്ള വിലാപവുമായി ബന്ധപ്പെട്ട, കാനാൻകാരുടെ ആചാരങ്ങളാണ്. മരിച്ചവരുടെ ആത്മാക്കൾ പിശാചുക്കളായി മാറി, ജീവിച്ചിരിക്കുന്നവരിൽ പ്രവേശിക്കും എന്നു വിശ്വസിച്ചിരുന്ന അവർ ശരീരത്തിന്റെ ബാഹ്യരൂപത്തിൽ വ്യതിയാനങ്ങൾ വരുത്തി, പിശാ ചുക്കളെ കബളിപ്പിക്കാം എന്നു കരുതിയിരുന്നു. അന്ധവിശ്വ ാസ ങ്ങളെ അകറ്റുകയും ശരീരത്തിന്റെ ആരോഗ്യവും സുസ്ഥിതിയും നില നിറുത്തുകയും ചെയ്യുക ഈ കല്പനയുടെ ലക്ഷ്യമാണ്. 29-ാം വാക്യത്തിൽ വിലക്കുന്ന വേശ്യാവൃത്തി ഉപജീവനത്തിനുവേണ്ടി തിരെഞ്ഞടുക്കുന്ന ഒരു തൊഴിലിനെയും, വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട ലൈംഗിക വൈകൃതത്തെയും സുചിപ്പിക്കുന്നു. മനു ഷ്യന്റെ പാപങ്ങൾ നാടിനെ അശുദ്ധമാകും എന്ന് വീണ്ടും അനു സ്മരിപ്പിക്കുന്നു.

പ്രായം ചെന്നവരോടുള്ള ആദരവി (30) ദൈവത്തിനു തന്നെ നല്കുന്ന ആദരവാണ്. മൂതിർന്ന തലമുറയുടെ അനുഭവജ്ഞാനവും പരിചയസമ്പത്തുമ ഇളം തലമുറയ്ക്കു മാർഗ്ഗദർശകമാകണം. വൃദ്ധരെ നിന്ദിക്കുന്നവർ സ്വയം നിന്ദിതരാകുമ (പ്രഭാ 8,6 ജ്ഞാനം 2, 10-21,2 രാജാ 2,23). 33- 34 വാക്യങ്ങളിൽ പരദേശികൾക്കു നല്കേണ്ട പ്രത്യേക സംരക്ഷണം രക്ഷാചരിത്രത്തിന്റെ വെളിച്ചത്തിൽ നിർദ്ദേ ശിച്ചിരിക്കുന്നു. സ്വദേശി, വിദേശി എന്ന വ്യത്യാസം ഒഴിവാക്കി എല്ലാ വരെയും ഒരുപോലെ സ്നേഹിക്കാൻ ഇവിടെ ആജ്ഞാപിക്കുന്നു. കച്ചവടത്തിൽ പാലിക്കേണ്ട നീതിയാണ്. 35-36 വാക്യങ്ങളിലെ പ്രതി പാദ്യം ഏഫായും ഹിനുമ അളവു പാത്രങ്ങളാണഅ. ഏഫാ 45 ലിറ്റർ, ഹീൻ - 7.5 ലിറ്റർ. തുലാസും കട്ടിയും അളവു പാത്രങ്ങളും പരിശോ ധിക്കാനും നിയന്ത്രിക്കാനും നിയമസംവിധാനങ്ങളില്ലാതിരുന്ന കാലത്ത് സാധാരണക്കാരെ വഞ്ചിച്ചു ലാഭമുണ്ടാക്കാൻ കച്ചവട ക്കാർക്ക് എളുപ്പമായിരുന്നു. ഇതിനെതിരേ ശക്തമായ താക്കീതുകൾ ബൈബിളിൽ ആവർത്തിക്കുന്നുണ്ട്. (നിയ 25, 13-16, ആമോ 8, 5-6, ഹോസി 12, 7, മിക്കാ 6, 11).

ഒരു സമൂഹത്തിലെ ഏറ്റം താഴെക്കിടയിലുള്ളവനു ലഭിക്കുന്ന സംരക്ഷണമാണ് ആ സമൂഹത്തിൽ നിലനില്ക്കുന്ന നീതിയെ അള ക്കാനുള്ള മാനദണ്ഡം. നീതിയുടെ പ്രവർത്തനങ്ങൾ സ്നേഹത്താൽ പ്രചോദിതമാകണം. നിയമം വഴി നിർബന്ധിക്കാൻ കഴിയാത്ത കാര്യ ങ്ങളും കരുണാർദ്രമായ സ്നേഹത്താൽ പ്രേരിതരായി ആവശ്യമ നുഭവിക്കുന്നവർക്കുവേണ്ടി ചെയ്തുകൊടുക്കാൻ ഓരോരുത്തരും തയ്യാറാകണം. ഏതു മാർഗ്ഗമുപയോഗിച്ചും സ്വത്തു സമ്പാദിക്കാനും, കിടമത്സരത്തിലൂടെയും കടുത്ത ചൂഷണത്തിലൂടെയും കരുത്താർജ്ജി ച്ച്, മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കാനും ശ്രമിക്കുന്ന ആധു നിക മനുഷ്യന്റെ മുന്നിൽ സാമൂഹ്യനീതിയെ സംബന്ധിച്ച ഈ നിയ മങ്ങൾ വലിയൊരു വെല്ലുവിളി ഉയർത്തുന്നു. നീതി നിഷ്ഠമായൊരു സംസ്കാരത്തിന് രൂപം നല്കാൻ ഈ നിയമങ്ങൾ അനുസരിച്ചേ മതിയാകൂ.

## 4. വിവിധ ശിക്ഷകൾ 20

18 –19 അധ്യായങ്ങളിൽ നല്കിയിരിക്കുന്ന കല്പനകൾ ലംഘിക്കുന്നവർക്കു നല്കേണ്ട ശിക്ഷാവിധികളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. പതിവായ ആമുഖത്തിനു ശേഷം 2–5 വാക്യങ്ങളിൽ മോളെക്കിനു നരബലിയർപ്പിക്കുന്നവർക്ക് വധശിക്ഷ വിധിച്ചിരിക്കുന്നു. വ്യക്തിയുടെ കുറ്റത്തിന് കുടുംബാംഗങ്ങളും ഉത്തരവാദികളായിരിക്കും എന്ന് 5–ാം വാക്യത്തിൽ എടുത്തു പറയുന്നു. കൂട്ടുത്തരവാദിത്വത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടിന് പ്രവാസാനന്തര കാലത്തു മാറ്റമുണ്ടായി (എസെ 18, 1–4). മന്ത്രവാദികൾക്കും അവരെ അനുഗമിക്കുന്നവർക്കും മാതാപിതാക്കന്മാരെ അധിക്ഷേപിക്കുന്നവർക്കുമുള്ള ശിക്ഷയാണ് 6–9. 27 വാക്യങ്ങളിൽ വിവരിക്കുന്നത്. 'അവരുടെ രക്തം അവരുടെ മേൽ പതിക്കട്ടെ. എന്നതിന് അവരുടെ മരണത്തിന് അവർ തന്നെ ഉത്തരവാദികളായിരിക്കുമ എന്നതാണഅ അർത്ഥം. അവരെ കല്ലെറിഞ്ഞു കൊല്ലുന്നവർക്കു കുററമുണ്ടായിരിക്കുകയില്ല.

18–ാം അധ്യായത്തിൽ വിലക്കിയിരിക്കുന്ന ലൈംഗികവേഴ്ചകൾക്കുള്ള ശിക്ഷകളാണ് 10–21 വാക്യങ്ങളിൽ വിവരിക്കുന്നത്. വാഗ്ദത്തഭൂമിയിൽ വസിക്കാനുള്ള അവകാശം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി കർത്താവിന്റെ കല്പനകൾ കർശനമായി അനുസരിക്കണം എന്ന് 22–26 വാക്യങ്ങളിൽ ഉപദേശിക്കുന്നു. ഇതര ജനതകളിൽ നിന്നു വേർതിരിച്ച്, തന്റെ സ്വന്തം ജനമായി ദൈവം തിരഞ്ഞെടുത്തവരാണ് ഇസ്രായേൽക്കാർ. തങ്ങളുടെ അനുദിനജീവിതത്തിൽ ഈ യഥാർത്ഥ്യം പ്രകടമാക്കാനും തങ്ങളെ തിരഞ്ഞെടുത്ത ദൈവത്തിന്റെ വിശുദ്ധിക്കു സാക്ഷ്യം വഹിക്കാനും അവർ കടപ്പെട്ടിരിക്കുന്നു.

**വിചിന്തനം:** തങ്ങൾക്കു ചുറ്റുമുള്ള ഇതരജനതകളെപ്പോലെ ആകാനുള്ള പ്രലോഭനം ഇസ്രായേലിൽ എക്കാലത്തും ശക്തമായിരുന്നു. ഈ പ്രലോഭനം ഇന്നത്തെ ക്രൈസ്തവർക്കും അനുഭവപ്പെടുന്നുണ്ട്. മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ആധുനിക സമൂഹത്തിൽ, പൊതു ജനാഭിപ്രായത്തെ ധാർമ്മികതയുടെ മാനദണ്ഡമായി സ്വീകരിക്കാതെ, ക്രിസ്തുനാഥന്റെ പ്രമാണങ്ങൾ അനു

സരിച്ചു ജീവിച്ചുകൊണ്ട്, മറ്റുള്ളവർക്കു മാർഗ്ഗദർശികളാകാൻ ക്രിസ്തു ശിഷ്യർ തയ്യാറാകണം. നാട്ടുനടപ്പിനു വിരുദ്ധമായി ഒറ്റയ്ക്കു നട ക്കാനുമ ക്രൈസ്തവർ നിർബന്ധിതരായേക്കും.

## 5. പുരോഹിത വിശുദ്ധി 21-22

ആരാധനാസംബന്ധിമായ നിയമങ്ങളാണ് ഈ രണ്ട് അധ്യാ യങ്ങളിൽ വിവരിക്കുന്നത്. കർത്താവിനു ബലിയർപ്പിക്കാനായി അഭി ഷേകം ചെയ്യപ്പെട്ട പുരോഹിതന്മാർ എപ്രകാരം തങ്ങളെത്തന്നെ വിശുദ്ധരായി കാത്തു സൂക്ഷിക്കണം എന്ന് 21-ാം അധ്യായത്തിലും അർപ്പിക്കപ്പെട്ട ബലിവസ്തു ഭക്ഷിക്കുന്നതിനെ സംബന്ധിച്ച നിയമ ങ്ങൾ 22-ാം അധ്യായത്തിലും വിവരിക്കുന്നു. ഇവിടെ വിവരിക്കുന്ന പലനിയമങ്ങളുടെയും സ്വാധീനം എസെ 44, 20-31 ൽ ദൃശ്യമാണ്.

21, 1-9 എല്ലാ പുരോഹിതന്മാർക്കുമുള്ള നിയമങ്ങളാണ്. അവർ മൃതശരീരത്തെ സ്പർശിച്ച് അശുദ്ധരാകരുത് എന്ന് 1-4 നിർദ്ദേശി ക്കുന്നു. ഇതിന് ചുരുക്കം ചില അപവാദങ്ങൾ അനുവദിച്ചിട്ടുണ്ട്. മരിച്ചവരെക്കുറിച്ചുള്ള വിലാപത്തിന്റെ ബാഹ്യാടയാളങ്ങളാണ് 5-ാം വാക്യത്തിൽ പ്രതിപാദിക്കുന്നതി. 18, 27-28ൽ കണ്ട നിയമവുമായി ഇതിനു സാമ്യമുണ്ട്. കർത്താവിനു ബലിയർപ്പിക്കുന്നു എന്നതിനാൽ പുരോഹിതന്മാർ മറ്റുള്ളവരേക്കാൾ കൂടുതൽ വിശുദ്ധരായിരിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന് 6-9ൽ ഉദ്ബോധിപ്പിക്കുന്നു. അതിനാൽ അയാളുടെ കുടുംബാംഗങ്ങളുടെ പാപവും കൂടുതൽ കർശനമായ നിയമങ്ങളാണ് അയാൾക്കു നല്കിയിരിക്കുന്നത്. അംഗവൈകല്യമോ എന്തെങ്കിലും ത്വക്ക് രോഗമോ ഉള്ള യാതൊരാളും പുരോഹിത ശുശ്രൂ ഷയ്ക്കായി നിയോഗിക്കപ്പെടാൻ പാടില്ല (16-24). ദൈവത്തിന് ബലി യർപ്പിക്കുന്ന മൃഗങ്ങൾ പൂർണ്ണതയുള്ളവ ആയിരിക്കണം എന്നതു പോലെ തന്നെ ബലിയർപ്പിക്കുന്ന പുരോഹിതരും പൂർണ്ണരായിരി ക്കണം എന്ന് ഈ നിയമങ്ങൾ സൂചിപ്പിക്കുന്നു.

ബലിവസ്തുവിൽ നിന്നു തങ്ങൾക്ക് അവകാശപ്പെട്ടവ ഭക്ഷി ക്കാൻ പുരോഹിതന്മാർക്കു തടസ്സമായി നിലക്കുന്ന സാഹചര്യങ്ങൾ 22, 1-9 ൽ വിവരിക്കുന്നു. ബലിവസ്തുവിൽ നിന്ന് പുരോഹിതന്മാ രെല്ലാത്ത ആർക്കെല്ലാം ഭക്ഷിക്കാം എന്ന് 22, 10-16ലും ബലിയർപ്പി

ക്കുന്ന മൃഗങ്ങൾ എപ്രകാരമുള്ളവയായിരിക്കണം എന്ന് 22, 17-18 ലും വിവരിക്കുന്നു. കൃതജ്ഞതാബലിയുടെ മാംസം അന്നു തന്നെ ഭക്ഷിക്കണം എന്ന (29 -30) നിയമം ലേവ്യ 7,15ൽ കണ്ടതാണ്. 22, 31 -33 ഈ ഭാഗത്തിന്റെ ഉപസംഹാരമാണ്. ഈജിപ്തിൽ നിന്നുള്ള മോചനത്തെയും അതിന്റെ ലക്ഷ്യത്തെയും അനുസ്മരിപ്പിച്ചുകൊണ്ട് വിശുദ്ധജീവിതം നയിക്കാൻ പുരോഹിതന്മാരെ പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു.

**വിചിന്തനം:** ശാരീരികവും ബാഹ്യമായ പൂർണ്ണതയാണ് ഇവിടെ പരാമർശവിഷയമാകുന്നതെങ്കിലും ദൈവതിരുമുമ്പിൽ ജനത്തിനു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന പുരോഹിതന്മാർ വിശുദ്ധരായിരിക്കണം എന്ന കല്പനയാണ് ഇതിനു പിന്നിലുള്ളത്. അംഗവൈകല്യത്തെ സംബന്ധിച്ച പല നിയമങ്ങളും ഇന്നും കത്തോലിക്കാസഭയിൽ പ്രചാരത്തിലിരിക്കുന്നു. തങ്ങളുടെ ദൗത്യം കാര്യക്ഷമമായി ജനത്തിന്റെ മുമ്പിൽ നിർവ്വഹിക്കാൻ ആവശ്യമായതിനാലാണ് ഈ നിബന്ധകൾ വച്ചിരിക്കുന്നത്. എന്നാൽ അംഗവൈകല്യവും രോഗങ്ങളും ദൈവശാപമായി ഇന്ന് പരിഗണിക്കപ്പെടുന്നില്ല. വികലാംഗരെ ദൈവശുശ്രൂഷയിൽ നിന്നും ദേവാലയത്തിൽ നിന്നും അകറ്റി നിറുത്തുന്നതിനുപകരം അവരെ കനിവോടെ സ്വീകരിക്കുകയും സുഖപ്പെടുത്തുകയും ചെയ്ത യേശുവിന്റെ പ്രവർത്തനശൈലി ശാരീരികമായ അപൂർണ്ണതകളെ കുറിച്ചുള്ള ദൈവഹിതം വെളിപ്പെടുത്തുന്നു. വെറും അപ്പവും മൃഗങ്ങളുടെ രക്തവും ബലിയർപ്പിക്കുകയും ബലിവസ്തു ഭക്ഷിക്കുകയും ചെയ്ത പുരോഹിതന്മാരിൽ നിന്ന് ഇത്ര കർശനമായ ജീവിതവിശുദ്ധി ആവശ്യപ്പെട്ടിരുന്നെങ്കിൽ യേശു ക്രിസ്തുവിന്റെ ബലി പുനരാവിഷ്ക്കരിക്കുകയും അവിടുത്തെ തിരുശരീരരക്തങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നവർ എത്രയധികം വിശുദ്ധിയിൽ നിലനിൽക്കാൻ കടപ്പെട്ടിരിക്കുന്നു.

## 6. തിരുനാളുകൾ 23

വർഷംതോറും ആചരിക്കേണ്ട തിരുനാളുകളുടെ വിവരണമാണ് 23-ാം അധ്യായത്തിലുള്ളത്. 7-ാം വർഷം ആചരിക്കേണ്ട സാബത്തു വർഷത്തേയും 50-ാം വർഷമായ ജൂബിലി വർഷത്തേയും

സംബന്ധിച്ച നിയമങ്ങൾ 25-ാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. വിഷയ സാമ്യം കൊണ്ട് ഒരുമിച്ചു പോകുന്ന ഈ വിവരണങ്ങൾക്കു മധ്യേ ആരാധനാസംബന്ധമായ ചില നിയമങ്ങൾ ഉൾക്കൊള്ളുന്ന 24-ാം അധ്യായം ഇടയിൽ തിരുകിയതുപോലെ നില്ക്കുന്നു.

ഇസ്രായേൽ ജനത്തിന്റെ ജീവിതത്തിലെ അതിപ്രധാനമായ ഒരു ഘടകമായിരുന്നു തിരുനാളുകൾ. അവയെല്ലാം തന്നെ കാർഷിക ജീവിതവുമായി ബന്ധപ്പെട്ടവയായിരുന്നു. 1,3,7 മാസങ്ങളിലാണ് ഈ തിരുനാളുകൾ ആഘോഷിക്കുക. ഒന്നാം മാസത്തിൽ പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും മൂന്നാം മാസത്തിൽ ആഴ്ച കളുടെ തിരുനാളും ആഘോഷിക്കുന്നു. ഇവ മൂന്നും ധാന്യക്കൊ യ്തുമായി ബന്ധപ്പെട്ടിരുക്കുന്നു. പുതുവത്സരത്തിരുനാൾ, പാപപ രിഹാരദിനം, കൂടാരതിരുനാൾ എന്നിവ ഏഴാം മാസത്തിൽ ആഘോ ഷിക്കുന്നു. പഴവർഗ്ഗങ്ങളുടെ വിളവെടുപ്പിന്റെ കാലമാണിത്. ജീവസ ന്ധാരണത്തിനാവശ്യമായ ആഹാരം നൽകുന്ന ദൈവത്തിനു നന്ദി പറയാനും ലഭിച്ച വിളവിൽ സന്തോഷിക്കാനുള്ള അവസരങ്ങളായി രുന്നു ഈ തിരുനാളുകൾ.

ഇതരജനതയുടെ ഇടയിൽ നിലവിലിരുന്ന കാർഷികോത്സവ ങ്ങൾ സ്വീകരിച്ചപ്പോൾ ഇസ്രയേൽക്കാർ അവയെ രക്ഷാചരിത്രവു മായി ബന്ധിപ്പിച്ചു. തന്നെയുമല്ല. ആഘോഷത്തിന്റെ രീതികളിലും ഗണ്യമായ മാറ്റങ്ങൾ വരുത്തി. ഇവയെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ 23-ാം അദ്ധ്യായത്തിൽ നല്കിയിട്ടുണ്ട്. സമ്പൂർണ്ണവി ശ്രമവും പൊതു സമ്മേളനവും തിരുനാളുകളുടെയെല്ലാം ഒരു പ്രത്യേ കതയാണ്. ആഴ്ചതോറും ആചരിക്കുന്ന സാബത്ത ിനു ം ഈ രണ്ടു ഘടകങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. സ്വത്തു സമ്പാദനത്തിനുള്ള വ്യഗ്രത മനുഷ്യനെ അധ്വാനത്തിനും സമ്പത്തിനും അടിമയാക്കരു തെന്ന് ഈ നിയമങ്ങൾ അനുസ്മരിപ്പിക്കുന്നു. വിശ്രമത്തിനും ഉല്ലാ സത്തിനും മനുഷ്യൻ അവസരം കണ്ടെത്തണം. അതു കർത്താവിന്റെ സന്നിധിയിലുള്ള വിശ്രമവും ആഘോഷവുമായിരിക്കണം.

സമ്പന്ന-ദരിദ്ര വ്യത്യാസമെന്യേ എല്ലാവർക്കും വിശ്രമവും ആഹ്ലാദവും പ്രദാനം ചെയ്യുന്നതായിരിക്കണം തിരുനാളാഘോഷ

ങ്ങൾ എന്ന് പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ദൈവം നല്കിയ മോചനത്തിന്റെ അനുസ്മരണം ഈ ആഘോഷങ്ങളിൽ നിറഞ്ഞുനില്കണം ഉടമ്പടിയുടെ പ്രമാണങ്ങളോടു വിശ്വസ്ത്ത പുലർത്താൻ ഇതു പ്രചോദനം നല്കണം. തങ്ങൾ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്താൽ പ്രത്യേകം തിരെഞ്ഞടുക്കപ്പെട്ട ജനമാണെന്നുള്ള അവബോധ്യം അവരിൽ വളരണം. ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിലും കൂട്ടായ്മയിലും ശക്തിപ്പെടണം. തീർത്ഥാടനം, ബലിയർപ്പണം, പൊതുസമ്മേളനം, ആഹ്ലാദപ്രകടനങ്ങൾ എന്നിവയെല്ലാം തിരുനാളുകളുടെ ഈ പൊതുലക്ഷ്യങ്ങൾ നേടാൻ വേണ്ടിയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

പെസഹാ, പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ എന്നിവയെക്കുറിച്ച് പുറപ്പാടു പുസ്തകത്തിൽ (പുറ 12-13 'തീർത്ഥാടനം' 5, പേജ് 42-49) വിശദമായ കണ്ടു കഴിഞ്ഞു. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുന്ൾ ആദ്യഫലങ്ങളുടെ തിരുനാളുമായി 23, 9 -14ൽ ബന്ധപ്പെടുത്തിയിരുക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്. 23, 26 -32ൽ വിവരിക്കുന്ന പാപപരിഹാരദിനം ലേവ്യ 16-ാം അധ്യായത്തിൽ പഠനവിഷയമായി. മറ്റു തിരുനാളുകളെ കുറിച്ചു തുടർന്നു പ്രതിപാദിക്കുന്നു.

**ആഴ്ചകളുടെ തിരുനാൾ 23, 15-22 (സംഖ്യ 28, 26-31)**

ആദ്യം വിളഞ്ഞു പാകമാകുന്ന ബാർളി കൊയ്യാൻ തുടങ്ങുമ്പോഴാണ് പെസഹായും പുളിപ്പില്ല്ാത്ത അപ്പത്തിന്റെ തിരുനാളും ആഘോഷിക്കുന്നത്. അവസാനം വിളയുന്ന ഗോതമ്പ് കൊയ്ത്തുമായി ബന്ധപ്പെട്ട ആഘോഷിക്കുന്ന തിരുനാൾ ആഴ്ചകളുടെ തിരുനാൾ എന്ന പേരിൽ അറിയപ്പെടുന്നു. പെസഹായ്ക്കു ശേഷം ഏഴാഴ്ച കഴിഞ്ഞ് അമ്പതാം ദിവസം ആഘോഷിക്കുന്നതിനാൽ ഇതിനെ പന്തക്കുസ്താതിരുനാൾ (ഗ്രീക്കിൽ 'പെന്തെക്കോസ്തെ - Pentecoste : 50 -ാം ദിവസം) എന്നും വിളിക്കുന്നു. ഒറ്റദിവസം മാത്രം ദീർഘിക്കുന്നതാണ് ഈ തിരുനാൾ. മറ്റു തിരുനാളുകളിലെല്ലാം പുളിപ്പില്ലാത്ത അപ്പം ബലിയായി അർപ്പിക്കുമ്പോൾ പന്തക്കുസ്താദിനത്തിൽ പുളിപ്പിച്ച മാവുകൊണ്ട് ഉണ്ടാക്കിയ അപ്പമാണ് സമർപ്പിക്കേ

ണ്ടത്. വിളവെടുപ്പിന്റെ ആഘോഷങ്ങൾ കഴിഞ്ഞ് അനുദിനജീവിതത്തിന്റെ ക്ലേശങ്ങളിലേക്ക് വീണ്ടും തിരികെ പോകുന്നു എന്നതിന്റെ സൂചനയാണ്, സാധാരണക്കാരന്റെ ഭക്ഷണമായ പുളിപ്പിച്ച അപ്പം ദൈവത്തിനു കാഴ്ചവയ്ക്കുന്നത്.

ഈജിപ്തിൽ നിന്നു പുറപ്പെട്ടതിന്റെ അമ്പതാം ദിവസമാണ് സീനായ് മലയിലെ ഉടമ്പടി നല്കപ്പെട്ടത് എന്ന വിശ്വാസത്തിൽ പില്ക്കാലത്ത്, യഹൂദരുടെ ഇടയിൽ പെന്തക്കുസ്താ തിരുനാൾ സീനായ് ഉടമ്പടിയുടെ ആഘോഷമായി പരിഗണിക്കപ്പെടാൻ തുടങ്ങി. പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിന്റെ ആഗമനമാണ് പന്തക്കുസ്താതിരുനാളിൽ ആഘോഷിക്കുന്നത്.

**പുതുവത്സരദിനം 23, 23-25**

ഏഴാം മാസം ഒന്നാം ദിവസം ആഘോഷിക്കുന്ന തിരുനാളാണിത്. സംഖ്യ 29, 1-6ൽ ഈ തിരുനാളിനെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഏഴാം മാസത്തിൽ വർഷാരംഭം ആഘോഷിക്കുന്നതിൽ അപാകത തോന്നിയേക്കാം. ഇസ്രായേലിൽ രണ്ടു തരത്തിലുള്ള കാലഗണന നിലവിലിരുന്നു. തിഷ്റി (സെപ്തംബർ - ഒക്ടോബർ) മാസത്തിൽ ശരത്കാലത്ത് - വർഷം ആരംഭിക്കുന്ന കാലഗണനയാണ് ആദ്യം നിലവിലുണ്ടായിരുന്നത്. പില്ക്കാലത്ത് വസന്തത്തിൽ നീസാൻ അഥവാ ആബീബ് (മാർച്ച് - ഏപ്രിൽ) ആദ്യമാസമായി കണക്കാക്കുന്ന രീതി നിലവിൽ വന്നെങ്കിലും ആരാധനക്രമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആദ്യത്തെ പഞ്ചാംഗം നിലനിന്നു. അങ്ങനെ മതാത്കവും ലൌകികവും (liturgical and secular) ആയ രണ്ടു കാല ഗണനകൾ നിലവിലിരുന്നതിനാലാണ് ഏഴാം മാസം ഒന്നാം ദിവസം പുതുവത്സരമായി ആഘോഷിക്കുന്നത്. ഇന്ന് ജനുവരി ഒന്നാം തിയതി വർഷാരംഭം ആചരിക്കുമ്പോഴും ഡിസംബർ ഒന്നാം തിയതി ആരാധാനാവത്സരത്തിന്റെ ആരംഭം ആചരിക്കുന്നതുപോലെയാണിത്.

ആരാധനാവത്സരവും ആഘോഷങ്ങളുടെ കാലഘട്ടവും ആരംഭിക്കുന്ന ഈ ദിവസത്തിന്റെ പ്രാധാന്യം എടുത്തു കാട്ടാൻ വേണ്ടിയാണ് കാഹളം മുഴക്കുന്നത്. സ്രഷ്ടാവും രാജാവുമായി ദൈവത്തോ

വണങ്ങുന്ന യാഹ് വേയുടെ രാജത്വത്തിരുനാളായിരുന്നു. ഇതെന്നു കരുതുന്നവരുമുണ്ട്.

**കൂടാരത്തിരുനാൾ 23, 33-44**

33-36, 39-43 വാക്യങ്ങളിൽ കൂടാരത്തിരുനാളിനെ സംബന്ധിച്ച രണ്ടു വിശദീകരണങ്ങൾ നല്കിയിരുക്കുന്നു. 37-38 തിരുനാളുകളെ സംബന്ധിച്ച വിവരണങ്ങളുടെ ഉപസംഹാരമാണ്. 44-ാാം വാക്യത്തിൽ വീണ്ടും ഒരു ഉപസംഹാരം നല്കിയിരിക്കുന്നു. അതിനാൽ 39-44 പില്ക്കാലത്ത് കൂട്ടി ചേർത്തതാണെന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു

ഒരാഴ്ചത്തേക്ക് കൂടാരങ്ങളിൽ, അഥവാ കുടിലുകളിൽ, വസിച്ചുകൊണ്ട് ആഘോഷിച്ചിരുന്നതിനാലാണ് ഈ പേരു ലഭിച്ചത്. പഴവർഗ്ഗങ്ങളുടെ വിളവെടുപ്പു കഴിഞ്ഞ് ആഘോഷിച്ചിരുന്നതിനാൽ ഇതിനു 'സംഭരണത്തിരുനാൾ' എന്നും കർത്താവിന്റെ ബഹുമാനാർത്ഥം ആഘോഷിച്ചിരുന്നതിനാൽ 'കർത്താവിന്റെ തിരുനാൾ' എന്നും ഇത് അറിയപ്പെടാറുണ്ട്. ആദ്യത്തെ രണ്ടു തിരുനാളുകൾ എന്നതുപോലെ ആരംഭത്തിൽ ഇതും ഒരു കാർഷികോത്സവമായിരുന്നു. മുന്തിരി, ഒലിവ്, അത്തി മുതലായ പഴവർഗ്ഗങ്ങൾ വിളവെടുപ്പിനു പാകമാകുമ്പോൾ കർഷകർ തോട്ടത്തിൽ കുടിലുകളുണ്ടാക്കി കാവൽ കിടക്കുകയും പഴങ്ങൾ ശേഖരിക്കുകയും ചെയ്യും. വിളവെടുപ്പു കഴിയുമ്പോൾ ആ കുടിലുകളിൽത്തന്നെ വച്ച് ആഘോഷങ്ങൾ നടത്തുമ വലിയ ആഹ്ലാദത്തിന്റെ അവസരമായിരുന്നു ഇത്. നൃത്തവും വീഞ്ഞും ഇതിന്റെ ഭാഗമായിരുന്നു (ന്യായാ 21, 19-21)

പില്ക്കാലത്ത് ഇതും രക്ഷാചരിത്രത്തോട് ബന്ധപ്പെട്ട ഒരു തീർത്ഥാടകത്തിരുനാളായിത്തീർന്നു. ആദ്യമാദ്യം പ്രാദേശിക ആരാധനാകേന്ദ്രങ്ങളിലും (1സാമൂ 1, 3) പിന്നീട് ജറുസലെമിൽ മാത്രവുമായി ഈ തിരുനാളാഘോഷം കേന്ദ്രീകരിക്കപ്പെട്ടു. മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ പിതാക്കന്മാർ കൂടാരങ്ങളിൽ വസിച്ചതിന്റെ സ്മരണയ്ക്കായി തീർത്ഥാടകരും നഗരവാസികളും മരച്ചില്ലകളും ഈന്തപ്പനയോലയും കൊണ്ടു തീർത്ത കൂടിലുകളിൽ വസിക്കും. ഈ തിരുനാളിലെ ബലിയർപ്പണത്തെ കുറിച്ച് സംഖ്യ 29, 12-40ൽ

വിവരിച്ചിട്ടുണ്ട്.

പുതിയ നിയമകാലത്തെ ഏറ്റം ആഘോഷപൂർണ്ണമായ തിരുനാളായിരുന്നു കൂടാരതിരുനാൾ മിഷനായിൽ സുക്കോത്ത് (കൂടാരങ്ങൾ) എന്ന അധ്യായത്തിൽ ഇതിനെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഏഴാം മാസം 15-ാം തിയതി മുതൽ 22-ാം തീയതി വരെയാണ് ഈ തിരുനാൾ ആഘോഷിക്കുക. ആരംഭത്തിലും അവസാനത്തിലും സാബത്താചരിക്കും. തീർത്ഥാടകരും നഗരാസികളും ഒരുപോലെ ജറുസലെമിലും പ്രാന്തപ്രദേശങ്ങളിലുമായി ഏഴുദിവസം പ്രത്യേകം തയ്യാറാക്കിയ കുടിലുകളിൽ വസിക്കും. ഭക്ഷണവും രാത്രി വിശ്രമവും ഈ കുടിലുകളിലായിരിക്കും . ആരാധനാസംബന്ധിയായ മൂന്നു പ്രധാന ചടങ്ങളുകളായിരുന്നു. ഈ തിരുനാളിന്റെ പ്രത്യേകതകൾ എ. ജലശുശ്രൂഷ ബി. ദീപശുശ്രൂഷ സി. പ്രഭാതവന്ദനം.

**എ. ജലശുശ്രൂഷ:** വിശുദ്ധവസ്ത്രങ്ങൾ അണിഞ്ഞൊരുങ്ങിയ പുരോഹിതൻ ദേവാലയത്തിൽ നിന്നു പ്രദക്ഷിണമായി വന്ന് ശിലോഹാക്കുളത്തിൽ നിന്നു വെള്ളിക്കലത്തിൽ വെള്ളം നിറച്ച് ദേവലായത്തിലേക്കു മടങ്ങും. ജനം ഈന്തപ്പനയോലയും പച്ചിലക്കമ്പുകളും കൂട്ടി ഒരുമിച്ചു കെട്ടിയുണ്ടാക്കിയ ചെറിയ കറ്റകൾ (ലൂലാബ് -തഹതോവ) - കൈയിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രദക്ഷിണത്തിൽ പങ്കെടുക്കും. പുരോഹിതൻ വെള്ളപ്പാത്രവുമായി ബലിപീഠത്തിന് ഒരു തവണ പ്രദക്ഷിണം വയ്ക്കും. അപ്പോൾ ജനം ലൂബാബ് ഉയർത്തി വീശിക്കൊണ്ട് ഹോഷിയാനാ എന്ന് ആർത്തു വിളിക്കും. 'കർത്താവേ രക്ഷിക്കണേ' എന്നാണ് ഇതിന് അർത്ഥം. ഇതിനാൽ നിന്നാണ് 'ഹോസാനാ' (ഓശാനാ) എന്ന ആർപ്പുവിളിയുണ്ടായത്.

പ്രദക്ഷിണം കഴിഞ്ഞ് പുരോഹിതൻ രണ്ടു വെള്ളിക്കിണ്ടികളെടുത്ത്, ഒന്നിൽ ജലവും മറ്റതിൽ വീഞ്ഞും ഒരുമിച്ച് ബലിപീഠത്തിന്റെ പടികൾ കയറി മുകളിലെത്തിയശേഷം വെള്ളവും വീഞ്ഞും ഒരുമിച്ച് ബലിപീഠത്തിന്റെ ചുവട്ടിലേക്ക് ഒഴിക്കും. മഴയ്ക്കു വേണ്ടിയുള്ള ഒരു പ്രാർത്ഥനാശുശ്രൂഷയായി ഇതു കരുതപ്പെട്ടിരുന്നു. ഏഴു ദിവസം ഇതേ കർമ്മം ആവർത്തിക്കും. എട്ടാം ദിവസം പ്രധാനപുരോഹിതനാണ് ഈ കർമ്മങ്ങൾ നിർവ്വഹിക്കുന്നത്. പൊൻ കല

ത്തിലാണ് ശിലോഹായിൽ നിന്നു വെള്ളം കോരി തലയിൽ ചുമന്നു കൊണ്ടുവരുക. പ്രധാന പുരോഹിതൻ ബലിപീഠത്തിന് ഏഴുതവണ പ്രദക്ഷിണം വയ്ക്കുമ്പോൾ ജനം ലൂലാബ് ഉയർത്തി വീശുകയും ഏഴാം തവണ അതു നിലത്തടിക്കുകയും ചെയ്യും.

**ബി. ദീപശുശ്രൂഷ:** മെനോറാ എന്നറിയപ്പെടുന്ന ഏഴു ശാഖകളുള്ള വലിയ നാലു വിളക്കുകൾ ദേവാലയാങ്കണത്തിൽ സ്ഥാപിക്കും. പുരോഹിതന്മാരുടെ പഴകിയ വസ്ത്രങ്ങൾ കീറിയെടുത്താണ് വിളക്കിനു തിരിയുണ്ടാക്കുക. തിരുനാളിന്റെ ഏഴു രാത്രികളിലും കത്തി നില്ക്കുന്ന ഈ ദീപങ്ങളുടെ ചുറ്റും പുരോഹികന്മാർ നൃത്തം ചെയ്യും. ലേവായർ ആരോഹണകീർത്തനങ്ങൾ എന്നറിയപ്പെടുന്ന 120-134 സങ്കീർത്തനങ്ങൾ പാടും. സ്ത്രീകൾക്കായി വേർതിരിച്ചിരുന്ന അങ്കണത്തിൽ നിന്ന് ഇസ്രായേൽ പുരുഷന്മാർക്കായുള്ള അങ്കണത്തിലേക്കു 15 പടികളുടെ നടയുണ്ട്. ഓരോ പടിക്കും ഓരോ കീർത്തനം എന്ന ക്രമത്തിലാണ് ഈ സങ്കീർത്തനങ്ങൾ പാടുന്നത്. ജനം ഗാനത്തിലും നൃത്തത്തിലും പങ്കുചേർന്ന് ആഹ്ലാദിക്കും.

**സി. പ്രഭാതവന്ദനം:** കോഴി കൂവുമ്പോൾ പുരോഹിതന്മാരും ജനവും പട്ടണത്തിന്റെ കിഴക്കേ വാതില്ക്കലെക്കു പോകും. പ്രഭാതം പൊട്ടി വിടരുമ്പോൾ കാർമ്മികൻ ജനത്തിന് അഭിമുഖമായി നിന്നു കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കും. 'നമ്മുടെ പിതാക്കന്മാർ ഇവിടെ ആയിരുന്നപ്പോൾ കിഴക്കോട്ടു തിരിഞ്ഞു നിന്ന് സൂര്യനെ ആരാധിച്ചിരുന്നു. നാമാകട്ടെ കർത്താവിന്റെ നേരെ ദൃഷ്ടി തിരിക്കുന്നു.

യോഹന്നാന്റെ സുവിശേഷം 7-ാം അധ്യായത്തിൽ വിവരിക്കുന്നത് ഈ തിരുനാൾ കർമ്മങ്ങളാണ്. മഹാദിനം (യോഹ 7, 37) എന്നു വിശേഷിപ്പിക്കുന്നത് എട്ടാം ദിവസമാണ്. ജീവജലത്തെ കുറിച്ചും പ്രകാശത്തെക്കുറിച്ചും യേശു പഠിപ്പിച്ചത് ഈ തിരുനാൾ കർമ്മങ്ങളുടെ വെളിച്ചത്തിൽ സുഗ്രാഹ്യമാകുന്നു. യേശു ജറുസലെമിലേക്ക് ആഘോഷമായി പ്രവേശിച്ചപ്പോൾ ജനം കുരുത്തോലയും പിച്ചലക്കമ്പുക്കളും ഉയർത്തി വീശിയതും 'ഓശാനാ' എന്ന് ആർത്തു വിളിച്ചതും ഈ കർമ്മങ്ങളുടെ പശ്ചാത്തലത്തിലാണ്. ദൈവം ജനത്തിന് രക്ഷകനായി അയച്ച രാജാവാണ് യേശു എന്ന് അവർ ഉറക്കെ

പ്രാഘോഷിക്കുകയായിരുന്നു. വിചിന്തനം: നമുക്ക് ഇവിടെ സ്ഥിരമായ വാസസ്ഥലമില്ലെന്നും ഭൂമിയിൽ നാം തീർത്ഥാടകർ മാത്രമാണെന്നും ഈ തിരുനാൾ കർമ്മങ്ങൾ അനുസ്മരിപ്പിക്കുന്നു. ജീവന്റെ നിലനില്പിന് അത്യാവശ്യമായ ജലവുമ പ്രകാശവും ദൈവത്തിന്റെ ദാനമാണെന്നും ഇതിലുടെ ഏറ്റു പറയുന്നു. യേശുവാണ് ലോകത്തിന്റെ പ്രകാശം. അവിടുന്നു നല്കിയ പരിശുദ്ധാത്മാവാണ് ജീവജലത്തിന്റെ അരുവി.

## 7. ചില നിയമങ്ങൾ 24

നാലു വ്യത്യസ്ത നിയമങ്ങളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. 1-4 വാക്യങ്ങളിൽ നല്കിയിരിക്കുന്ന ദേവാലയദീപത്തെ സംബന്ധിച്ച നിയമങ്ങൾ പുറ 25, 31-40 ൽ കണ്ടു കഴിഞ്ഞു (ബൈബിൾ തീർത്ഥാടനം 6, പേജ് 64). 5-9 വാക്യങ്ങളിലെ തിരുസാന്നിദ്ധ്യഅപ്പത്തെക്കുറിച്ച് പുറ 25, 23-30ൽ കണ്ടതാണ് (ബൈ. തീ. 6, 63 -64) തിരുനാമത്തെ ദുഷിച്ചവനു നല്കിയ ശിക്ഷ  വിവരിച്ചു കൊണ്ട് 10-16 വാക്യങ്ങളിൽ ദൈവദൂഷണം വിലക്കുകയും കഠിനമായ ശിക്ഷ കല്പിക്കുകയും ചെയ്യുന്നു 17-23 വാക്യങ്ങളിൽ വിവരിക്കുന്ന പ്രതികാരത്തെ സംബന്ധിച്ച നിയമം പുറ 21, 12-27 ൽ കണ്ടു കഴിഞ്ഞു (ബൈ. തീ. 6, 35). ശിക്ഷിക്കപ്പെടും എന്ന ഭയം കൂടാതെ ആരും അയല്ക്കാരനെ ദ്രോഹിക്കാതിരിക്കാൻ സഹായിക്കുന്നതോടൊപ്പം ഈ നിയമം പ്രതികാരത്തിനു പരിധി നിശ്ചയിക്കുകയും ചെയ്യുന്നു.

## 8. വിശുദ്ധ വത്സരങ്ങൾ 25

ആഴ്ചതോറുമുള്ള സാബത്താചരണം ദൈവവാരാധനയ്ക്കും മനുഷ്യർക്കു വിശ്രമത്തിനും വേണ്ടി ഉദ്ദേശിച്ചുള്ളതാണ്. അതിനു സമാനമായി കൃഷി ഭൂമിക്കു വിശ്രമം നല്കാനുള്ള അവസരങ്ങളാണ് സാബത്തു വർഷം ജൂബിലി വർഷവും.

**എ. സാബത്തു വർഷം 25, 1-7** ഓരോ ഏഴാം വർഷവും സാബത്തു വർഷമായി ആചരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. ഇതിനെ കുറിച്ച് പുറ 21, 2-6, 23, 10-11 ൽ പ്രതിപാദിച്ചിട്ടുണ്ട്. (ബൈ. തീ. 6, 38) നിയ 15, 1-18 സാബത്തു വർഷത്തെ കടം ഇളവു ചെയ്തു

കൊടുക്കാനും അടിമകൾക്കു മോചനം നല്കാനുളള വർഷമായി വിശേഷിപ്പിച്ചിട്ടുണ്ട്. ഇസ്രായേലിന്റെ പഞ്ചാംഗത്തിൽ ഒരു നിശ്ചിത വർഷം സാബത്തു വർഷമായി മാറ്റി വച്ചിരുന്നു എന്ന് നിയമാവർത്ത നത്തിലെ നിയമങ്ങളിൽ നിന്നു കാണാം.

ഭൂമിയുടെ ഫലപുഷ്ടി വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള ഒരു കാർഷികനയമായിട്ടാണ് സാബത്തു വർഷം ആരംഭിച്ചത്. പില്ക്കാ ലത്ത് അത് ദേശത്തെ ദരിദ്രർക്കു പ്രത്യേക സംരക്ഷണം നല്കാനു ള്ള ഒരു സാമൂഹിക നിയമമായി വിശദീകരിക്കപ്പെട്ടു. സാബത്തു വർഷത്തിൽ കൃഷി ചെയ്യുകയോ വിളവു ശേഖരിക്കുകയോ ചെയ്യാൻ അനുവാദമുണ്ടായിരുന്നില്ല. താനേ വളരുന്നത് അനുദിനാവശ്യ ങ്ങൾക്കായി ശേഖരിക്കാൻ ദേശത്തുള്ള സകലർക്കും അവകാശമു ണ്ടായിരുന്നു.

തികച്ചും ആദർശപരമായ ഈ നിയമം കാനാൻ കുടിയേറ്റ ത്തിന്റെ ആരംഭം തൊട്ടേ നിലവിലിരുന്നെങ്കിലും അതു പൂർണ്ണമായി പ്രാവർത്തികമായിരുന്നില്ല എന്നു ബൈബിളിൽ ത്തന്നെ പലേടത്തും സൂചിപ്പിക്കുന്നുണ്ട്. (ലേവ്യ 26, 34-35, ജറെ 34, 14) പ്രവാസത്തിനു ശേഷം ഈ നിയമം കർശനമായി നടപ്പിലാക്കാനുള്ള ശ്രമങ്ങളുണ്ടാ യി. (നെഹെ 10, 31). ബി.സി. രണ്ടാം നൂറ്റാണ്ടിൽ ഈ നിയമം പ്രാബ ല്യത്തിലിരുന്നതായി കാണാം (1മക്ക 6, 49 -53).

**ബി. ജൂബിലി വർഷം 25, 8-55** ഇസ്രായേൽ സമൂഹത്തിൽ എല്ലാവർക്കും സാമ്പത്തിക സമത്വവും സാമൂഹ്യനീതിയും ഉറപ്പുവ രുത്താൻ വേണ്ടിയുള്ള മറ്റൊരു നിയമ സംവിധാനമാണ് ഓരോ 50 -ാം വർഷവും ആഘോഷിക്കുന്ന ജൂബിലി വർഷം. ഏഴു സാബത്തു വർഷങ്ങൾക്കു ശേഷം വരുന്ന വർഷമാണ് ഇത്. ഏഴാമത്തെ സാബത്തു വർഷം തന്നെയോ. അതേ അതിനു തൊട്ടു പിന്നാലെ വരുന്ന വർഷമോ എന്ന കാര്യത്തിൽ തർക്കമുണ്ട്. ഇസ്രായേൽക്കാർ വർഷങ്ങൾ കണക്കുകൂട്ടുന്നതിന്റെ പ്രത്യേകത പരിഗണിച്ച്, ഏഴാ മത്തെ സാബത്തു വർഷമാണ് ജൂബിലി വർഷം എന്ന അഭിപ്രായം ഇന്നു പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

കാഹളം എന്നർത്ഥമുള്ള ജോബേൽ എന്ന ഹീബ്രുനാമത്തിൽ

നിന്നാണ് ജൂബിലി എന്ന പേരുണ്ടായത്. ദേശത്തു മുഴുവൻ കാഹളം മുഴക്കി പ്രഖ്യാപിക്കുന്ന വർഷമായതിനാൽ ഈ പേരു ലഭിച്ചു. സാബത്തു വർഷത്തിലെന്നതുപോലെ ദേശം തരിശായി ഇടാനും കടം ഇളവു ചെയ്യാനും അടിമകൾക്കു മോചനം നല്കാനും ജൂബിലി വർഷത്തിലും കടമയുണ്ട്. അതിനു പുറമേ, ഭൂമി ആദ്യ ഉടമയ്ക്കു തിരിച്ചു കൊടുക്കണം എന്നതാണ് ഈ വർഷത്തിന്റെ പ്രത്യേകത. ഇതിനെ കുറിച്ച് ലേവ്യ 27, 17-24; സംഖ്യ 36, 4 എന്നീ ഭാഗങ്ങളിൽ വീണ്ടും പരാമർശിക്കുന്നുണ്ട്. ജൂബിലി വർഷത്തിന്റെ പ്രത്യേകതകൾ വിവരിച്ചതിനു ശേഷം (25, 8-17) ആ നിയമങ്ങൾ അനുസരിക്കാൻ പ്രേരിപ്പിക്കുന്ന അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു (25, 18-22). അടിമകളാക്കപ്പെട്ട വ്യക്തികളെയും അന്യാധീനപ്പെട്ടുപോയ ഭൂമിയെയും വീണ്ടെടുക്കുന്നതിനെ സംബന്ധിച്ച നിയമങ്ങൾ 23 -55 വാക്യങ്ങളിൽ നല്കിയിരിക്കുന്നു.

23-ാം വാക്യത്തിൽ അവതരിപ്പിക്കുന്ന ഭൂമിയെ സംബന്ധിച്ച കാഴ്ചപ്പാട് തുടർന്നു വിവരിക്കുന്ന വീണ്ടെടുപ്പിനെക്കുറിച്ചുള്ള സകല നിയമങ്ങൾക്കും അടിസ്ഥാനമായി നിലകൊള്ളുന്നു. ഭൂമിയുടെമേൽ മനുഷ്യന് ഉപയോഗാവകാശം മാത്രമേയുള്ളു. ദൈവത്തിന്റെ മണ്ണിലെ കുടികിടപ്പുകാരനാണ് മനുഷ്യൻ. അതിനാൽ മണ്ണ് വിലക്കാനോ വാങ്ങാൻ അവന് അവകാശമില്ല. എല്ലാവർക്കും വേണ്ടി സൃഷ്ടിച്ച ഭൂമി ദൈവം തന്നെ ഓരോ ജനതകൾക്കും കുടുംബങ്ങൾക്കുമായി വീതിച്ചു കൊടുത്തിരിക്കുന്നു എന്ന കാഴ്ചപ്പാടാണ് ഈ വാക്യത്തിലുള്ളത് പൈകൃതമായി കിട്ടിയ മണ്ണിന്റെ ഉപയോഗാവകാശം മാത്രമേ വില്ക്കാൻ ഒരുവന് അവകാശമുള്ളു. കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്ന വിളവിന്റെ മൂല്യമാണ് വിലയായി നിശ്ചയിക്കുന്നത്. മണ്ണിനു വില  നിർണ്ണയിക്കാനാവില്ല.

വെളിമ്പ്രദേശത്തുംഗ്രാമങ്ങളിലുമുള്ള കൃഷി ഭൂമിയെയും മതിലുകെട്ടിയ പട്ടണങ്ങളിലെ വാസസ്ഥലത്തെയും സംബന്ധിച്ച് വ്യത്യസ്ത നിയമങ്ങൾ 24-31 വാക്യങ്ങളിൽ നല്കിയിരിക്കുന്നു. മാറിവന്ന സാഹചര്യങ്ങൾക്കനുയോജ്യമായ വിധത്തിൽ ആദ്യനിയമത്തിനു വരുത്തിയ പരിഷ്കാരമാണിത്. 32-34ൽ ലേവ്യരുടെ അവകാശത്തെ സംബന്ധിച്ചും 35-38ൽ ദരിദ്രരായ സഹോദരങ്ങളെ സംബ

ഡിച്ചുമുള്ള പ്രത്യേകനിയമങ്ങൾ നല്കിയിരിക്കുന്നു. ദരിദ്രനോട് പലിശ ഈടാക്കുകയോ ഭക്ഷണസാധനങ്ങൾ വിറ്റ് ലാഭമുണ്ടാക്കുകയോ അരുതെന്ന് കർശനമായി വിലക്കുന്നു. അടിമയായി വില്ക്കപ്പെടുന്നവരെ കുറിച്ച് 39-46ൽ പ്രതിപാദിക്കുന്നു. ഇസ്രായേൽക്കാരൻ മറ്റൊരു ഇസ്രായേല്യനെ ഒരിക്കലും അടിമയാക്കരുത്. അവനെ കൂലിക്കാരനായി കരുതി വേതനം നൽകണം. എന്നാൽ, ഇതര ജനതകളിൽപ്പെട്ടവരെ അടിമയാക്കാം എന്നും ഇവിടെ നിർദ്ദേശിക്കുന്നുണ്ട്.

ഇസ്രായേൽക്കാരൻ ഒരു പരദേശിക്കു സ്വയം വിറ്റാൽ ഉണ്ടാകുന്ന സാഹചര്യത്തെകുറിച്ചു 47-55ൽ പ്രതിപാദിക്കുന്നു. അവനെ ചാർച്ചക്കാരന് വീണ്ടെടുക്കാം, അല്ലെങ്കിൽ സ്വയം വീണ്ടെടുക്കുകയും ആവാം. ഭൂമിയുടെ വില നിശ്ചയിക്കുന്നതുപോലെ തന്നെ, ജൂബിലി വർഷം വരെയുള്ള കാലത്ത് അയാളുടെ വേലയ്ക്കു ലഭിക്കാവുന്ന കൂലി ആയിരിക്കും വില.

നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു ദൈവത്തിനു സ്വീകാര്യമായ മോചനവർഷം പ്രഖ്യാപിച്ചത്. (ലൂക്കാ 4, 18-19) ജൂബിലി വർഷത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കാനാവും, എല്ലാ ബന്ധനങ്ങളിൽ നിന്നും കടബാധ്യതകളിൽ നിന്നും മോചനം നല്കാനാണ് ദൈവം തന്നെ അഭിഷേകം ചെയ്ത് അയച്ചിരിക്കുന്നത് എന്ന് ഈ പ്രഖ്യാപനത്തിലുടെ അവിടുന്ന് വെളിപ്പെടുത്തി. തുടർന്നുള്ള വാക്കും പ്രവൃത്തിയും വഴി അത് ഒരു യാഥാർത്ഥ്യമാക്കി മാറ്റുകയും ചെയ്തു.

**വിചിന്തനം:** സാമ്പത്തിക സമത്വവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനുള്ള ദൈവനിശ്ചിതമായ സംവിധാനങ്ങളായിരുന്നു സാബത്തും ജൂബിലിയും. ഒരു പരിധിയിൽ കവിഞ്ഞ് ആരും ധനികനോ ദരിദ്രനോ ആകാതരിക്കാനുംം ആവശ്യമായവ എല്ലാവർക്കും ലഭ്യമാക്കാനും ഇതിലുടെ കഴിയുമായിരുന്നു. തിരുനാളാഘോഷങ്ങൾക്കും ഈ സാമൂഹികമാനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ ദൈവത്തോടുള്ള വിശ്വസ്തതയും സഹോദരനോടുള്ള കടപ്പാടും മറന്ന് സമ്പന്നർക്കു തങ്ങളുടെ പ്രൗഢി പ്രകടിപ്പിക്കാനും വിനോദങ്ങളിൽ ഏർപ്പെടാനുമുള്ള അവസരങ്ങളായി തിരുനാളുകൾ

അധ:പ്പതിച്ചു. ഈ സാഹചര്യത്തിലാണ് പ്രവാചകന്മാർ വഴി കർത്താവു തിരുനാളാഘോഷങ്ങൾക്കെതിരേ ശക്തമായ താക്കീതുകൾ നല്കിയത് (ഏശ 1, 13-14; ആമോ 5, 21).

ഇന്നത്തെ തിരുനാളാഘോഷങ്ങളും 'ജൂബിലി' ആഘോഷങ്ങളും ഈ പ്രവാചക വചനങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തേണ്ടതുണ്ട്. പ്രൗഢി പ്രകടിപ്പിച്ച് പ്രശസ്തി പിടിച്ചു പറ്റാൻ വേണ്ടി പതിനായിരങ്ങളും ലക്ഷ്യങ്ങളും മുടക്കി പെരുന്നാളുകളും ജൂബിലുകളും ആഘോഷിക്കുന്നവർ, ആ തുക ദരിദ്ര സഹോദരങ്ങൾക്ക് ആഹാരം, വസ്ത്രം, പാർപ്പിടം, വൈദ്യസഹായം മുതലായ അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ചിലവഴിച്ചിരുന്നങ്കിൽ ഈ ആഘോഷങ്ങൾ കൂടുതൽ അർത്ഥവത്തും വചനാധിഷ്ഠിതവും ആകുമായിരുന്നു.

## 9. അനുഗ്രഹങ്ങളും ശിക്ഷകളും 26

കർത്താവിന്റെ കല്പനകൾ അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും ലംഘിച്ചാൽ ഉണ്ടാകുന്ന ശിക്ഷകളും വിവരിച്ചുകൊണ്ടാണ് ലേവ്യപുസ്തകം സമാപിക്കുന്നത്. 'ഉടമ്പടിയുടെ നിയമസംഹിത' യുടെ അവസാനത്തിൽ ഇപ്രകാരമുള്ള അനുഗ്രഹങ്ങൾ വിവരിച്ചിട്ടുണ്ട്. (പുറ 23, 20-32). നിയമാവർത്താപുസ്തകത്തിന്റെ അവസാനത്തിലും (നിയമ 28) ഇതുപോലുള്ള അനുഗ്രഹങ്ങളും ശിക്ഷകളും വിവരിച്ചിരിക്കുന്നു. അനുഗ്രഹങ്ങളും ശാപങ്ങളും കൊണ്ട് ഉടമ്പടി ഉറപ്പിക്കുക മധ്യപൗരസ്ത്യ ദേശത്തു പതിവായിരുന്നു. ഉടമ്പടിയുടെ നിബന്ധനകളോടു വിശ്വസ്ത്ത പാലിക്കാൻ പ്രേരിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഒറ്റപ്പെട്ട വ്യക്തികളും ജനസമൂഹം ഒന്നടങ്കവും ഇവിടെ വിശ്വസ്തയ്ക്കായി ക്ഷണിക്കപ്പെടുന്നു. വ്യക്തികളുടെയും സമൂഹത്തിന്റെതന്നെയും ജീവനും നിലനില്പും കർത്താവിനോടുള്ള വിശ്വസ്തതയെ ആശ്രയിച്ചിരിക്കുന്നു. എസെക്കിയേൽ പ്രവാചകന്റെ പ്രസംഗങ്ങളും നിയമാവർത്തനപുസ്തകത്തിലെ പ്രസംഗശൈലിയോടും ഇതിനു വളരെ സാമ്യമുണ്ട് (ഉദാ: എസെ 34; 36; നിയാ 30, 15-20).

വിഗ്രഹാരാധന വിലക്കുകയും സാബത്താചരിക്കാൻ കല്പി

ക്കുകയും ചെയ്യുന്നു 1-2 വാക്യങ്ങൾ ആമുഖവും 46-ാം വാക്യം ലേവ്യ പുസ്തകത്തിന്റെ തന്നെ ഉപസംഹാരവുമാണ്. ഇവയ്ക്കു മധ്യേ അനുഗ്രഹങ്ങളും (3-13) ശിക്ഷകളും (14-39) വാഗ്ദാനങ്ങളും (40-45) രേഖപ്പെടുത്തിയിരിക്കുന്നു. 1-ാം വാക്യത്തിൽ വിലക്കുന്ന സ്തംഭങ്ങളും കൊത്തിയ കല്ലുകളും ആരാധനയ്ക്കായി സ്ഥാപിക്കുന്ന വിഗ്രഹങ്ങൾ തന്നെയാണ്.

**എ. അനുഗ്രഹങ്ങൾ 26, 3-13.** സമൃദ്ധി, സമാധാനം സുരക്ഷിതത്വം, സന്താനപുഷ്ടി എന്നിവയാണ് നിയമങ്ങൾ അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ. കറ്റമെതിക്കയ്ക്കലും പഴം ശേഖരിയ്ക്കലും ഏറെ കാലത്തേക്കു നീണ്ടു നിലക്കും എന്ന് 5-ാം വാക്യത്തിൽ പറയുന്നത് കാർഷികരംഗത്തുണ്ടാകുന്ന അത്ഭുതാവഹമായ സമൃദ്ധിയെ സൂചിപ്പിക്കുന്ന അതിശയോക്തിയാണ്. അനുഗ്രഹങ്ങളെല്ലാം ഭൗതിക തലത്തിലുള്ളവയത്രെ. ഇത് പല തെറ്റിദ്ധാരണകൾക്കും വഴി തെളിച്ചേക്കാം. സമ്പത്തും ആരോഗ്യവും ദീർഘായുസ്സും എല്ലാം ദൈവാനുഗ്രഹത്തിന്റെ അടയാളമാണെന്നും ഇവയുടെ അഭാവം ദൈവശാപമാണെന്നുള്ള ചിന്താഗതി ഇന്നും കുറെയൊക്കെ നിലവിലുണ്ട്. ഇപ്രകാരമുള്ള തെറ്റായ വ്യാഖ്യാനത്തെയാണ് ജോബിന്റെ പുസ്തകം ചോദ്യം ചെയ്യുന്നത്.

രണ്ടു കാര്യങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 1. മരണാനന്തരജീവിതത്തെ കുറിച്ചുള്ള അറിവ് നല്കപ്പെടുന്നതിനുമുമ്പ് നിലവിലിരുന്ന വിശ്വാസമാണിത്. യേശു ക്രിസ്തുവിന്റെ ഉത്ഥാനത്തിലുടെ ലഭിച്ച ദൈവിക വെളിപാടിൽ എത്തുന്നതിനു മുമ്പുള്ള ചിത്രമായതിനാൽ നന്മതിന്മകൾക്കുള്ള സമ്മാനവും ശിക്ഷയും ഈ ഭൂമിയിൽ വച്ചു തന്നെ നല്കപ്പെടുന്നു എന്ന കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിക്കുന്നത്. 2. ഒറ്റപ്പെട്ട വ്യക്തികളെക്കാളിപരിയായി ഒരു ജനതയെ മുഴുവൻ മുന്നിൽ കണ്ടുകൊണ്ടാണ് ഈ വാഗ്ദാനങ്ങളും താക്കീതുകളും നല്കുന്നത്. ദേശത്ത് സമാധാനവും സമൃദ്ധിയും ഉണ്ടാകാൻ ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിച്ചേ മതിയാകൂ എന്ന് അനുസ്മരിപ്പിക്കുകയാണ്. ഇതിന്റെ മുഖ്യ ലക്ഷ്യം.

ദൈവം നല്കുന്ന ഏറ്റം വലിയ അനുഗ്രഹം അവിടുത്തെ സാമീ

പ്യവും സാന്നിധ്യവുമാണെന്ന് 11-12 വാക്യങ്ങളിൽ പ്രത്യേകം എടുത്തു പറയുന്നു (പുറ 33, 12-17), ദൈവത്തിന്റെ ജനമായിരിക്കു കയും അവിടുത്തെ സന്നിധിയിൽ വസിക്കുകയും ചെയ്യുന്നത് ഏത് ഭൗതികാനുഗ്രഹത്തെയുംകാൾ വിലപ്പെട്ടതാണ്. മരണത്തിനും അപ്പു റത്തേക്ക് പ്രതീക്ഷയുടെ പ്രകാശം പരത്താൻ കഴിവുള്ള ഒരു വാഗ്ദാ നമാണിത്. യുഗാന്തോന്മുഖമായ ഈ പ്രതീക്ഷ നല്കിക്കൊണ്ടാ ണല്ലോ പുതിയ നിയമം അവസാനിക്കുന്നത്. (വെളി 21, 1-4). ദൈവം നല്കിയ സ്വാതന്ത്ര്യം അനുഭവിക്കാനും അത് വീണ്ടും ആർക്കും അടിയറവയ്ക്കാതിരിക്കാനും നിയമങ്ങൾ അനുസരിക്കുക ആവശ്യ മാണെന്ന് 13-ാം വാക്യത്തിൽ വീണ്ടും അനുസ്മരിപ്പിക്കുന്നു.

**ബി. ശിക്ഷകൾ 26, 14-34** ഒന്നിനൊന്നു കൂടുതൽ രൂക്ഷമാ കുന്ന അനേകം ശിക്ഷകൾ ഈ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. ഈജിപ്തുകാരെ ബാധിച്ച മഹാമാരികളോട് ഇവയ്ക്കു സാമ്യമുണ്ട്. ജറുസലെമിന്റെ നാശത്തിലും തുടർന്നുണ്ടായ ബാബിലോൺ പ്രവാ സത്തിലും ഈ ശിക്ഷകൾ എല്ലാംതന്നെ ഒരു യാഥാർത്ഥ്യമായി ത്തീർന്നു 'ഇതെല്ലാമായിട്ടും എന്റെ വാക്ക് കേൾക്കുന്നില്ലെങ്കിൽ' എന്ന പല്ലവി (14.18.23.27) കൂടുതൽ കൂടുതൽ കഠിനമായ ശിക്ഷ കൾക്കു തുടക്കം കുറിക്കുന്നു.

അനുസരണത്തിന് അനുഗ്രഹം വാഗ്ദാനം ചെയ്ത എല്ലാ മേഖ ലകളിലും അനുസരണക്കേടിന് ശിക്ഷയുണ്ടാകുമെന്ന താക്കീതാ ണ് ഇവിടെയുള്ളത്. കൊടിയ വരൾച്ച, ക്ഷാമം, വന്യമൃഗങ്ങളുടെ ആക്രമണം, പകർച്ചവ്യാധി, യുദ്ധം തുടങ്ങിയവ ശിക്ഷകളായി അവ തരിപ്പിച്ചിരിക്കുന്നു. ശിക്ഷയുടെ വിവരണം വളരെ കൂടുതൽ ദീർഘ മാണ്; ശിക്ഷകൾ കൂടുതൽ കഠിനവും. ഒരു തുള്ളി മഴയോ മഞ്ഞോ പെയ്യാത, കഠിനമായ ചൂടിൽ ഭൂമി വരണ്ടു പോകുന്നതിനെയാണ് 'ആകാശം ഇരുമ്പുപോലെയും ഭൂമി പിത്തളപോലെയും ആക്കും' എന്ന 19-ാം വാക്യത്തിലെ പ്രസ്താവന സൂചിപ്പിക്കുന്നത്. ഏഴ് പൂർണ്ണ തയെ സൂചിപ്പിക്കുന്ന സംഖ്യ ആയതിനാൽ 'ഏഴിരട്ടി' ഏറ്റം കഠിന മാണ്. 'പത്തു സ്ത്രീകൾ ഒരടുപ്പിൽ പാകം ചെയ്യും' എന്ന പ്രസ്താ വന (26, 26) രൂക്ഷമായ ക്ഷാമത്തെ സൂചിപ്പിക്കുന്നു. ഒരടുപ്പിൽ പാകം ചെയ്യാനുള്ള വകയേ പത്തു കുടുംബങ്ങൾക്കു ലഭിക്കൂ. പുത്രീ -

പുത്രന്മാരുടെ മാംസം ഭക്ഷിക്കുന്നതും (26, 29) ക്ഷാമത്തിന്റെ കാഠിന്യം എത്രയെന്നു വ്യക്തമാക്കുന്നു (വിലാ 2, 20).

30-ാം വാക്യത്തിൽ 'വിഗ്രഹങ്ങൾ വെട്ടി വീഴ്ത്തും' എന്ന താക്കീതു നല്കിയിരിക്കുന്നു. 'വിഗ്രഹങ്ങൾ' എന്നത് 'ധൂപപീഠങ്ങൾ' എന്നും വിവർത്തനം ചെയ്യാവുന്നതാണ്. അന്യദേവന്മാർക്കു ബലി യർപ്പിക്കുന്ന വേദികളാണ് 'പൂജാഗിരികൾ', 'ജഡവിഗ്രഹങ്ങൾ' എന്ന പ്രയോഗത്തിന് ജീവനില്ലാത്ത ബിംബങ്ങൾ എന്നാണ് അർത്ഥം 'ഹൃദയം കൊണ്ട് ഞാൻ നിങ്ങളെ വെറുക്കും' എന്ന മുന്നറിയിപ്പ് രക്ഷാചരിത്രത്തിന്റെയും, പ്രത്യേകിച്ച് ഉടമ്പടിയുടെയും പശ്ചാത്ത ലത്തിൽ മനസ്സിലാക്കണം.

35-35 വാക്യങ്ങളിൽ ദേശത്തിന്റെ സാബത്തിനെ കുറിച്ചു പ്രതി പാദിക്കുന്നു. സാബത്തു വർഷവും ജൂബിലി വർഷവും കർത്താ വിന്റെ കല്പനപ്രകാരം ആചരിക്കാൻ വിസമ്മതിച്ചാൽ, കർത്താവു തന്നെ ദേശം വിജനമാക്കുകയും അങ്ങിനെ ദേശത്തിനു വിശ്രമം നല്കുകയും ചെയ്യും എന്ന് സൂചിപ്പിക്കുന്നു. 43-ാം വാക്യത്തിൽ ഇതേ താക്കീത് ആവർത്തിച്ചിട്ടുണ്ട്.

**സി. വാഗ്ദാനം 26, 40-45** പാപികളുടെ നാശമല്ല, മാനസാന്ത രമാണ് ശിക്ഷകൾ ലക്ഷ്യം വയ്ക്കുന്നതെന്ന് ഈ വാക്യങ്ങളിലൂടെ പഠിപ്പിക്കുന്നു. പ്രവാസികളായി കഴിയുന്ന ജനത്തിനു നല്കുന്ന ഉപ ദേശം പോലെയാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. തങ്ങൾക്കനു ഭവിക്കേണ്ടി വന്ന വലിയ ശിക്ഷകളുടെ കാരണം അനുസ്മരിപ്പിച്ചു കൊണ്ട് ജനത്തെ മാനസാന്തരപ്പെട്ട്, കർത്താവിലേക്കു തിരിയാൻ പ്രേരിപ്പിക്കുകയാണ് ഈ വാഗ്ദാനങ്ങളുടെ ലക്ഷ്യം. 'കർത്താവിന്റെ വെറുപ്പ്' ശാശ്വതമല്ലെന്നും, പിതാക്കന്മാർക്കു നല്കിയ വാഗ്ദാനവും അവരുമായി ചെയ്ത ഉടമ്പടിയും അവിടുന്ന് ഒരിക്കലും ലംഘിക്കു കയില്ലെന്നും, ശിക്ഷയിലൂടേ ശുദ്ധീകരിച്ച് അവരെ വീണ്ടും തന്റെ സ്നേഹം സ്വീകരിക്കാൻ പ്രാപ്തരാക്കുമെന്നും ഉറപ്പു നല്കുന്നു.

**വിചിന്തനം:** തന്റെ ജനം നീതിയും കാരുണ്യവും വിശ്വസ്ത തയും പാലിക്കുകയും, ജീവനെ ആദരിക്കുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനായി അവിടുന്ന് നല്കിയിരിക്കുന്ന

നിയമങ്ങൾ ലംഘിച്ചാൽ ഉണ്ടാകുന്ന ദോഷഫലങ്ങളാണ് ഇവിടെ ശിക്ഷയായി അവതരിപ്പിക്കുന്നത്. ജീവിതത്തിന്റെ അടിത്തറയായ ദൈവികനിയമങ്ങൾ ലംഘിക്കുന്നവർ സ്വന്തം ശവക്കുഴി തോണ്ടുക യായിരിക്കുകയും ചെയ്യുക. അനീതി അക്രമത്തിനു വഴിയൊരുക്കും. സ്വാർത്ഥത സാഹോദര്യത്തെ നശിപ്പിക്കും. ധനമോഹം വിനാശം വിതയ്ക്കും. കടിഞ്ഞാണില്ലാത്ത ലൈംഗികത കുടുംബഭദ്രതയെ തകർക്കും; വ്യക്തികളെ രോഗികളാക്കും; സംസ്കാരത്തിന്റെ തന്നെ അന്ത്യം കുറിക്കും. ഇതെല്ലാം ചരിത്രത്തിൽ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നു.

## 10. നേർച്ചകൾ 27

ദൈവത്തിനർപ്പിക്കേണ്ട ബലികളുടെ വിവരണത്തോടെയാണ് ലേവ്യ പുസ്തകം ആരംഭിച്ചത്. അവിടുത്തേയ്ക്കു നേർച്ചയായി നല്കുന്ന കാഴ്ചകളെ കുറിച്ചു പ്രതിപാദിച്ചു കൊണ്ട് പുസ്തകം സമാപിക്കുന്നു. വിവിധങ്ങളായ സാഹചര്യങ്ങളിൽ നേർച്ചകൾ നേരുക എല്ലാ മതങ്ങളിലും തന്നെ പതിവാണ്. എന്തെങ്കിലും പ്രത്യേക കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി നേരുന്ന നേർച്ചക ളുണ്ട്. ദൈവത്തോടുള്ള സ്നേഹവും നന്ദിയും പ്രകടിപ്പിക്കാൻ വേണ്ടി നേരുന്നവയുമുണ്ട് ക്രൈസ്തവരുടെ ഇടയിലും നേർച്ചകൾ സാധാരണമാണല്ലോ.

നേർച്ചകളെ കുറിച്ചു ബൈബിളിൽ വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. നേർച്ച നേരണമെന്ന് ഒരു നിർബന്ധവുമില്ല, നിയമം അനുശാസിക്കുന്നതിനു പുറമേ, സ്വതന്ത്രമനസ്സോടെ ദൈവത്തോടു ചെയ്യുന്ന വാഗ്ദാനമാണ് നേർച്ച. എന്നാൽ നേർന്നു കഴിഞ്ഞാൽ അതു പാലിക്കാൻ കർശനമായ ബാധ്യതയുണ്ട് (നിയ 23, 21-23; സുഭാ 20, 25; സഭാ 5, 4 -6). എന്നാലും നേർച്ച നേരുക ഇസ്രാ യേൽക്കാരുടെ ഇടയിൽ പതിവായിരുന്നു. വ്യക്തികൾ, മൃഗങ്ങൾ, വീടുകൾ, വയലുകൾ തുടങ്ങിയവയെല്ലാം കർത്താവിനു നേർച്ച യായി സമർപ്പിക്കാറുണ്ട്. സമർപ്പിച്ചു കവിഞ്ഞാൽ അതു പൂർണ്ണ മായും ദൈവത്തിനുള്ളതാണ്. അവയെ പണം കൊടുത്തു തിരിച്ചെ ടുക്കാനുള്ള നിബന്ധനകളാണ് ഈ അധ്യായത്തിൽ വിവരിക്കുന്ന

ത്.

നേർച്ചയായി സമർപ്പിച്ച വ്യക്തകളെ തിരിച്ചെടുക്കുന്നതിനെ കുറിച്ച് 1-8 വാക്യങ്ങളിൽ പ്രതിപാദിക്കുന്നു. ദൈവശുശ്രൂഷയ്ക്കായി തന്റെ മകനെ നേർന്ന ഹന്നായുടെയും (1സാമൂ 1, 11. 22-28), യുദ്ധത്തിൽ വിജയത്തിനു വേണ്ടി നേർന്ന ജെഫ്തായുടെയും (ന്യായാ 11, 30-40) നേർച്ചകൾ ഉദാഹരണങ്ങളാണ്. ഹന്നായുടെ മകൻ സാമുവേൽ ദേവാലയത്തിൽ ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ടു; ജെഫ്തായുടെ മകൾ ബലിയായും, നരബലി നിഷിദ്ധമാവുകയും ദേവാലയ ശുശ്രൂഷയ്ക്കായി ലേവ്യർ നിശ്ചയിക്കപ്പെടുകയും ചെയ്തപ്പോൾ നേർച്ച നേർന്നവരെ തിരിച്ചെടുക്കുക ആവശ്യമായി വന്നു. അതിനുള്ള പ്രത്യേക നിരക്കുകളാണ് ഇവിടെ വിവരിക്കുന്നത്. അധ്വാനശേഷിയെ ആസ്പദമാക്കി പുരുഷന്മാർക്കുമ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വൃദ്ധർക്കും വില നിശ്ചയിച്ചിരിക്കുന്നു. ഇവിടെയും ദരിദ്രർക്കു പ്രത്യേക പരിഗണന അനുവദിച്ചിട്ടുണ്ട്. വിലയായി പുരോഹിതനെ ഏല്പിക്കുന്ന തുക ദേവാലയത്തിന്റെ നടത്തിപ്പിനു വേണ്ടിയാണ് ഉപയോഗിക്കുക.

മൃഗങ്ങൾ (9-13, 26-27), ഭവനം (14-15), നിലം (16-25) മുതലായവ വീണ്ടെടുക്കാനുള്ള നിയമങ്ങൾ തുടർന്നു നിർദ്ദേശിച്ചിരിക്കുന്നു. സംശയമുള്ള സാഹചര്യങ്ങളിൽ മൂല്യനിർണ്ണയത്തിനുള്ള അവകാശം പുരോഹിതന്റേതാണ്. നേർച്ച നേർന്നവയെ വീണ്ടെടുക്കുമ്പോൾ വിലയുടെ 20% പിഴയായും കൊടുക്കണം. വീണ്ടെടുപ്പ് അസാധ്യമാകുന്ന നേർച്ചകളെ കുറിച്ച് 28-19 വാക്യങ്ങളിൽ പ്രതിപാദിക്കുന്നു. ഇതിനെ ഹറം (herem) എന്നു വിളിക്കുന്നു. ഇതു രണ്ടു തരമുണ്ട്. കർത്താവിനു പ്രീതികരമായതിനാൽ അവിടുത്തേക്കു കാഴ്ചയായി സമർപ്പിക്കുന്നതാണ് ഒന്ന്. അവിടുന്ന് വെറുക്കുന്നതിനാൽ നശിപ്പിക്കാനായി മാറ്റി വയ്ക്കുന്നതാണ് രണ്ടാമത്തേത് (ജോഷ്വാ 6, 17-18; 10-26; 1 സാമു 15, 3). ദശാംശത്തെ സംബന്ധിച്ച നിയമമാണ് അവസാനമായി (30, 33) വിവരിക്കുന്നത്. ഇതു നേർച്ചയല്ല, കർത്താവിന് അവകാശപ്പെട്ടതാണ്. എന്നാലും വീണ്ടെടുപ്പ് അനുവദിച്ചിട്ടുള്ളതിനാൽ ഈ കൂട്ടത്തിൽ ചേർത്തിരിക്കുന്നു. 'ഇസ്രായേൽ ജനത്തിനുവേണ്ടി സീനായ് മലമുകളിൽ വച്ച് കർത്താവ് മോശയ്ക്കു

നല്കിയ കല്പനകളാണ് ഇവ' എന്ന 34-ാം വാക്യം ഈ അധ്യായത്തിന്റെ മാത്രമല്ല, ലേവ്യപുസ്തകത്തിന്റെ മുഴുവൻ സ്വഭാവം വ്യക്തമാക്കുന്ന ഉപസംഹാരമാണ്.

**വിചിന്തനം:** കാര്യസാധ്യത്തിനായി നേർച്ച നേരുന്നതിനെ ബൈബിൾ വിലക്കുന്നില്ല. എന്നാൽ അതിൽ കച്ചവട മനോഭാവം കടന്നു കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പ്രാർത്ഥനയുടെ ഭാഗമായിട്ടാണ് നേർച്ചകൾ നേരുന്നത്. കർത്താവിനോടു മുട്ടിപ്പായി അപേക്ഷിക്കുമ്പോഴും 'എന്റെ ഹിതമല്ല, അങ്ങയുടെ ഹിതം നിറവേറട്ടെ' (ലൂക്കാ 22, 42) എന്നു പ്രാർത്ഥിച്ച യേശുവിന്റെ മനോഭാവം നമുക്ക് ഉണ്ടായിരിക്കണം. മാത്രമല്ല, ഭക്തജനങ്ങളിൽ അന്ധവിശ്വാസം വളർത്തി, ധനം സമ്പാദിക്കാനുള്ള ചില ആരാധനാ കേന്ദ്രങ്ങളുടെ പ്രവണത തീർത്തും ഒഴിവാക്കേണ്ടതാണ്.

വസ്തുക്കളെ നേരുന്നതിനേക്കാൾ പ്രധാനപ്പെട്ടതാണ് വ്യക്തികളെ നേരുന്നത്. മക്കളെ ദൈവ ശുശ്രൂഷയ്ക്കായി നേരുന്ന മാതാപിതാക്കളുണ്ട്. ഇതു മക്കളുടെ വ്യക്തി സ്വാതന്ത്ര്യത്തിനു വിഘാതമായി ത്തീരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതേ സമയം, മാമ്മോദീസായിലുടെ മക്കളെ ദൈവത്തിനു സമർപ്പിക്കുക, അവരെ വിശ്വാസത്തിലും ഭക്തിയിലും നീതിബോധത്തിലും വളർത്തുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക, ദൈവം തന്റെ ശുശ്രൂഷയ്ക്കായി പ്രേത്യകവിധം തിരെഞ്ഞടുത്താൽ വിട്ടുകൊടുക്കാൻ തയ്യാറാവുക ഇതെല്ലാം മാതാപിതാക്കന്മാരുടെ വിശുദ്ധമായ കടമയാണ്.

മറ്റുള്ളവരെ നേരുന്നതിനേക്കാൾ പ്രധാനമാണ് സ്വയം ദൈവത്തിനു സമർപ്പിക്കാനായി നേരുന്നത്. ഇതിനെ നേർച്ച എന്നതിനേക്കാൾ വ്രതം എന്നാണ് വിളിക്കുക. ആയുഷ്ക്കാലം മുഴുവനായോ (സാംസൺ, സാമുവേൽ) ഒരു പ്രത്യേക കാലയളവിലേക്കു മാത്രമായോ (അപ്പ 21, 23-24) സ്വയം സമർപ്പിക്കുന്നതായിരുന്നു നാസീർ വ്രതം. ഇന്നു മാമ്മോദീസാ സ്വീകരിക്കുന്ന ഓരോ വ്യക്തിയും വ്രതത്തിലുടെ പൂർണ്ണമായും ദൈവത്തിനു സ്വയം സമർപ്പിക്കുന്നു. ഇതിന്റെ തന്നെ കൂടുതൽ ബോധപൂർവ്വവും തീക്ഷമവുമായ രൂപമാണല്ലോ സന്യാസവ്രതം. വ്രതം ചെയ്യാൻ ദൈവം ആരെയും നിർബ

ന്ധിക്കുന്നില്ല. എന്നാൽ എടുത്ത വ്രതം പരിപൂർണ്ണ വിശ്വസ്തതയോടെ പാലിക്കാൻ കടമയുണ്ട്. ദൈവത്തിന്റെ പരമാധികാരം ഏറ്റു പറയുകയും അവിടുത്തേയ്ക്കു സ്വയം അടിയറ വയ്ക്കുകയുമാണ് നേർച്ചകളും വ്രതങ്ങളും വഴി നാം ചെയ്യുക. ഇതിനു നമ്മെ പ്രാപ്തരാക്കുകയാണ് ലേവ്യ പുസ്തകത്തിലെ മുഴുവൻ നിയമങ്ങളുടെയും ലക്ഷ്യം.

## ചോദ്യങ്ങൾ

1. 'വിശുദ്ധിയുടെ നിയമസംഹിത' എന്ന് ഏതു ബൈബിൾ ഭാഗത്തെയാണ് വിശേഷിപ്പിക്കുന്നത്? എന്തുകൊണ്ട്?

2. രക്തം ഭക്ഷിക്കരുത് എന്ന കല്പനയുടെ ഉദ്ദേശ്യമെന്ത്?

3. ലൈംഗിക ബന്ധങ്ങളെ കുറിച്ചുള്ള നിയമങ്ങളുടെ ലക്ഷ്യമെന്ത്? ഇന്ന് അവയ്ക്കു എന്തു പ്രസക്തിയുണ്ട്?

4. സാമൂഹ്യനീതി ഉറപ്പുവരുത്താൻ വേണ്ടി എന്തെല്ലാം നിയമങ്ങളാണ് ഈ അധ്യായങ്ങളിൽ നല്കിയിരിക്കുന്നത്?

5. 'ഞാനാണ് കർത്താവ്' എന്ന പ്രഖ്യാപനത്തിന്റെ അർത്ഥമെന്ത്? ഇതിൻരെ വിവിധ രൂപങ്ങൾ എടുത്തു കാട്ടി വിശദീകരിക്കുക.

6. പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് എന്തു പാഠമാണ് ഈ അധ്യായങ്ങളിൽ നിന്നു ലഭിക്കുന്നത്?

7. ഇസ്രായേൽ ജനം ആഘോഷിച്ചിരുന്ന പ്രധാന തിരുനാളുകൾ ഏവ? എന്താണ് തിരുനാളാഘോഷത്തിന്റെ ലക്ഷ്യം? പ്രവാചകന്മാർ തിരുനാളുകൾക്കെതിരേ ശബ്ദമുയർത്താൻ കാരണമെന്ത്?

8. എന്താണ് ജൂബിലി വർഷത്തിന്റെ പ്രത്യേകതകൾ? ജൂബിലിയാഘോഷത്തിന് ഇന്നി എന്തു പ്രസക്തിയുണ്ട്?

9. അനുഗ്രഹങ്ങളുടെയും ശിക്ഷകളുടെയും അർത്ഥവും ലക്ഷ്യവും വിശദീകരിക്കുക?

10. എന്താണ് നേർച്ച? നേർച്ചയും വ്രതവും തമ്മിലുള്ള ബന്ധമെന്ത്? വിശദീകരിക്കുക.

**ചർച്ചയ്ക്ക് :**

'വിശുദ്ധരായിരിക്കുവിൻ' എന്ന കല്പനയുടെ അർത്ഥമെന്ത്? ഏതെല്ലാം ജീവിത മേഖലകളെയാണ് ഈ കല്പന സ്പർശിക്കുന്നത്? വിശുദ്ധരായിരിക്കാൻ ഇനിയും എന്തു ചെയ്യണം?

**പ്രാർത്ഥന :** പരിശുദ്ധനായ ദൈവമേ, വിശുദ്ധിയുടെ മാർഗ്ഗങ്ങൾ എന്നെ പഠിപ്പിക്കേണമേ. അംതിലൂടെ ചരിക്കാൻ എന്നെ ശക്തിപ്പെടുത്തണമേ.

..................................